# അറിവോരം

ISSN 2582-2764

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 05/2020 | ഒക്ടോബർ 2020 | തിരുവനന്തപുരം | പേജ് 20 | വില 10 രൂപ







» 12 സർഗ്ഗാത്മക സംവാദവുമായി ഇരുപതാം സമ്മേളനം **അവിശ്വാസപ്രമേയം തള്ളി**

» 11 **സർഫാസി** – ഋണബാധിതർക്ക് ആശ്വാസമേകി അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട്

» 20 മഹാമാരിക്കു നടുവിലും ജനക്ഷേമവും വികസനവും ഉറപ്പുവരുത്തി **നവകേരളത്തിലേക്ക്**

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

## പുതിയ ഇന്ത്യ; മതം മതേതരത്വം

**പി. ശ്രീരാമകൃഷ്ണൻ, നിയമസഭാ സ്പീക്കർ**



ഇന്ത്യ എന്ന് പറയുമ്പോൾ ഏതെങ്കിലും ഒരു ദേശസ്വത്വത്തെയോ ഭാഷാസ്വത്വത്തെയോ മതസ്വത്വത്തെയോ മാത്രമായി ഓർക്കാനോ അടയാളപ്പെടുത്താനോ നമുക്കാകില്ല. ഇന്ത്യയെ മറ്റു രാജ്യങ്ങളിൽ നിന്ന് വ്യതിരിക്തമാക്കുന്നത് അതിന്റെ ബഹുസ്വരതയാണ്. 'നാനാത്വത്തിൽ ഏകത്വം' എന്നത് നാം ഇന്ത്യക്കാർ എത്രകാലമായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രയോഗമാണ്. ഭാഷാപരമായും മതപരമായും പ്രാദേശികമായും എല്ലാമുള്ള നമ്മുടെ സ്വത്വങ്ങളെ അതിവർത്തിക്കുന്ന ഒരു ഐക്യബോധം ഇവിടെയുണ്ട്. അതുകൊണ്ടാണ് അങ്ങ് കാശ്മീരിലുള്ള ആഭ്യന്തരപ്രശ്നങ്ങളിൽപ്പോലും ഇങ്ങേ അറ്റത്തുള്ള ഒരു മലയാളിയുടെയോ തമിഴന്റെയോ മനസ്സ് അസ്വസ്ഥമാകുന്നത്. ആ ഐക്യബോധം ദേശീയപ്രസ്ഥാനങ്ങളിലൂടെയും ഗാന്ധിജിയെപ്പോലുള്ള മഹാരഥന്മാരുടെ ആശയപ്രചരണങ്ങളിലൂടെയും പടുത്തുയർത്തപ്പെട്ടതാണ്, ഇന്ത്യ എന്നത് അങ്ങനെ വേരുറപ്പിച്ചെടുത്ത ഒരു സങ്കല്പമാണ്.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിക്ക് ഇന്ത്യയെ സംബന്ധിച്ച സങ്കല്പങ്ങളെല്ലാം ദിവ്യമാണ്. സ്വരാജിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് എല്ലാ അർത്ഥത്തിലുമുള്ള സ്വയംഭരണാധികാരമാണത് എന്നാണ്. അത് ഓരോ ഇന്ത്യക്കാരനും എല്ലാ നിയന്ത്രണങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുമ്പോൾ മാത്രം സാധ്യമാവുന്നതത്രേ. ഗാന്ധിജി തന്റെ സ്വരാജ് സങ്കല്പത്തെ മോക്ഷത്തിനു തുല്യമായിട്ടാണ് കല്പിച്ചത്. തന്റെ രാമരാജ്യസങ്കല്പത്തെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം പറയുന്നത് ദശരഥപുത്രനായ രാമനോ ചരിത്രത്തിലെ രാമനോ അല്ല തന്റെ രാമൻ എന്നാണ്. തനിക്ക് രാമൻ സത്യത്തിന്റെയും ധർമ്മത്തിന്റെയും പ്രതിരൂപമാണ്. ബ്രാഹ്മണനെതിരെ പരാതിയുമായി വന്ന നായയ്ക്കുകൂടി നീതിയുറപ്പാക്കുന്ന സമത്വസുന്ദരമായ ഒരു രാജ്യമാണ് അദ്ദേഹത്തിന്റെ രാമരാജ്യം. അദ്ദേഹത്തിന് ദൈവവും മതവുമെല്ലാം മൂല്യങ്ങളായിരുന്നു. ആ ദർശനം അന്യമായിക്കൊണ്ടിരിക്കുന്ന കാലത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മതത്തെ സ്ഥാപനമായി കാണുന്നവർക്ക് ഗാന്ധി വധ്യനാകുന്നു. ഗാന്ധിയെ വധിച്ചയാൾ ആരാധ്യപുരുഷനാകുന്നു. ഗാന്ധിജി രാഷ്ട്രപിതാവായിരിക്കെത്തന്നെ അദ്ദേഹത്തെ വധിച്ച നാഥുറാം ഗോഡ്സേ, അപകടകരമാം വിധം ആരാധിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. ഗ്വാളിയോറിലെ ഹിന്ദു മഹാസഭയുടെ വക്താക്കൾ ഗോഡ്സേയുടെ വിഗ്രഹം സ്ഥാപിക്കുകയും ഗോഡ്സേ ക്ഷേത്രത്തിന് തറക്കല്ലിടുകയും ചെയ്യുന്നു. രാഷ്ട്രപിതാവിന്റെ ഘാതകന് രാഷ്ട്രപിതാവിനേക്കാളും അദ്ദേഹത്തിന്റെ ആശയാദർശങ്ങളേക്കാളും പ്രാമുഖ്യം ലഭിക്കുന്ന രാജ്യത്ത് രാജ്യസ്നേഹത്തേയും രാജ്യദ്രോഹത്തേയും കുറിച്ചുള്ള ചർച്ചകൾ രാജ്യത്തിന്റെ മതേതരസ്വഭാവത്തെ തകർക്കുന്നതായിരിക്കുമെന്നതിൽ തർക്കമില്ല.

മതം സ്ഥാപനവും അധികാരകേന്ദ്രവുമാകുന്നതോടെ അതിന്റെ മൂല്യങ്ങൾ പഴങ്കഥകളായി മാറാം. അപ്പോൾ തറക്കല്ലിടുന്നത് ക്ഷേത്രങ്ങൾക്ക് മാത്രമല്ല, സ്വേച്ഛാധികാരത്തിനു കൂടിയാണ്. മതാധികാരത്തിന് ഏകാധിപത്യസ്വഭാവത്തോടെയല്ലാതെ നിലകൊള്ളാനാവില്ല. അവിടെ എതിർസ്വരങ്ങൾക്കോ അപരസ്വരങ്ങൾക്കോ എന്തിന് നിഷ്പക്ഷസ്വരങ്ങൾക്കുപോലുമോ നിലനിൽക്കാനാകാതെ വരുമെന്നത് വസ്തുതയാണ്. പല തരത്തിലുള്ള അധികാരകേന്ദ്രീകരണം ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യവ്യവസ്ഥക്കും പ്രതികൂലമായ അവസ്ഥ സൃഷ്ടിക്കും. അത് അനുവദിക്കാനാകില്ല.


ഇന്ത്യക്കാരെല്ലാം സഹോദരീസഹോദരന്മാരാണ് എന്നാണ് നാം അക്ഷരം പഠിച്ചുതുടങ്ങുന്ന കാലം മുതൽ പറഞ്ഞു പഠിക്കുന്നത്. അത് ഒരു വെറും വാക്കല്ല. ഏത് മതത്തിലുള്ളവരോ ജാതിയിൽപ്പെട്ടവരോ ആയിക്കോട്ടെ, ഏത് ഭാഷക്കാരോ ദേശക്കാരോ ആയിക്കോട്ടെ ഇന്ത്യയെന്ന വികാരത്തിനു മുന്നിൽ നമ്മൾ അത്തരം വിഭാഗീയതയെല്ലാം മറക്കുകയും പരസ്പരം സഹോദരരായി കാണുകയും ചെയ്യുന്നു. ആഘോഷങ്ങളെപ്പോലെ പ്രശ്നങ്ങളിലും പങ്കുകൊള്ളുന്നു. പൗരത്വബില്ലിന്റെ കാര്യം വന്നപ്പോൾ ഇന്ത്യയിലുടനീളമുണ്ടായ പ്രതിഷേധങ്ങൾ അതിന് തെളിവാണ്. ആ സാഹോദര്യമനോഭാവമാണ് ഒരുമിച്ച് നിന്ന് സ്വാതന്ത്ര്യം നേടാൻ നമ്മെ പ്രാപ്തരാക്കിയത്. ഇന്ത്യയുടെ ചരിത്രമെന്നാൽ സാംസ്കാരികവിനിമയങ്ങളുടേയും സമന്വയങ്ങളുടേയും ചരിത്രമാണ്. മതേതര ഇന്ത്യ എന്നതിന് നൂറ്റാണ്ടുകളുടെ വളർച്ചയും അത്രതന്നെ ആഴത്തിലിറങ്ങിയ വേരുകളുമുണ്ട്. 'നീയാരാണ്?' എന്ന് നമ്മളോട് ആരെങ്കിലും ചോദിച്ചാൽ നമ്മളാരും ഞാൻ മുസൽമാനാണ് എന്നോ ക്രിസ്ത്യൻ ആണെന്നോ ഹിന്ദുവാണെന്നോ പറയുക പതിവില്ല. നമ്മൾ അഭിമാനത്തോടെ പറയുക ' ഐ ആം ആൻ ഇന്ത്യൻ - ഞാൻ ഇന്ത്യക്കാരനാണ്' എന്നാണ്.

അതിനാൽ ഇന്നുള്ള പ്രതിസന്ധികളെയെല്ലാം മറികടന്ന്, മതത്തെ സ്ഥാപനവത്കരിക്കുന്നതിൽ നിന്ന് മാറി അതിനെ മാനവികമൂല്യങ്ങളായി ഉൾക്കൊണ്ട് ഇന്ത്യയുടെ മതേതരസ്വഭാവം നിലനിർത്താൻ നമുക്കാകും. ഇന്ത്യക്കാർക്കല്ലാതെ മറ്റാർക്കാണ് മതേതരമായി ചിന്തിക്കാനും ഒരുമിക്കാനുമാകുക! പുതിയ തലമുറ ഇന്ത്യയുടെ മതേതരഭാവിയുടെയും സാഹോദര്യത്തിന്റെയും ശുഭസൂചകമാണ്. നമുക്ക് രാജ്യസ്നേഹമെന്നാൽ രാജ്യാധികാരകേന്ദ്രങ്ങളോടുള്ള സ്നേഹമല്ല, ഓരോ ഇന്ത്യക്കാരനോടും എല്ലാ സഹജീവികളോടുമുള്ള സ്നേഹമാണ്. ലോകനന്മയ്ക്കും മാനവസ്നേഹത്തിനും ഉതകാത്ത മതം, തലയിൽ ചുമക്കുന്ന ഭാരം മാത്രമായിരിക്കുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.




'വേദങ്ങൾ പഠിപ്പിക്കുന്നത് 'മനുർഭവ:' എന്ന സങ്കല്പമാണ്. ഹിന്ദു ഭവ:, മുസ്‌ലിം ഭവ:, ക്രിസ്ത്യൻ ഭവ: എന്നല്ല! മനുഷ്യനാകാനാണ് വേദങ്ങൾ പറയുന്നത്. മനുഷ്യ ബനേ, അച്ഛേ ഇൻസാൻ ബനേ എന്നാണ് പഠിപ്പിക്കുന്നത്. എന്നെ എന്തിന് ഹിന്ദുവെന്നു വിളിക്കുന്നു? എന്നെ എന്തിന് ബ്രാഹ്മണനെന്നു വിളിക്കുന്നു? എനിക്ക് നല്ല മനുഷ്യനായാൽ മതി. ഇതായിരുന്നു പകർന്നു കിട്ടിയ ആദ്യ പാഠം'

**സ്വാമി അഗ്നിവേശ്**



**1970 മുതൽ തുടർച്ചയായി പുതുപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഉമ്മൻ ചാണ്ടിയുടെ നിയമസഭാംഗത്വത്തിന് അൻപത് വയസ് പൂർത്തിയാകുകയാണ്.**

## രാജ്യസഭാ ഉപാധ്യക്ഷനായി രണ്ടാം തവണയും ഹരിവംശ്



രാജ്യസഭാ ഉപധ്യക്ഷനായി എൻ.ഡി.എ. സ്ഥാനാർത്ഥിയും ജെ.ഡി.(യു). അംഗവുമായ ഹരിവംശ് നാരായൺ സിങ് രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. ബി.ജെ.പി. അദ്ധ്യക്ഷൻ ജെ.പി. നഡ്ഡയാണ് അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചത്. സഭാനേതാവായ സാമൂഹ്യനീതി വകുപ്പുമന്ത്രി താവർചന്ദ് ഗഹ്ലോട്ട് പിന്താങ്ങി. ആർ.ജെ.ഡി. അംഗമായ മനോജ് കുമാർ ഝായുടെ പേര് പ്രതിപക്ഷ പാർട്ടികൾ മുന്നോട്ട് വച്ചെങ്കിലും വോട്ടെടുപ്പ് ആവശ്യപ്പെട്ടില്ല. ശബ്ദവോട്ടോടെ ഹരിവംശ് തെരഞ്ഞെടുക്കപ്പെട്ടതായി സഭാദ്ധ്യക്ഷൻ പ്രഖ്യാപിച്ചു.

ഹരിവംശ് നാരായൺ സിങ് ബീഹാറിൽ നിന്നുള്ള രാജ്യസഭാംഗമാണ്. രാജ്യസഭയുടെ പന്ത്രണ്ടാമത് ഉപാധ്യക്ഷനാണ് അദ്ദേഹം. രാജ്യസഭാദ്ധ്യക്ഷന്റെ അഭാവത്തിൽ സഭാനടപടികൾ നിയന്ത്രിക്കുന്നത് ഉപാധ്യക്ഷനാണ്.

# നിയമസഭാംഗത്വത്തിന്റെ സുവർണ ജൂബിലി നിറവിൽ ഉമ്മൻ ചാണ്ടി

കേരള നിയമസഭാ ചരിത്രത്തിൽ സമാനതകളില്ലാത്ത നേതാക്കളിൽ ഒരാളാണ് ഉമ്മൻ ചാണ്ടി. 1970 മുതൽ തുടർച്ചയായി പുതുപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അദ്ദേഹത്തിന്റെ നിയമസഭാംഗത്വത്തിന് അൻപത് വയസ് പൂർത്തിയാകുകയാണ്. ബാലജനസഖ്യത്തിലൂടെ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലെത്തുകയും യു.ഡി.എഫ്. കൺവീനർ, പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നീ തലങ്ങളിലേക്ക് ഉയരുകയും ചെയ്ത ഉമ്മൻ ചാണ്ടി കേരള രാഷ്ട്രീയത്തിലെ വേറിട്ട വ്യക്തിത്വത്തിനുടമയാണ്.

1943 ഒക്ടോബർ 31 ന് കരോട്ട് വള്ളക്കാലിൽ കെ.ഒ.ചാണ്ടിയുടെയും ബേബി ചാണ്ടിയുടെയും മകനായി ജനിച്ചു. വളരെച്ചെറുപ്പത്തിലേ രാഷ്ട്രീയത്തോടുള്ള ആഭിമുഖ്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. 1961-62 കാലഘട്ടത്തിൽ അഖില കേരള ബാലജനസഖ്യത്തിന്റെ പ്രസിഡന്റായിരുന്ന ഉമ്മൻ ചാണ്ടി അതിൽ നിന്നു ലഭിച്ച ആത്മവിശ്വാസത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു കെ.എസ്.യു.വിൽ സജീവമാകുന്നത്. വിമോചന സമരകാലത്ത് സ്കൂൾ വിദ്യാർത്ഥിയായിരിക്കെ സമരത്തിന്റെ ഭാഗമായി ബസ് പിക്കറ്റിങ്ങിൽ പങ്കെടുത്തതിന് ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. 1967-69 കാലഘട്ടത്തിൽ എറണാകുളം ലോ കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ കെ.എസ്.യു. സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1970 ഒക്ടോബർ 4 ന് രൂപീകൃതമായ നാലാം കേരള നിയമസഭയിലേക്കാണ് 27-ാം വയസിൽ പുതുപ്പള്ളിയിൽ നിന്നും ഇ.എം. ജോർജ്ജിനെ പരാജയപ്പെടുത്തി എം.എൽ.എ. ആയി എത്തിയത്. 1977, 1980, 1982, 1987, 1991, 1996, 2001, 2006, 2011, 2016 വർഷങ്ങളിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലും പുതുപ്പള്ളിയിൽ നിന്ന് തുടർച്ചയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 2016 ൽ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അത് ഒരേ മണ്ഡലത്തിൽ നിന്നുള്ള തുടർച്ചയായ


2011 ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു

പതിനൊന്നാമത്തെ വിജയമായിരുന്നു. അത്രത്തോളം അഭേദ്യമായ ആത്മബന്ധമാണ് അന്നാട്ടുകാരുമായി അദ്ദേഹത്തിനുള്ളത്.

1977 - 1978 കാലഘട്ടത്തിൽ കെ.കരുണാകരൻ, എ.കെ.ആന്റണി മന്ത്രിസഭകളിൽ തൊഴിൽ വകുപ്പ് മന്ത്രിയായും 1981-82 കാലഘട്ടത്തിൽ കെ.കരുണാകരൻ മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പ് മന്ത്രിയായും 1991-94 കാലഘട്ടത്തിൽ കെ.കരുണാകരൻ മന്ത്രിസഭയിൽ ധനകാര്യ വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചു. തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന കാലത്ത് യുവാക്കളുടെ താത്പര്യങ്ങൾക്ക് മുൻതൂക്കം നൽകി അദ്ദേഹം നടപ്പിലാക്കിയതാണ് തൊഴിലില്ലായ്മ വേതനം. ഉമ്മൻചാണ്ടി പന്ത്രണ്ടാം കേരളനിയമസഭയിൽ പ്രതിപക്ഷ നേതാവായിരുന്നു. 1996-98 കാലയളവിൽ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

2004 മുതൽ 2006 വരെയും 2011 മുതൽ 2016 വരെയും കേരള മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്. രണ്ടാം ഉമ്മൻ ചാണ്ടി സർക്കാരിന്റെ മുദ്രാവാക്യം തന്നെ 'അതിവേഗം ബഹുദൂരം' എന്നതായിരുന്നു. ഏതു തീരുമാനമെടുക്കുമ്പോഴും ജനപക്ഷത്തിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. 2012 ജൂലൈ 25-ാം തീയതിയാണ് സേവനാവകാശ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം അവരുടെ അവകാശമാണെന്നും അതിൽ കാലതാമസം ഉണ്ടാകാൻ പാടില്ലെന്നും അസന്ദിഗ്ദ്ധമായി വ്യക്തമാക്കിക്കൊണ്ടായിരുന്നു മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി ബിൽ അവതരിപ്പിച്ചത്.

കോൺഗ്രസിന്റെ വിവിധ പോഷക സംഘടനകളുടെ നേതൃത്വം സ്തുത്യർഹമായ രീതിയിൽ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. 1967-69 കാലഘട്ടത്തിൽ കെ.എസ്.യു.വിന്റെയും 1970-71 കാലഘട്ടത്തിൽ യൂത്ത് കോൺഗ്രസിന്റെയും സംസ്ഥാന പ്രസിഡന്റായിരുന്നു. 1970 ൽ എ.ഐ.സി.സി. അംഗമായി. 1982-86, 2001-04 കാലയളവിൽ യു.ഡി.എഫ്. കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. ട്രേഡ്‌യൂണിയൻ പ്രസ്ഥാനങ്ങളിലും ഉമ്മൻചാണ്ടിയുടെ നേതൃത്വപാടവം പ്രകടമായിട്ടുണ്ട്. ഐ.എൻ.ടി.യു.സി കോട്ടയം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, ഐ.എൻ.ടി.യു.സി അഖിലേന്ത്യായൂത്ത് വിഭാഗം വൈസ് പ്രസിഡന്റ്, ഐ.എൻ.ടി.യു.സി യുമായി ബന്ധപ്പെട്ട അനേകം ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയും കോൺഗ്രസ് പ്രവർത്തക സമിതി അംഗവുമാണ്. നിരവധി പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മറിയാമ്മയാണ് ഉമ്മൻ ചാണ്ടിയുടെ ഭാര്യ. മൂന്നു മക്കളുണ്ട്.

എത്ര തിരക്കുണ്ടെങ്കിലും വാരാന്ത്യങ്ങൾ തന്റെ മണ്ഡലത്തിനായി നീക്കി വയ്ക്കുന്ന ജനനേതാവിന്റെ ജനപിന്തുണ വിളിച്ചോതുന്നതായിരുന്നു അദ്ദേഹത്തിന്റെ നിയമസഭാംഗത്വം അൻപതുവർഷങ്ങൾ പൂർത്തിയാക്കിയതിന്റെ ഭാഗമായി സംഘടിപ്പിച്ച 'സുകൃതം സുവർണം' എന്ന പരിപാടി. 2020 സെപ്റ്റംബർ 17 ന് കോൺഗ്രസ് അദ്ധ്യക്ഷ സോണിയ ഗാന്ധിയാണ് ഉദ്ഘാടനം ചെയ്തത്. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾക്കാണ് അന്ന് തുടക്കം കുറിച്ചത്.

---

പ്രതിപക്ഷ നേതാവിന്റെ പേജ്

# ഉമ്മൻചാണ്ടി എന്ന പാഠപുസ്തകം

**രമേശ് ചെന്നിത്തല**

ഉമ്മൻചാണ്ടി ഒരു പാഠപുസ്തകമാണ്. ഏതൊരു പൊതുപ്രവർത്തകനും രാഷ്ട്രീയ വിദ്യാർത്ഥിക്കും അദ്ദേഹത്തിൽ നിന്ന് പഠിക്കാനുണ്ടാകും. പ്രശ്നങ്ങളിലും പ്രതിസന്ധികളിലും നട്ടം തിരിഞ്ഞ് പരിഹാരമാർഗം തേടി അദ്ദേഹത്തിന്റെ അടുത്തെത്തുന്നവർക്കാർക്കും നിരാശരായി മടങ്ങിപ്പോകേണ്ടിവരില്ല . ഏത് പ്രശ്നത്തിനും ഉമ്മൻചാണ്ടിയുടെ അടുത്ത് പരിഹാരമുണ്ടാകും. ഏത് സ്ഥാനത്തിരുന്നാലും, സ്ഥാനങ്ങളൊന്നുമില്ലെങ്കിലും തന്നെ ആശ്രയിക്കുന്ന ഏത് വ്യക്തിക്കും അത്താണിയാകാൻ കഴിയുന്നു എന്നതാണ് ഉമ്മൻചാണ്ടി എന്ന നേതാവിന്റെ പ്രത്യേകത.

1968-69 കാലഘട്ടത്തിൽ ചെന്നിത്തല മഹാത്മാ ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ ഉമ്മൻചാണ്ടി അധ്യക്ഷനായിരുന്ന കേരള വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തകനായാണ് ഞാൻ പൊതുരംഗത്തേക്ക് വരുന്നത്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കെ.എസ്.യു. ഓണത്തിന് 'ഒരു പറ നെല്ല്' എന്ന പരിപാടി കൊണ്ടുവന്നു. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾതന്നെ വിത്തുവിതച്ച് നെല്ല് കൊയ്തെടുക്കുന്ന പരിപാടിയായിരുന്നു അത്. ഞങ്ങളൊക്കെ വളരെ ആവേശപൂർവ്വമാണ് അതിൽ പങ്കെടുത്തത്. വിദ്യാർത്ഥികൾക്കിടയിൽ അധ്വാനത്തിന്റെയും സ്വാശ്രയബോധത്തിന്റെയും പുതിയൊരു സന്ദേശമാണ് അതിലൂടെ മുഴങ്ങിക്കേട്ടത്. വിദ്യാർത്ഥി നേതാവായിരുന്ന കാലം വളരെ നൂതനവും, ജനകീയവുമായ ആശയങ്ങളെ താലോലിക്കാനും അവയെല്ലാം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനും ഉമ്മൻചാണ്ടി ബദ്ധശ്രദ്ധനായിരുന്നു. പിന്നീട് മന്ത്രിയും മുഖ്യമന്ത്രിയും ആയപ്പോഴും അദ്ദേഹം അത് തുടർന്നു. കോൺഗ്രസിന്റെ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളെ കേരളീയ സമൂഹത്തിൽ വലിയൊരു സ്വാധീന ശക്തിയാക്കാൻ എ.കെ. ആന്റണിക്കും വയലാർ രവിക്കുമൊപ്പം അക്ഷീണം പ്രയത്നിച്ച വ്യക്തിയാണ് ഉമ്മൻചാണ്ടി. ആ പ്രസ്ഥാനങ്ങളിലൂടെയാണ് ഞാനടക്കമുള്ള തലമുറ പൊതു പ്രവർത്തനത്തിൽ സജീവമായത്. ഒരു മുതിർന്ന സഹപ്രവർത്തകൻ എന്നതിനെക്കാൾ ഒരു ജ്യേഷ്ഠ സഹോദരനായിരുന്നു എനിക്കെന്നും ഉമ്മൻചാണ്ടി. മാത്യു മണിയങ്ങാടൻ എം. പി. യായതിന് ശേഷം ഏതാണ്ട് രണ്ട് ദശാബ്ദത്തിന് ശേഷം കോട്ടയത്ത് നിന്ന് കോൺഗ്രസിന്റെ എം.പി. യാകുന്നത് 1989 ൽ ഞാനായിരുന്നു. അക്കാലങ്ങളിൽ



അദ്ദേഹം എനിക്ക് നൽകിയ പിന്തുണ ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. കോട്ടയത്ത് നിന്ന് പാർലമെന്റിലേക്ക് മൽസരിച്ചപ്പോഴൊക്കെ അദ്ദേഹം എന്നെ ഏറെ സഹായിച്ചിരുന്നു. എം. പി.യും എം. എൽ. എ.യും എന്ന നിലയിൽ ഞങ്ങൾ നല്ലൊരു ടീമായാണ് പ്രവർത്തിച്ചിരുന്നത്. 2005ൽ അദ്ദേഹം മുഖ്യമന്ത്രിയായപ്പോഴാണ് കെ.പി. സി.സി. അധ്യക്ഷന്റെ ചുമതലയേറ്റെടുത്ത് ഞാൻ വീണ്ടും കേരളത്തിലെത്തുന്നത്. രണ്ട് തവണ അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോഴും പ്രതിപക്ഷ നേതാവായിരുന്നപ്പോഴും കെ. പി. സി. സി. പ്രസിഡന്റിന്റെ ചുമതല എനിക്കായിരുന്നു. മികച്ച കോമ്പിനേഷനായിരുന്നു ഞങ്ങളുടേതെന്ന് രാഷ്ട്രീയ എതിരാളികൾ പോലും പറയുമായിരുന്നു.

കേരളത്തിന്റെ മുഖഛായ മാറ്റിയ നിരവധി പദ്ധതികൾക്ക് തുടക്കമിടാൻ അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലയളവിൽ കഴിഞ്ഞു. ജനങ്ങളിൽ നിന്നുയർന്നുവരികയും അവർക്കൊപ്പം നിലകൊള്ളുകയും ചെയ്തുകൊണ്ടാണ് ജനസമ്പർക്ക പരിപാടി പോലെ ആഗോള അംഗീകാരം നേടിയ പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അദ്ദേഹത്തിന് കഴിഞ്ഞത്. ഏത് കുഴഞ്ഞ് മറിഞ്ഞ പ്രശ്നവുമായി അദ്ദേഹത്തെ സമീപിച്ചാലും അതിന് പരിഹാരമുണ്ടാക്കാൻ ഉമ്മൻചാണ്ടിക്ക് പ്രത്യേക കഴിവ് തന്നെയുണ്ടായിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻഷിപ്പ്മെന്റ് പദ്ധതി നടപ്പാക്കുമ്പോൾ കാണിക്കേണ്ട ഗൗരവവും ദിശാബോധവും തന്നെയാണ് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കുമ്പോഴും അദ്ദേഹം കാണിച്ചത്. ദേശീയപാത വികസനത്തിൽ എത്ര കണ്ട് ശ്രദ്ധ ചെലുത്തിയോ അത്ര കണ്ട് ശ്രദ്ധയും താൽപര്യവും കോക്ളിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കുമ്പോഴും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന രണ്ട് കാലയളവുകളിലാണ് കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം വികസന പദ്ധതികൾ ആരംഭിച്ചത്. കെ.പി.സി.സി. അധ്യക്ഷനെന്ന നിലയിലും, പിന്നീട് അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ഒരംഗമെന്ന നിലയിലും അദ്ദേഹത്തിന് അകമഴിഞ്ഞ പിന്തുണ നൽകാൻ എനിക്ക് കഴിഞ്ഞത് വളരെ സന്തോഷത്തോടെയും ചാരിതാർത്ഥ്യത്തോടെയും ഞാനോർക്കുന്നു. ജനങ്ങളെ നേരിട്ട് സ്പർശിക്കുന്ന, അവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്ന പദ്ധതികളായിരുന്നു ഒരു ഭരണകർത്താവ് എന്ന നിലയിൽ അദ്ദേഹം തുടക്കമിട്ടതും സാക്ഷാത്കരിച്ചതും. അതിന്റെ സത്ഫലങ്ങളാണ് കേരളം ഇപ്പോഴും അനുഭവിക്കുന്നത്. അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനത്തിന്റെ സുവർണ്ണ ജൂബിലി വേളയിൽ എല്ലാ ഭാവുകങ്ങളും ആയുരാരോഗ്യ സൗഖ്യങ്ങളും ആശംസിക്കുന്നു.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# പൊന്നാനി
## കർമ്മ പുഴയോര പാത

**പി. ശ്രീരാമകൃഷ്ണൻ** പൊന്നാനി



പൊന്നാനി നഗരത്തിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായിക്കുന്നതും ഹാർബറിൽ നിന്ന് നേരെ ചമ്രവട്ടം പാലം, കുറ്റിപ്പുറം ഭാഗത്തേക്ക് പോകാവുന്നതുമായ ബൈപാസ് ആണിത് . ആദ്യ ഘട്ടം റോഡ് നിർമ്മാണം കഴിഞ്ഞു. രണ്ടാം ഘട്ടമായ കനോലി കനാലിനു കുറുകെയുള്ള പാലം കിഫ്ബി പദ്ധതിയിൽ ഉൾപെടുത്തി നിർമ്മാണം തുടങ്ങി.

പാത യാഥാർഥ്യമാകുന്നതോടെ പൊന്നാനിക്ക് പുതിയൊരു മുഖം ലഭിക്കുകയാണ്. പൂർണ്ണമായും ഭാരതപ്പുഴയോരത്തുകൂടി കടന്നു പോകുന്ന പാത ടൂറിസം രംഗത്തും ഗതാഗത രംഗത്തും വൻ കുതിച്ചുചാട്ടം നടത്തുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ആരും അത്ര സന്ദർശിക്കാത്ത ഇടം കൂടിയാണ് കർമ്മ പുഴയോര പാത.

നിളയുടെ കഥ പറയുന്ന നിള ഹെറിറ്റേജ് മ്യൂസിയം, മറൈൻ മ്യൂസിയം, സിവിൽ സർവീസ് അക്കാഡമി, മൈനോറിറ്റി കോച്ചിങ് സെന്റർ, ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ, പൊന്നാനി ശ്മശാനം, വരാൻ പോകുന്ന പൊന്നാനി ഇൻഡോർ സ്റ്റേഡിയം ആൻഡ് അക്വാട്ടിക് സ്പോർട്സ് പാർക്ക്, മൽസ്യത്തൊഴിലാളികൾക്കായുള്ള ആധുനിക ഫ്ളാറ്റ് സമുച്ചയം എന്നിവയെ കോർത്തിണക്കുന്ന പാത, പൊന്നാനി-പടിഞ്ഞാറേക്കര സസ്പെൻഷൻ ബ്രിഡ്ജിനേയും ഹാർബറിനേയും കോടതിപ്പടിയേയും ബന്ധിപ്പിക്കുന്നു. പൊന്നാനി ടൂറിസം ടയാങ്കിൾ പദ്ധതിക്ക് വലിയ മുതൽക്കൂട്ടാവുന്ന പദ്ധതി സഞ്ചാരികൾക്ക് പ്രിയപ്പെട്ട പാതയായി മാറും.

# വികസന കുതിപ്പിൽ വാമനപുരം

**ഡി.കെ.മുരളി** വാമനപുരം

### ചെല്ലഞ്ചി പാലം യാഥാർത്ഥ്യമായി

മുഖ്യമന്ത്രിയായിരുന്ന വി.എസ്.അച്യുതാനന്ദൻ 2010 ജൂലൈ മാസം തറക്കല്ലിട്ട് ആരംഭിച്ചതാണ്



ചെല്ലഞ്ചിപാലം നിർമ്മാണം. 14.5 കോടി രൂപയാണ് ആകെ നിർമ്മാണച്ചെലവ്. പാലം രൂപകൽപ്പന ചെയ്തത് എൽ.ബി.എസ്. ശാസ്ത്രസാങ്കേതിക കേന്ദ്രമാണ്. 37.06 മീറ്റർ നീളമുള്ള 4 സ്പാനുകളിലായി മൊത്തം 148.24 മീറ്റർ നീളമാണ് പാലത്തിനുള്ളത്. 7.50 മീറ്റർ വീതിയുള്ള പാലത്തിന് നടപ്പാതകളും ഇരുകരകളിലുമായി 650 മീറ്റർ അപ്രോച്ച് റോഡും നിർമ്മിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ പാലം നിർമ്മിക്കുന്നതിന് 11 കോടി രൂപയാണ് അനുവദിച്ചിരുന്നത്. കൺസ്ട്രക്ഷൻ കോർപ്പറേഷനായിരുന്നു നിർമ്മാണ ചുമതല. കൺസ്ട്രക്ഷൻ കോർപ്പറേഷൻ യഥാസമയം പണി ചെയ്യാത്തതിനാൽ പുനർദർഘാസിലൂടെ 12 കോടി രൂപയ്ക്ക് പുതിയ കരാർ നൽകി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിവേഗം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരവേ അപ്രതീക്ഷിതമായി ഫണ്ടിംഗിൽ നിന്നും നബാർഡ് പിന്മാറിയത് നിർമ്മാണത്തെ ബാധിച്ചു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ ഇടപെടുകയും നിർമ്മാണം സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.

പാലത്തിനായി സ്ഥലം നൽകിയ കർഷകർക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം നഷ്ടപരിഹാരമായി 1.95 കോടി രൂപ നൽകി. മുൻ എം.എൽ.എമാരായ പിരപ്പൻകോട് മുരളി, ജെ.അരുന്ധതി, കോലിയക്കോട് എൻ.കൃഷ്ണൻ നായർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.കെ. മധു എന്നിവർ വിവിധ ഘട്ടങ്ങളിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്.

നബാർഡ് പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ സർക്കാരിനെക്കൊണ്ട് പദ്ധതി ഏറ്റെടുപ്പിക്കുന്നതിലും കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ അടിയന്തര നടപടി സ്വീകരിച്ചതിലും പൊതുമരാമത്ത് വകുപ്പുമന്ത്രി ജി.സുധാകരൻ വഹിച്ച പങ്ക് വിലമതിക്കാനാകാത്തതാണ്. മന്ത്രിയുടെ നിരന്തര ഇടപെടലുകളുടെ ഭാഗമായാണ് പാലം പണി പൂർത്തിയാക്കാനായത്.

വർക്കല, ആറ്റിങ്ങൽ ഭാഗങ്ങളിൽ നിന്നും പാലോട്, വിതുര, പൊന്മുടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുന്നവർക്കും സമീപപ്രദേശങ്ങളായ കല്ലറ, പനവൂർ, പുല്ലമ്പാറ, പാങ്ങോട്, പെരിങ്ങമ്മല, നന്ദിയോട് നിവാസികൾക്കും ഈ പാലം വളരെ പ്രയോജനകരമാണ്. അപ്രോച്ച് റോഡിന്റെ വികസനത്തിനും മുതുവിള-കുടവനാട്-നന്ദിയോട് റോഡിന്റെ നവീകരണത്തിനും കിഫ്ബി ഫണ്ടിൽ നിന്നും 32 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### ചിപ്പൻചിറയിൽ പുതിയ പാലം

തിരുവനന്തപുരം - ചെങ്കോട്ട റോഡിൽ പാലോടിനു സമീപം ചിപ്പൻചിറയിൽ പഴയ ഇരുമ്പു പാലത്തിനു പകരം അതിനു സമാന്തരമായി പുതിയ പാലം പണിക്ക് മുൻ എം.എൽ.എ. കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ ശ്രമഫലമായി 2015 ലാണ് തുടക്കമിട്ടത്. 6.97 കോടി രൂപയാണ് ആകെ നിർമ്മാണചെലവ്.



എൽ.ബി.എസ്. ശാസ്ത്ര സാങ്കേതിക കേന്ദ്രം രൂപകൽപ്പന ചെയ്ത ഈ പാലത്തിന് 17 മീറ്റർ വീതം നീളമുള്ള 3 സ്പാനുകളിലായി മൊത്തം 51 മീറ്റർ നീളമുണ്ട്. ഇരുവശത്തും 1.50 മീറ്റർ വീതം വീതിയുള്ള നടപ്പാതയുമുണ്ട്. ഓപ്പൺ ഫൗണ്ടേഷൻ, കോൺക്രീറ്റ് പിയറുകൾ, ആർ.സി.സി ബീം, സ്ലാബ് എന്നിവ ചേർന്നതാണ് ഇതിന്റെ ഘടന. പാലത്തിന് ഇരുവശത്തും 250 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡുമുണ്ട്. പാലം പണി ധ്രുതഗതിയിൽ ആക്കുന്നതിനും പൂർത്തീകരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നിരന്തരമായി ഇടപെട്ടു. തിരുവനന്തപുരം-ചെങ്കോട്ട റോഡിലെ നിലവിലുള്ള ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും സമീപപ്രദേശങ്ങളായ പെരിങ്ങമ്മല, പാങ്ങോട്, കല്ലറ, നന്ദിയോട് നിവാസികൾക്ക് ഏറെ പ്രയോജനപ്രദമാണ് ഈ പാലം. ചിപ്പൻചിറ പാലത്തിന്റെ ഉദ്ഘാടനം 2019 ജൂലൈ 25 ന് പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ നിർവ്വഹിച്ചു.

### പാലോട് - ബ്രൈമൂർ റോഡ് നാടിന് സമർപ്പിച്ചു



കിഫ്ബി പദ്ധതിയിൽ 49.69 കോടി രൂപ മുടക്കി നവീകരിച്ച പാലോട് - ബ്രൈമൂർ റോഡ്



നവീകരിച്ച പാലോട് - ബ്രൈമൂർ റോഡ് പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നാടിന് സമർപ്പിക്കുന്നു

### കല്ലറ - തറട്ട റോഡ്



സി.ആർ.എഫ്.പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ മുടക്കി നവീകരിച്ച പഴയചന്ത - മുതുവിള - ചുള്ളാളം, കല്ലറ - തറട്ട റോഡ്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# പുത്തൻതോപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

**വി.ശശി** ചിറയിൻകീഴ്

തീരദേശ മേഖലയുടെ സാമൂഹിക പശ്ചാത്തലം വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണെന്ന് ഫിഷറീസ് വകുപ്പുമന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. പദ്ധതികളുടെ പൂർത്തീകരണത്തോടെ തീരദേശ സമൂഹത്തിന് മെച്ചപ്പെട്ട ജീവിതം ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. പുത്തൻതോപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തീരമേഖലയുടെ വികസനത്തിന്റെ ഭാഗമായി ആശുപത്രികൾ, സ്കൂളുകൾ, മാർക്കറ്റുകൾ മുതലായ വിവിധ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്നും മന്ത്രി ഉറപ്പു നൽകി. 3.66 കോടി രൂപ ചെലവിലാണ് പുത്തൻതോപ്പ് കമ്മ്യൂണിറ്റി സെന്ററിൽ പുതിയ കെട്ടിടം നിർമ്മിച്ചത്. ഇരുനിലക്കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒ.പി. ഒബ്സർവേഷൻ റൂം, ഫാർമസി തുടങ്ങിയവയും മുകളിലത്തെ നിലയിൽ ഐ.പി. വാർഡുകളുമാണ് സജ്ജീകരിച്ചിരിക്കുന്നത്. 17 ബെഡ്ഡുകൾ വീതം ഇടാൻ കഴിയുന്ന രണ്ട് ഐ.പി.വാർഡുകളാണ് ഇവിടെയുള്ളത്. ഹെൽത്ത് സെന്ററിന് ആവശ്യമായ എല്ലാ ഉപകരണങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിലൂടെ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ നിലവാരം ഇനിയും ഉയർത്താൻ സാധിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഡെപ്യൂട്ടി സ്പീക്കർ വി.ശശി പറഞ്ഞു.

## ഖാൻ-മുണ്ടയ്ക്കൽ കോളനി വികസന പദ്ധതി പൂർത്തീകരണ പ്രഖ്യാപനം നടത്തി.



അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി മംഗലപുരം പഞ്ചായത്തിലെ ഖാൻ-മുണ്ടയ്ക്കൽ കോളനി നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രി എ.കെ.ബാലൻ ഓൺലൈനായി നിർവ്വഹിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 273 അംബേദ്കർ കോളനികൾ ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിൽ 24 ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു. ശേഷിക്കുന്നവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ അഞ്ചു പട്ടികജാതി ഗ്രാമങ്ങളിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം മന്ത്രി ഓൺലൈനായി നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

റോഡ് നിർമ്മാണം, ഡ്രെയിനേജ്, വീട് അറ്റകുറ്റപ്പണി, കുടിവെള്ള പദ്ധതി, ലൈബ്രറി സാംസ്കാരിക നിലയം, ഓപ്പൺ സ്റ്റേജ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായി ഖാൻ-മുണ്ടയ്ക്കൽ കോളനിയിൽ പൂർത്തീകരിച്ചത്. ഒരു കോടിയോളം രൂപയാണ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത്.

## തോന്നയ്ക്കൽ മെഡിക്കൽ ഡിവൈസസ് പാർക്ക് ശിലാസ്ഥാപനം

ബയോടെക്നോളജി രംഗത്ത് വൻതോതിൽ നിക്ഷേപം ആകർഷിക്കുന്ന വ്യാവസായിക ആവാസവ്യവസ്ഥ കേരളത്തിൽ സൃഷ്ടിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജൈവസാങ്കേതിക വിദ്യയിൽ വലിയ വളർച്ച കൈവരിക്കാൻതക്ക സവിശേഷ സാഹചര്യം സംസ്ഥാനത്തുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം തോന്നയ്ക്കൽ



ലൈഫ് സയൻസ് പാർക്കിൽ നിർമ്മിക്കുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ (മെഡ്സ് പാർക്ക്) ശിലാസ്ഥാപനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ബയോടെക്നോളജിയിൽ ഗവേഷണത്തിനൊപ്പം സംരംഭകത്വം ഉറപ്പാക്കുകയെന്നതാണ് സർക്കാർ നയമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതു മുൻനിർത്തിയാണ് പൊതു വ്യവസായ അന്തരീക്ഷത്തെ ജൈവമേഖലയുമായി കണ്ണിചേർക്കുന്ന പ്രക്രിയയ്ക്ക് തുടക്കമിട്ടത്. ഈ മേഖലയിൽ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും. വൈദ്യശാസ്ത്ര ഉപകരണ ഉത്പാദനത്തിൽ രാജ്യത്തിന്റെ മുൻതൂക്കം പ്രയോജനപ്പെടുത്താനും ഈ വ്യവസായത്തിന്റെ കേന്ദ്രമാക്കി കേരളത്തെ മാറ്റാനും മെഡ്സ് പാർക്കിന് കഴിയും.

പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 1,200 പേർക്ക് നേരിട്ടും 5,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ നാഴികക്കല്ലായി മാറുന്ന പദ്ധതിയുമായി സഹകരിക്കാൻ കൂടുതൽ കമ്പനികളും സ്റ്റാർട്ടപ്പുകളും തയ്യാറാകണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ലൈഫ് സയൻസ് പാർക്ക് വികസനത്തിനായി വലിയ ഇടപെടൽ നടത്തിയതായി വീഡിയോ കോൺഫറൻസിലൂടെ നടന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. രണ്ടു ഘട്ടങ്ങളിലായി 155 ഏക്കറോളം ഭൂമി ഇതുവരെ ഏറ്റെടുത്തു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് സ്ഥലം അനുവദിച്ചുകൊണ്ടിരിക്കുന്നു. ഇതിലെ പ്രധാന പദ്ധതിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. ഇതിനോടനുബന്ധിച്ച് നിർമ്മിക്കുന്ന മെഡ്സ് പാർക്ക് കൂടി യാഥാർത്ഥ്യമാകുന്നതോടെ ലൈഫ് സയൻസ് പാർക്കിന്റെ വികസനം ദ്രുതഗതിയിലാകും. ശരീരത്തിനകത്തും പുറത്തും ഘടിപ്പിക്കാവുന്ന ഹൈ റിസ്ക് ഉപകരണങ്ങളുടെ വികസനത്തിനാകും മെഡ്സ് പാർക്ക് ഊന്നൽ നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ മെഡിക്കൽ ഉപകരണ നിർമ്മാണ രംഗത്ത് കേരളം സ്വയംപര്യാപ്തതയിലെത്തുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പുമന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

ലൈഫ് സയൻസ് പാർക്കിൽ ഒമ്പത് ഏക്കറിൽ 230 കോടി രൂപ ചെലവിലാണ് മെഡ്സ് പാർക്ക് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ വിഹിതം 150 കോടി രൂപയും കേന്ദ്രവിഹിതം 80 കോടിയുമാണ്. മെഡിക്കൽ ഗവേഷണം, പുതിയ മെഡിക്കൽ ഉപകരണങ്ങൾ വികസിപ്പിക്കൽ, വൈദ്യശാസ്ത്ര ഉപകരണങ്ങളുടെ മൂല്യനിർണ്ണയം തുടങ്ങി വൈദ്യശാസ്ത്ര ഉപകരണ വിപണി ആവശ്യപ്പെടുന്ന എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് മെഡ്സ് പാർക്ക് ലക്ഷ്യമിടുന്നതെന്ന് ഡെപ്യൂട്ടി സ്പീക്കർ വി.ശശി അഭിപ്രായപ്പെട്ടു.

# നേമം മണ്ഡലത്തിന്റെ മുഖം മാറുന്നു

**ഒ.രാജഗോപാൽ** നേമം



തിരുമല വില്ലേജാഫീസിന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടം 2020 സെപ്റ്റംബർ 15 ന് ഉദ്ഘാടനം ചെയ്തു.



മങ്കാട് എൽ.പി.സ്കൂളിന് എം.എൽ.എ യുടെ ആസ്തി വികസനഫണ്ടിൽ നിന്നും 55 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം 2020 സെപ്റ്റംബർ 16 ന് ഉദ്ഘാടനം ചെയ്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ചരിത്രസ്മരണയിൽ ഹരിപ്പാട് സബ്ട്രഷറി മന്ദിരം

**രമേശ് ചെന്നിത്തല** ഹരിപ്പാട്



നിറപുത്തരി ചടങ്ങുകൾ നടക്കുന്ന ഹരിപ്പാട് സബ്ട്രഷറിയുടെ പൈതൃക ഭണ്ഡാര സംരക്ഷണ മന്ദിരത്തിന്റെ നിർമ്മാണ ഉദ്ഘാടനം 2020 സെപ്റ്റംബർ 12 ന് നിർവ്വഹിച്ചു.

ഹരിപ്പാട് റവന്യു ടവർ നിർമ്മാണത്തിനായി ഹരിപ്പാട് സബ്ട്രഷറിയുടെ മറ്റ് മുറികൾ മുൻപ് പൊളിച്ചുമാറ്റിയെങ്കിലും ചരിത്രപ്രാധാന്യമുള്ളതും, നിറപുത്തരി ചടങ്ങുകൾ നടക്കുന്നതുമായ പഴയ സ്ട്രോംഗ് റൂം മാത്രം നിലനിറുത്തുകയായിരുന്നു. ഹരിപ്പാട് സബ്ട്രഷറിയുടെ ഈ പഴയ സ്ട്രോംഗ് റൂമിലാണ് ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ നിറപുത്തരിചടങ്ങുകൾ നടന്നുവരുന്നത്. ധനകാര്യവകുപ്പിൽ നിന്നും ഈ ചടങ്ങുകൾക്കായി പ്രത്യേക അലോട്ട്മെന്റും ലഭിച്ചിരുന്നു. നിറപുത്തരിചടങ്ങുകൾ ഇന്നും അതിന്റെ തനിമയോടെയും, പാരമ്പര്യത്തോടെയും തനതായരൂപത്തിൽ ആചരിക്കുന്ന കേരളത്തിലെ ഏക സർക്കാർസ്ഥാപനമാണ് ഹരിപ്പാട് സബ്ട്രഷറി. പൗരാണികമായി ഒട്ടേറെ പ്രത്യേകതകളും, ചരിത്ര പ്രാധാന്യവുമുള്ള ഈ പഴയ കെട്ടിടം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിയോജകണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്. ആലപ്പുഴ പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റും ഡിസൈനും പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

# പാലായ്ക്ക് കൂടുതൽ കരുതൽ നൽകി

**മാണി സി. കാപ്പൻ** പാലാ

പാലാ മണ്ഡലത്തിലെ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾക്കു മുൻഗണന നൽകി വികസന പ്രവർത്തനങ്ങൾക്കു കുതിപ്പേകാനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി വർഷങ്ങളായി നടപടി ഇല്ലാതെ കിടന്നിരുന്ന പാലാ ബൈപാസിന്റെ അപാകതകൾ പരിഹരിക്കാൻ നടപടി തുടങ്ങി. ഇതിനായി സർക്കാർ പത്തുകോടി പത്തുലക്ഷം രൂപ അനുവദിച്ചു.

സിവിൽ സ്റ്റേഷൻ മുതൽ വൈക്കം റോഡ് വരെയുള്ള ഒന്നാം റീച്ചിൽ ഭൂമി ഏറ്റെടുക്കുന്നതിന് ഏഴരക്കോടി രൂപയും റോഡ് നിർമ്മാണത്തിന് ഒരു കോടി പത്തുലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത്. രണ്ടാം റീച്ചിൽപ്പെടുന്ന മരിയൻ ജംഗ്ഷനിലെ കെട്ടിടമുൾപ്പെടെ സ്ഥലം ഏറ്റെടുക്കുന്നതിന് 65 ലക്ഷം രൂപയും റോഡ് നിർമ്മാണത്തിന് 32 ലക്ഷം രൂപയും അനുവദിച്ചു.



മീനച്ചിൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ആക്കം കൂട്ടാൻ ഇടയാക്കുന്ന കളരിയാമ്മാക്കൽ പാലത്തിന് അപ്രോച്ച് റോഡുകളും തുടർറോഡും നിർമ്മിക്കുന്ന നടപടികൾക്കും തുടക്കം കുറിച്ചു. പാലത്തിന്റെ അവസ്ഥ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബന്ധപ്പെട്ട വകുപ്പുകളുമായി തിരുവനന്തപുരത്ത് നിരന്തരം ചർച്ച ചെയ്തു നടപടികൾക്കു വേഗം കൂട്ടുകയും ചെയ്തു. മീനച്ചിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളെ പാലാ നഗരത്തോട് അടുപ്പിക്കാൻ കഴിയുംവിധമാണ് പാലം വിഭാവനം ചെയ്തിരിക്കുന്നത്. നഗരത്തിലേക്ക് എത്തുന്ന മുഴുവൻ പൊതുമരാമത്ത് റോഡുകളെയും പരസ്പരം ബന്ധിപ്പിക്കുന്ന ടൗൺ റിങ് റോഡിന്റെ രണ്ടാംഘട്ടം പാലാ-പൊൻകുന്നം റോഡിലെ പന്ത്രണ്ടാംമൈലിൽനിന്ന് ആരംഭിച്ച് പാലാ-ഭരണങ്ങാനം റോഡിലെ കളരിയാമ്മാക്കൽ കടവ് പാലം വരെയുള്ളതാണ്. രണ്ടുകിലോമീറ്റർ ദൂരമാണ് രണ്ടാംഘട്ടത്തിനുള്ളത്.

മീനച്ചിലാറിന് കുറുകെ കളരിയാമ്മാക്കൽ കടവിൽ പാലം നിർമാണം അഞ്ചു വർഷം മുമ്പ് പൂർത്തിയാക്കിയിരുന്നു. എന്നാൽ പാലാ ഭാഗത്തും മീനച്ചിൽ ഭാഗത്തും അപ്രോച്ച് റോഡും തുടർ റോഡും ഇല്ലാതെ പാലം പൂർത്തിയാക്കിയത് പ്രയോജനമില്ലാതെ കിടക്കുകയായിരുന്നു. റോഡ് പൂർത്തീകരിക്കാനുള്ള സ്ഥലം ഏറ്റെടുക്കാൻ സ്ഥലമുടമകളുമായുള്ള ചർച്ചകൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്.

അഞ്ചു വർഷത്തോളമായി പ്രവർത്തനം നിലച്ച മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം പുനരുദ്ധരിക്കുന്നതിനായി മീനച്ചിൽ താലൂക്കിലെ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിക്കാൻ സർക്കാർ ഉത്തരവായി. മുഖ്യമന്ത്രി, സഹകരണ വകുപ്പുമന്ത്രി തുടങ്ങിയവരുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് സർക്കാർ നടപടി. പ്രവർത്തനം നിലച്ചതോടെ സംഘത്തിൽ നിക്ഷേപം നടത്തിയ കർഷകരും സ്ഥാപനത്തിലെ തൊഴിലാളികളും ദുരിതത്തിലായിരുന്നു.

മീനച്ചിൽ മാർക്കറ്റിംഗ് സംഘം പുനരുദ്ധരിച്ച് സംഘത്തിനു കീഴിലെ രണ്ട് ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മൂന്ന് കോടി രൂപയാണ് ആവശ്യമായി വരിക. താലൂക്കിലെ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിക്കുന്നതോടെ ആവശ്യമായ തുക സമാഹരിക്കാമെന്നും ഈ തുക ഉപയോഗിച്ച് ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഘട്ടം ഘട്ടമായി സംഘത്തിന്റെ ബാധ്യതകൾ തീർക്കുന്നതിന് സാധിക്കുമെന്നും ഇതു സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നു. മൂന്നു ഘട്ടമായിട്ടാവും പ്രവർത്തനങ്ങൾ ആരംഭിക്കുക. ആദ്യഘട്ടത്തിൽ റബ്ബർ കർഷകരിൽനിന്ന് മാർക്കറ്റ് വിലയേക്കാൾ അഞ്ച് ശതമാനം ഉയർന്ന വിലയ്ക്ക് റബ്ബർപാൽ, ഒട്ടുപാൽ, ചിരട്ടപ്പാൽ എന്നിവ സംഭരിക്കും. കോവിഡ് പ്രതിസന്ധിയിൽ കർഷകർക്ക് ആശ്വാസം പകരാനാണ് ഉയർന്ന തുകയ്ക്ക് സംഭരണം നടത്തുന്നത്. തുടർന്നു രണ്ടാം ഘട്ടമായി കൂടല്ലൂരിലെ ക്രംബ് റബ്ബർ ഫാക്ടറി പ്രവർത്തനമാരംഭിക്കും. മൂന്നാം ഘട്ടത്തിൽ കരൂർ ലാറ്റക്സ് ഫാക്ടറിയും ഗ്ലൗസ് നിർമ്മാണ യൂണിറ്റും ആരംഭിക്കും.

പാലായിലും പരിസര പ്രദേശങ്ങളിലും ജലലഭ്യത ലക്ഷ്യമാക്കി ആരംഭിച്ചതും പണി നിലച്ചുപോയതുമായ അരുണാപുരം ബ്രിഡ്ജ് കം ബണ്ടിന്റെ നിർമ്മാണം പുനരാരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടിയുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് നാലു വർഷം മുമ്പ് തുടക്കത്തിൽത്തന്നെ നിലച്ചുപോയ പദ്ധതി പുനരാരംഭിക്കാൻ തീരുമാനമായത്. പണി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി അടിയന്തര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

പാലാ നഗരസഭയെയും മുത്തോലി പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് സെന്റ് തോമസ് കോളജിന് പിന്നിൽ അരുണാപുരത്താണ് തടയണയോടുകൂടി പാലം നിർമ്മിക്കുന്നത്. ഇതിന്റെ നിർമ്മാണോദ്ഘാടനം 2016-ൽ നിർവ്വഹിച്ചുവെങ്കിലും പിന്നീട് നടപടികളൊന്നും ഉണ്ടായില്ല. പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സമയത്ത് പോലും നിർമ്മാണം ആരംഭിക്കാൻ കഴിയാതെ ഉപേക്ഷിക്കുകയായിരുന്നു. ഇരുകരകളിൽ നിന്നുമുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പാലം നിർമ്മിക്കുന്നതിന് മുന്നോടിയായി ഇവിടെ ഉണ്ടായിരുന്ന കടത്തുവള്ളം നിർത്തലാക്കുകയും നൂറുകണക്കിനാളുകൾ ഉപയോഗിച്ചിരുന്ന കുളിക്കടവ് പൊളിച്ചു നീക്കുകയും ചെയ്തിരുന്നു. വെള്ളിയേപ്പള്ളി, പന്തത്തല തുടങ്ങിയ സ്ഥലങ്ങളിലുള്ളവരുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു ഈ ബണ്ട് കം ബ്രിഡ്ജ്. 75 മീറ്റർ നീളത്തിലും 7.5 മീറ്റർ വീതിയിലുമാണ് പാലം വിഭാവനം ചെയ്തിരുന്നത്. അരുണാപുരം മുതൽ നാലു കിലോമീറ്റർ മുകളിലേയ്ക്ക് വേനൽകാലത്ത് ജലനിരപ്പ് ഉയർന്നു നിൽക്കുംവിധമാണ് തടയണയുടെ രൂപകൽപന.

അധ്യാപകദിനത്തിൽ ശ്രേഷ്ഠ അധ്യാപകർക്ക് ആദരവു നൽകി. പാലാ മണ്ഡലത്തിൽ പ്ലസ്ടു - പത്താം ക്ലാസ് പരീക്ഷകളിൽ നൂറു ശതമാനം വിജയം നേടിയ സ്കൂളുകളിൽ എത്തിയാണ് അധ്യാപകരെ ആദരിച്ചത്.

പഠന മികവിന് പ്രഖ്യാപിച്ച എം.എൽ.എ. എക്സലൻസ് അവാർഡുകൾ വിദ്യാർത്ഥികളുടെ വീടുകളിൽ എത്തിച്ചു നൽകി. സ്റ്റേറ്റ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സിലബസുകളിൽ എല്ലാ വിഷയങ്ങൾക്കും പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ എ വൺ, എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കാണ് എം.എൽ.എ. എക്സലൻസ് അവാർഡുകൾ സമ്മാനിക്കുന്നത്. പ്രശസ്തിപത്രവും 300 രൂപ വിലയുള്ള പാർക്കർ പേനയുമാണ് ഓരോ വിദ്യാർത്ഥിക്കും നൽകുന്നത്. പാലാ നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നുമായി 750 തോളം വിദ്യാർത്ഥികൾക്കാണ് അവാർഡുകൾ നൽകിയത്. കോവിഡിന്റെ പശ്ചാത്തലത്തിൽ രജിസ്റ്റേർഡ് തപാലിലാണ് അവാർഡുകൾ വീടുകളിൽ എത്തിച്ചത്.

# സാങ്കേതിക വിദ്യയിലെ നൂതന ആശയങ്ങൾ ഉൾക്കൊണ്ട്
# ഇ-നിയമസഭ പദ്ധതി





ഇ-നിയമസഭ പദ്ധതിയിലെ ഇൻഹൗസ് മൊഡ്യൂളുകളായ ആദ്യ പതിപ്പ് 1.0 യിൽ കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തി സജ്ജമായ റിലീസ് 1.3 യുടെയും രണ്ടാം പതിപ്പായ Question, CPL, എന്നിവ ഉൾപ്പെട്ട റിലീസ് 2.0 യുടെയും UAT പൂർത്തീകരിച്ച് വിന്യസിക്കുന്നതിന് തയ്യാറായിക്കഴിഞ്ഞു. പ്രസ്തുത മൊഡ്യൂളുകൾ പരിചയപ്പെടുത്തുന്ന ഒരു ഓൺലൈൻ പരിശീലന പരിപാടി വിവിധ ബാച്ചുകളിലായി 2020 ഒക്ടോബർ 12 മുതൽ അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ചു. മറ്റ് ഇൻഹൗസ് മൊഡ്യൂളുകൾ സജ്ജമായിക്കൊണ്ടിരിക്കുന്നു.

പദ്ധതിയുടെ ഭാഗമായ ഓഫീസ് അഡ്മിനിസ്ട്രേഷൻ സോഫ്റ്റ്‌വെയർ (ERP) മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനായി ULCCS ശേഖരിച്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ FSD (Funtional Requirements Specification Document) ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ച ചെയ്ത് അംഗീകരിച്ച്, സൈൻ-ഓഫ് നടപടികൾ സ്വീകരിച്ചുവരുന്നു. സമാന്തരമായി സോഫ്റ്റ്‌വെയർ വികസനവും പുരോഗമിക്കുന്നു. പദ്ധതിയുടെ ഭാഗമായി ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി അക്കൗണ്ട്സ്, സർവ്വീസസ് വിഭാഗങ്ങൾക്കായി ക്യുബിക്കിളുകൾ സ്ഥാപിക്കുകയും പ്രസ്തുത വിഭാഗങ്ങൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനായി എം.എൽ.എ. മാർക്കായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ട്രെയിനിംഗ് റൂം സജ്ജീകരിക്കുന്നതിനും, ജീവനക്കാർക്കായുള്ള ഇൻഫോലാബ് നവീകരിക്കുന്നതിനുമുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഓഫീസറായ ഐ.ടി. മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി യോഗം ചേർന്ന് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയുണ്ടായി.

സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ട് നിയോജക മണ്ഡലം തിരിച്ച് തിരയുന്നതിനുള്ള സൗകര്യം നിയമസഭാ സാമാജികർക്ക് ഇ-നിയമസഭ പദ്ധതി ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കുന്നത് സംബന്ധിച്ചും ബജറ്റുമായി ബന്ധപ്പെട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട മറ്റ് അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ചും ഡാറ്റാ ലഭ്യമാക്കേണ്ട ഫോർമാറ്റ് സംബന്ധിച്ചും നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ നിന്നും ലഭ്യമാക്കുന്നത് സംബന്ധിച്ചും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഐ.ടി. മിഷൻ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സംയുക്തയോഗങ്ങൾ ചേർന്നു.

## ഡൈനാമിക് വെബ്സൈറ്റ്

കേരള നിയമസഭയുടെ പുതിയ ഡൈനാമിക് വെബ്സൈറ്റിന്റെ പ്രകാശന കർമ്മം പാർലമെന്ററികാര്യ വകുപ്പുമന്ത്രി എ. കെ. ബാലൻ 2020 ആഗസ്റ്റ് 17 ന് നിർവ്വഹിച്ചു. NIC യാണ് വെബ്സൈറ്റ് വികസിപ്പിച്ചത്. ഫൈൻ ആർട്ട്സ് കോളേജ് വിദ്യാർത്ഥി രഞ്ജിത്ത് തയ്യാറാക്കിയ വെബ്സൈറ്റിന്റെ വിഷ്വൽ ഡിസൈൻ, കേരളത്തിന്റെ ചരിത്രവും സാംസ്കാരിക തനിമയും വിളിച്ചോതുന്നതാണ്. കേരള നിയമസഭയുടെ ചരിത്രം, പ്രവർത്തനം എന്നിവ സംബന്ധിച്ച സമഗ്ര വിവരങ്ങൾ വിവിധ മെനുവിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമസഭാ സമിതികൾ, വിവിധ റിപ്പോർട്ടുകൾ, സഭാ നടപടികളുടെ വിവരണം തുടങ്ങി നിയമസഭയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും പൊതുജനങ്ങൾക്ക് ഈ വെബ്സൈറ്റിലൂടെയും (niyamasabha.nic.in) നിയമസഭയുടെ സ്റ്റാറ്റിക് വെബ്സൈറ്റിലൂടെയും (niyamasabha.org) ലഭ്യമാക്കിയിട്ടുണ്ട്.

## സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റ്

നിയമസഭാ സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ പ്രകാശനകർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ 2020 ആഗസ്റ്റ് 17 ന് വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ചു. C-DIT ആണ് വെബ്സൈറ്റ് തയ്യാറാക്കിയത്. സ്പീക്കറുടെ പ്രൊഫൈൽ പ്രഭാഷണങ്ങൾ, റൂളിംഗുകൾ, വീഡിയോകൾ എന്നിവ പൊതുജനങ്ങൾക്ക് വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. (Speakerkerala.niyamasabha.nic.in)

## K-Fi പദ്ധതി

പൊതുസ്ഥലങ്ങളിലും, സർക്കാർ ഓഫീസ് പരിസരങ്ങളിലും സൗജന്യമായി ഇന്റർനെറ്റ് വൈ-ഫൈ കണക്റ്റിവിറ്റി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്കരിച്ച് ഐ.ടി. മിഷൻ മുഖേന നടപ്പാക്കി വരുന്ന ഓപ്പൺ വൈ-ഫൈ പദ്ധതിയായ K-Fi പദ്ധതി നിയമസഭാ സമുച്ചയത്തിലും എം.എൽ.എ. ഹോസ്റ്റലിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതിയുടെ ഭാഗമായുള്ള അക്സസ്സ് പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

## ഓൺലൈൻ സമിതിയോഗങ്ങൾ

സഭാ ടി.വി. യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സമിതികൾ, വിവിധ നിയമസഭാ സമിതികൾ എന്നിവ Google Meet സംവിധാനം ഉപയോഗപ്പെടുത്തി നിയമസഭാ സമുച്ചയത്തിൽ സജ്ജീകരിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം ഉപയോഗിച്ച് ഓൺലൈനായി യോഗങ്ങൾ ചേർന്നു വരുന്നു.

തയ്യാറാക്കിയത്
കവിത ഉണ്ണിത്താൻ
ജോയിന്റ് സെക്രട്ടറി

# വീണ്ടും അധ്യാപകനായി



വീണ്ടും അധ്യാപകനായി നിയമസഭ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷയുടെ പ്രാഥമിക കടമ്പ കടന്ന ഉദ്യോഗാർത്ഥികൾക്കാണ് സ്പീക്കർ ക്ലാസെടുത്തത്. സംസ്ഥാന യുവജന ക്ഷേമ ബോർഡാണ് മെയിൻ പരീക്ഷയ്ക്ക് സഹായിക്കുന്ന 'ദ വിൻഡോ റീ ഡിസൈൻ യുവർ ഫ്യൂച്ചർ' എന്ന പേരിൽ ഓൺലൈൻ ക്ലാസ് ഒരുക്കിയത്. ഇതിന് തുടക്കം കുറിച്ച് സ്പീക്കർ ജനാധിപത്യ സംവിധാനത്തിലെ അധികാര അവകാശങ്ങളെക്കുറിച്ചും നിയമസഭയുടെയും പാർലമെന്റിന്റെയും നടപടി ക്രമത്തെക്കുറിച്ചും ക്ലാസ്സെടുത്തു. ജനാധിപത്യത്തിന്റെ നെടും തൂണുകളിൽ തുടങ്ങി ഭാരതീയ വൈവിധ്യങ്ങളെക്കുറിച്ചും രാഷ്ട്രീയ പ്രക്രിയയെക്കുറിച്ചും സ്പീക്കർ വിശദമായി സംസാരിച്ചു. ഇന്ത്യയുടെ നിയമനിർമ്മാണ വ്യവസ്ഥയും പാർലമെന്റിനും നിയമസഭകൾക്കും അതിലുള്ള പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു.

സ്പീക്കർ എന്ന നിലയിലുള്ള നിയമസഭാ അനുഭവങ്ങൾ അദ്ദേഹം പങ്കുവെച്ചു. സഭാ നടപടിക്രമങ്ങൾ, സഭയുടെ അധികാരങ്ങൾ, രീതികൾ എന്നിവ വിശദമായി പരാമർശിച്ച സ്പീക്കർ നിയമനിർമ്മാണത്തിൽ സഭ വഹിക്കുന്ന പങ്കും വിശദമാക്കി. സഭാ നടപടിക്രമങ്ങൾ തടസപ്പെടുത്തൽ, സഭയിലെ ബഹള സാഹചര്യം എന്നിവ എങ്ങനെ നേരിടുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ ഭരണഘടനാപരമായ അടിത്തറ, ചരിത്ര പശ്ചാത്തലം എന്നിവയും സ്പീക്കർ വിശദീകരിച്ചു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# സഭാ ടി.വി. പ്രവർത്തനമാരംഭിച്ചു

അപൂർണ്ണതയിൽ നിന്നും പൂർണ്ണത തേടുന്ന അതുല്യപ്രതിഭാസമാണ് ജനാധിപത്യം. അതുകൊണ്ടുതന്നെ, ജനാധിപത്യത്തിന്റെ ശാക്തീകരണം സുസാധ്യമാക്കുന്ന കർമ്മപദ്ധതികൾക്ക് രൂപം നൽകുക എന്നത് ഏതൊരു ഭരണഘടനാസ്ഥാപനത്തിന്റെയും ഉത്തരവാദിത്വമാണ്. അത്തരത്തിൽ ജനാധിപത്യത്തിന്റെ അന്തസ്സത്ത സംരക്ഷിച്ചുകൊണ്ട്, സമകാലീന കാലഘട്ടത്തിന് അനുഗുണമാകുംവിധം ജനാധിപത്യാനുഭവങ്ങൾ സമൂഹത്തിന്റെ സമസ്ത മേഖലകളിലേക്കും എത്തിക്കുന്നതിനുള്ള കേരള നിയമസഭയുടെ നൂതന സൃഷ്ടിയാണ് സഭാ ടി.വി. ജനാധിപത്യത്തെ വൈവിധ്യവത്കരിക്കുന്നതിന് എക്കാലത്തും കർമ്മോദ്യുക്തതയോടെ പ്രയത്നിച്ചിട്ടുള്ള കേരള നിയമസഭയുടെ ആദരണീയനായ സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ ചിന്താധാരയിൽ ഉരുത്തിരിഞ്ഞ ഈ നൂതന ആശയത്തിന്റെ സാക്ഷാത്കാരത്തോടെ കേരള നിയമസഭ സ്വന്തമായി ദൃശ്യ ശ്രാവ്യ സംരംഭമുള്ള ഇന്ത്യയിലെ ആദ്യത്തെ നിയമസഭ എന്ന ഖ്യാതിക്ക് അർഹമായിരിക്കുകയാണ്.

സഭാ ടി.വി.യുടെ ഔപചാരിക ഉദ്ഘാടനം 2020 ആഗസ്റ്റ് 17 (1196 ചിങ്ങം 1) ഉച്ചയ്ക്ക് 12.00 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടന്നു. കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി. ശശി സ്വാഗതം ആശംസിച്ച ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചത് കേരള നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണനാണ്. നിയമസഭാ പ്രവർത്തനങ്ങളെയും ജനാധിപത്യപ്രക്രിയയെയും പരമാവധി ജനങ്ങളിലേക്ക് എത്തിക്കാൻ പരിശ്രമിക്കുന്ന കേരള നിയമസഭയുടെ ഒരു പുതിയ സംരംഭമാണ് സഭാ ടി.വി.യെന്നും, സഭയ്ക്കകത്തു നടക്കുന്ന സംവാദങ്ങൾ ജനങ്ങളിലേക്ക് സ്വതന്ത്രമായി എത്തിക്കുന്നതിനും, ജനങ്ങളും നിയമസഭയും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കുകയാണ് സഭാ ടി.വി.യിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

സഭാ ടി.വി.യുടെ ഉദ്ഘാടന കർമ്മം ലോക്സഭാ സ്പീക്കർ ഓം ബിർള വീഡിയോ കോൺഫറൻസ് മുഖേന നിർവ്വഹിച്ചു. നിയമസഭയുടെ നടപടിക്രമങ്ങളും സഭാ സമിതികളുടെ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള ജനാധിപത്യ പ്രക്രിയയുടെ വിവിധ തലങ്ങൾ ദൃശ്യ ശ്രാവ്യ സംരംഭത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നതുവഴി അവരെ കൂടുതൽ ഗ്രാഹ്യമുള്ളവരാക്കുവാനും അതു വഴി തെരഞ്ഞെടുപ്പ് പ്രക്രിയയിൽ അവരെ കൂടുതൽ ഭാഗമാക്കുവാനും സാധിക്കുമെന്നും, അതുകൊണ്ട് കേരള നിയമസഭയുടെ ഈ ചുവടുവെയ്പ്പ് ഇന്ത്യയിലെ മറ്റു സംസ്ഥാന നിയമസഭകൾക്ക് അനുകരണീയമായ ഒരു മാതൃകയാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

ചടങ്ങിൽ നിയമസഭാ സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിലെ സംസ്ഥാന നിയമസഭകളിലാദ്യമായി ഒരു ടി.വി. ചാനൽ ആരംഭിക്കുന്നതു വഴി കേരള നിയമസഭ ചരിത്രം സൃഷ്ടിക്കുകയാണെന്നും, സംസ്ഥാന നിയമസഭയുടെ പ്രവർത്തനങ്ങളെ പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കുന്ന അവസ്ഥ സഭാ ടി.വി.യിലൂടെ സംജാതമാകുമെന്നും പ്രഭാഷണത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

തദവസരത്തിൽ, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എ.കെ. ബാലൻ കേരള നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് സംസാരിച്ചു. ജനാധിപത്യത്തിന്റെ ശാക്തീകരണത്തിന് ഉപോദ്ബലകമാകുന്ന നിരവധി മാതൃകാപ്രവർത്തനങ്ങളാൽ സമ്പന്നമാണ് കേരള നിയമസഭയെന്നും, സഭാ ടി.വി. യിലൂടെ ലോകത്തിനു മുന്നിൽ കേരള നിയമസഭ മറ്റൊരു നൂതന അധ്യായത്തിന് തുടക്കംകുറിച്ചിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ഇ.ചന്ദ്രശേഖരൻ, തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, നിയമസഭാ സാമാജികരായ മാത്യു ടി.തോമസ്, ഒ.രാജഗോപാൽ, പി.സി.ജോർജ്, വീണാ ജോർജ്, സഭാ ടി.വി.യുടെ മീഡിയാ കൺസൾട്ടന്റ് വെങ്കിടേശ്വരൻ രാമകൃഷ്ണൻ എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ കൃതജ്ഞത രേഖപ്പെടുത്തി.

ചടങ്ങിന്റെ ഭാഗമായി പതിനാല് നിയമസഭകളുടെയും ആധുനിക കേരളത്തെ രൂപപ്പെടുത്തിയ നിയമസഭാംഗങ്ങളായ ജനനേതാക്കളുടെയും ചരിത്രം പ്രതിപാദിക്കുന്ന 'ഐശ്വര്യപൂർണ്ണമായ ഭൂതകാലം, ഊർജ്ജസ്വലമായ വർത്തമാനകാലം' എന്ന ഹ്രസ്വ ചിത്രവും 'സഭാ ടി.വി.യുടെ പരിപാടികളിലേക്ക് ഒരെത്തിനോട്ടം' എന്ന വീഡിയോയും പ്രദർശിപ്പിക്കുകയുണ്ടായി.




## സഭാ ടി.വി.യുടെ 'നാട്ടുവഴി'യ്ക്ക് ചിറ്റൂർ മണ്ഡലത്തിൽ നിന്നും തുടക്കം

തെക്ക് പാറശ്ശാല മുതൽ വടക്ക് മഞ്ചേശ്വരം വരെയുള്ള കേരളത്തിലെ നൂറ്റി നാൽപ്പത് അസംബ്ലി നിയോജക മണ്ഡലങ്ങളെയും ലോകത്തിന് പരിചയപ്പെടുത്തുന്ന സഭാ ടി.വി. യുടെ പരിപാടിയായ 'നാട്ടുവഴി' ആരംഭിച്ചു. പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിൽ നിന്നാണ്, കേരളത്തിന്റെ ചരിത്ര, സാംസ്കാരിക-വികസന പരിണാമങ്ങൾ തൊട്ടറിഞ്ഞുകൊണ്ടുള്ള 'നാട്ടുവഴി' യ്ക്ക് സഭാ ടി.വി. സമാരംഭം കുറിച്ചത്. നിയമസഭയുടെ മുഖമായ സഭാ ടി.വി. യിലൂടെ കേരളത്തിന്റെ കാർഷിക സംസ്കാരം വിളിച്ചോതുന്ന ചിറ്റൂർ നിയോജക മണ്ഡലത്തിന്റെ സ്പന്ദനങ്ങൾ ഇതിനോടകം ലോകം അടുത്തറിഞ്ഞു കഴിഞ്ഞു.




(സഭാ ടി.വി. യുടെ 'സെൻട്രൽ ഹാൾ' എന്ന പരിപാടിക്കു വേണ്ടി സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പ്രമുഖ സാഹിത്യകാരനും, ചലച്ചിത്ര പ്രവർത്തകനും, ജ്ഞാനപീഠ പുരസ്കാര ജേതാവുമായ എം.ടി. വാസുദേവൻ നായരുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്)

**സ്പീക്കർ: എം.ടി യുടെ കൃതികളിൽ ദ്വന്ദഭാവം തോന്നിയിട്ടുണ്ട്. ഒന്ന് ഭൂപരിഷ്കരണത്തിനു ശേഷമുള്ള തറവാടുകളുടെ തകർച്ച. 'നാലുകെട്ട്' പോലെ, തറവാടുകളിൽ ദുഃഖത്തിന്റെ ഒരു അന്തരീക്ഷം. അതോടൊപ്പം തന്നെ 'പള്ളിവാളും കാൽ ചിലമ്പും' എഴുതിയിട്ട് കേരളത്തെ ഞെട്ടിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ രണ്ടു ഭാവങ്ങൾ അങ്ങയുടെ എഴുത്തിൽ കാണാറുണ്ടല്ലോ?**

എം.ടി. : അത് മരുമക്കത്തായത്തിന്റെ തകർച്ചയാണ്. അതിപ്പോ നമുക്കല്ല ദുഃഖം തോന്നിയിരുന്നത് നമ്മുടെ മുൻ തലമുറക്കാണ്. എന്റെ അമ്മയൊക്കെ ആ പഴയ കാലത്തെക്കുറിച്ച് പറഞ്ഞ് ദുഃഖിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം അവരുടെ ആ കാലം നമ്മൾ കണ്ടിട്ടില്ല. നമ്മൾ കണ്ടത് അതിന്റെ തകർച്ചയാണ്. ആ തകർച്ചകളെന്തെന്നുവച്ചാൽ പരസ്പരം വഴക്കുകൾ, ഭാഗം പിരിഞ്ഞു പോകൽ. ഒരു വലിയ സമ്പ്രദായം പതുക്കെപ്പതുക്കെ ഇല്ലാതാകുന്നത് നാം കാണുന്നു. ആധാരത്തിന്റെ കോപ്പി എന്റെ ചേട്ടന്റേലൊക്കെ ഉണ്ടായിരുന്നു. ഒരു ഭാഗം വയ്ക്കൽ കഴിഞ്ഞപ്പോൾ അറുപത്തി നാല് പേരാ!, അറുപത്തി നാല് പേർ! മുപ്പത്തി രണ്ട് കുട്ടികൾ! അറുപത്തി നാല് സീനിയേഴ്സ്! ഇതൊക്കെയാണ് ഈ പങ്കു വച്ചു പോകുന്നത്. ഭാഗം കഴിയുമ്പോൾ അതൊരു തമാശയായിട്ട് വരും. കടവും ധനവും ഒപ്പമാണ് എന്നാണന്ന് പറഞ്ഞിരുന്നത്. അത്രയൊക്കെ അസറ്റ്സ് ഉണ്ട്. പക്ഷേ അതേ സമയം അത്രയും കടങ്ങളുമുണ്ട്. എന്റെ കാലമായപ്പോൾ ചെറിയ തോതിലേ കൃഷിയുള്ളൂ. നല്ല കാലാവസ്ഥയും നല്ല മഴയും ഒക്കെ ഉണ്ടെങ്കിൽ വിത്ത് വിതച്ച് കർക്കിടകത്തിൽ കൊയ്യാം.

**സ്പീക്കർ : ഇന്നൊരു നിർമ്മാല്യം സിനിമ എടുക്കുന്നതിനെക്കുറിച്ചാലോചിച്ചിട്ടുണ്ടോ ?**

എം.ടി. : ഇപ്പോ എനിക്കെടുക്കാൻ പറ്റില്ല. ആ കാലത്തെടുത്തു. അതല്ലാതെ ഇന്നത്തെ കാലത്തില്ല.

**സ്പീക്കർ : അത്രയും ശക്തമായൊരു പര്യവസാനം ?**

എം.ടി. : ഇന്ന് ധൈര്യം പോര. ശരിക്കും പറഞ്ഞാൽ അതെടുക്കാനുള്ളൊരു ധൈര്യമുണ്ടല്ലോ? ചെറിയ നിസാരകാര്യത്തിനു പോലും ഭയങ്കര സംഭവങ്ങൾ ഉണ്ടാക്കുന്ന ഒരു അവസ്ഥയിലേക്ക് നമ്മൾ മാറിയിരിക്കുന്നു.

**സ്പീക്കർ : ആ സിനിമയ്ക്കെതിരെയോ ആ കഥയ്ക്കെതിരെയോ അന്ന് എന്തെങ്കിലും എതിർപ്പുകൾ ഉണ്ടായിരുന്നോ?**

എം.ടി. : എതിർപ്പുകൾ കുറച്ചൊക്കെ ഉണ്ടായിരുന്നു. പക്ഷേ പടം നന്നായിട്ട് ഓടി. അതിൽ വേറൊരു വശമുണ്ടായിരുന്നു. ക്ഷേത്രാചാരങ്ങൾ നിലനിർത്താൻ വേണ്ടി കഷ്ടപ്പെട്ടിട്ടുള്ള ആളിന്റെ ജീവിതമാണ്. അയാളെ അവിടെ നിന്ന് ഇറക്കാൻ പോകുകയാണോ? അയാളെ ബന്ധിക്കാൻ പോകുകയാണോ? അത് കാണുമ്പോൾ ആളുകളുടെ ഉള്ളിൽ ഒരു വിഷമമുണ്ടാകും. അങ്ങനെയൊരെതിർപ്പ് ഒന്നും ഉണ്ടായില്ല. പക്ഷേ ഇന്ന് അതേപോലൊരു സനിമ ഉണ്ടാക്കാൻ പറ്റുമോ എന്ന് പറയാൻ പറ്റില്ല.

(എം.ടി.വാസുദേവൻ നായരുമായുള്ള അഭിമുഖത്തിന്റെ പൂർണരൂപം https://play.google.com/store/apps/details? id=com.kla.sabhatv&hl=en_IN എന്ന ലിങ്കിൽ ലഭ്യമാണ്.)

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



റ്റി.മനോഹരൻ നായർ,
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

(ലേഖനം തുടർച്ച)

കേരള നിയമസഭയിൽ നിലവിലുള്ള 37 സമിതികളെ ധനകാര്യ സമിതികൾ (4 എണ്ണം) എന്നും സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമിതികൾ  (4 എണ്ണം) എന്നും  അന്വേഷണം നടത്തുന്നതിനുള്ള സമിതികൾ (3 എണ്ണം) എന്നും ക്ഷേമസമിതികൾ (6 എണ്ണം) എന്നും സഭയുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട സമിതികൾ (4 എണ്ണം) എന്നും ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം നേടുന്നതിനുള്ള സമിതികൾ അഥവാ സബ്ജക്ട് കമ്മിറ്റികൾ (14 എണ്ണം) എന്നും സഭാംഗങ്ങളുടെ സൗകര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സമിതികൾ (2 എണ്ണം) എന്നും തരംതിരിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചിരുന്നല്ലോ. അത്തരത്തിൽ ഓരോ വിഭാഗത്തിലുംപെട്ട സഭാ സമിതികളുടെ പ്രവർത്തനത്തെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച് ഒന്ന് പരിശോധിക്കാം.

## I. ധനകാര്യ സമിതികൾ

1957 മേയ് 3 ാം തീയതി രൂപീകൃതമായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, 1968 ൽ രൂപീകൃതമായ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി എന്നിവയായിരുന്നു കേരള നിയമസഭയിലെ മൂന്ന് ധനകാര്യസമിതികൾ.  2003 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്ന പേരിൽ അന്വേഷണം നടത്തുന്നതിനുള്ള ഒരു സമിതി രൂപീകൃതമായി പ്രവർത്തനം ആരംഭിച്ചിരുന്നു. പ്രസ്തുത സമിതിയെ ധനകാര്യ സമിതി എന്ന വിഭാഗത്തിലേക്ക് ചട്ട ഭേദഗതിയിലൂടെ മാറ്റിയത് 2010 മാർച്ച് 31 നാണ്.

## ധനകാര്യ സമിതികളുടെ ഘടന

ധനകാര്യ സമിതികളിൽ ആകെ പതിനൊന്ന് അംഗങ്ങളാണ് ഉള്ളത്. മറ്റു നിയമസഭാ സമിതികളിലെ അംഗങ്ങളെ സ്പീക്കർ നോമിനേറ്റ് ചെയ്യുമ്പോൾ ധനകാര്യ സമിതികളിലെ അംഗങ്ങളെ നിയമസഭാംഗങ്ങൾതന്നെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട്  മുഖേനയുള്ള ആനുപാതിക പ്രാതിനിധ്യ തത്വപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഓരോ രാഷ്ട്രീയ പാർട്ടിക്കും അവരുടെ സഭയിലെ അംഗസംഖ്യക്ക് ആനുപാതികമായിട്ടുള്ള അംഗങ്ങളെ ഈ സമിതികളിലേക്ക് തെരഞ്ഞെടുക്കാൻ കഴിയുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരിൽനിന്നും ഒരാളെ സമിതിയുടെ അധ്യക്ഷനായി സ്പീക്കർ നിയോഗിക്കുകയാണ് ചെയ്യുന്നത്. ധനകാര്യ സമിതികളുടെ കാലാവധി 30 മാസമാണ്. ഒരു കീഴ്‌വഴക്കമെന്ന നിലയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായി പ്രതിപക്ഷത്തുള്ള ഒരു അംഗത്തെയാണ് നിയോഗിക്കാറുള്ളത്. ഇന്ത്യൻ പാർലമെന്റിലും ഇതര സംസ്ഥാന നിയമസഭകളിലും ഇതാണ് കീഴ്‌വഴക്കം.

## (1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

ഗവണ്മെന്റിന്റെ വിവിധ ചെലവുകൾക്കായി വർഷാവർഷം ബജറ്റിലൂടെ സഭ അനുവദിക്കുന്ന തുക എപ്രകാരം ചെലവഴിച്ചു, അത് നിർദ്ദിഷ്ട കാര്യങ്ങൾക്കു വേണ്ടിത്തന്നെയാണോ ചെലവഴിച്ചത്, എങ്കിൽ അത് ബുദ്ധിപൂർവമായാണോ ചെലവഴിച്ചത്, പാഴ്ചെലവുണ്ടായിട്ടുണ്ടോ എന്നെല്ലാം അറിയാനുള്ള അവകാശം സഭയ്ക്കുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 148 പ്രകാരം രൂപീകൃതമായിട്ടുള്ള കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഗവണ്മെന്റിന്റെ കണക്ക് ഓരോ വർഷവും പരിശോധിക്കുകയും  അതു സംബന്ധിച്ച റിപ്പോർട്ട് ഗവർണ്ണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം ഗവർണ്ണർക്കു സമർപ്പിക്കുന്ന റിപ്പോർട്ട്  സഭയിൽ വയ്ക്കുവാൻ അദ്ദേഹം നിർദ്ദേശിക്കുന്നു. നിയമസഭയ്ക്ക് അത് പരിശോധിക്കുവാനുള്ള സാവകാശം ഇല്ലാത്തതിനാൽ ഇത് പരിശോധിക്കുന്നതിനും സാമ്പത്തിക നിയന്ത്രണം പാലിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ ആദ്യമായി ഇത്തരം സമിതിയെ നിയോഗിച്ചത് 1861 ലാണ്. ഇന്ത്യയിൽ 1921 ൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി.)യെ നിയോഗിച്ചിരുന്നു. 1950 ൽ ഇന്ത്യൻ പാർലമെന്റിൽ ഈ സമിതിയുടെ അംഗബലം 15 ആയിരുന്നു. 1954-55 മുതൽ 22 ആയി അംഗസംഖ്യ ഉയർത്തി. ലോക്‌സഭയിൽ നിന്ന് പതിനഞ്ചും രാജ്യസഭയിൽ നിന്ന് ഏഴും.

### ചുമതലകൾ

ഈ സമിതിയുടെ പ്രധാന ചുമതല സംസ്ഥാന ഗവണ്മെന്റിന്റെ ചെലവിനുവേണ്ടി സഭ അനുവദിക്കുന്ന തുകയുടെ ധനവിനിയോഗ കണക്കുകൾ, സംസ്ഥാന ഗവണ്മെന്റിന്റെ വാർഷിക ധനകാര്യ കണക്കുകൾ, സമിതിക്ക് യുക്തമെന്നു തോന്നുന്ന സഭയുടെ മുമ്പാകെ വരുന്ന മറ്റു കണക്കുകൾ എന്നിവയുടെ പരിശോധനയാണ്. കൂടാതെ സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകളും അതിന്മേലുള്ള കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടും പരിശോധിക്കുമ്പോൾ ചെലവഴിച്ചതായി കണക്കിൽ കാണിച്ചിട്ടുള്ള തുക നിയമപരമായി ലഭ്യമായിരുന്നുവെന്നും അത് ഏത് സേവനത്തിനോ കാര്യത്തിനോ വേണ്ടിയാണോ നൽകിയിരുന്നത്, അതിനുവേണ്ടിത്തന്നെ ഉപയോഗിച്ചുവെന്നും സമിതിക്ക് ബോധ്യപ്പെടേണ്ടതുണ്ട്. അതുപോലെ ചെലവ് അതിന് ഉപോൽബലകമായ പ്രമാണ പ്രകാരമായിരുന്നുവെന്നും യോഗ്യതയുള്ള അധികാരസ്ഥൻ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളനുസരിച്ചാണ് റീ-അപ്രോപ്രിയേഷൻ നടത്തിയതെന്നും സമിതിക്ക് ബോധ്യപ്പെടേണ്ടതുണ്ട്.

സംസ്ഥാന കോർപ്പറേഷനുകൾ, വാണിജ്യ നിർമ്മാണ പദ്ധതികൾ, വ്യാപാര സ്ഥാപനങ്ങൾ, പ്രോജക്ടുകൾ എന്നിവയുടെ ലാഭനഷ്ട കണക്കുകൾ, അതിന്മേലുള്ള കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ എന്നിവയുടെ പരിശോധനയും സമിതിയുടെ കർത്തവ്യമാണ്. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ആഡിറ്റ് ചെയ്തേക്കാവുന്ന സ്വതന്ത്ര, അർധ സ്വതന്ത്ര സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്ക് കാണിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ പരിശോധനയും സമിതിയുടെ കർത്തവ്യമാണ്. അക്കൗണ്ടന്റ് ജനറലിനോട് ആഡിറ്റ് ചെയ്യണമെന്ന് സംസ്ഥാന ഗവർണർ ആവശ്യപ്പെടുന്ന ഏതെങ്കിലും വരവുകൾ പരിഗണിക്കുകയും സ്റ്റോഴ്സിന്റെയും സ്റ്റോക്കിന്റെയും കണക്കുകൾ പരിശോധിക്കുകയും ചെയ്യേണ്ടതാണ്. ഒരു സർവീസിന്റെ കാര്യത്തിനായി സഭ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവാക്കിയിട്ടുള്ളപക്ഷം അപ്രകാരം അധിക ചെലവ് നടത്താനുള്ള സാഹചര്യത്തെപ്പറ്റി സമിതി അന്വേഷിച്ച് ശിപാർശ ചെയ്യേണ്ടതാണ്. അധിക ചെലവിനെപ്പറ്റി സാധാരണയായി സമിതി ഒരു പ്രത്യേക റിപ്പോർട്ടാണ് സമർപ്പിക്കാറുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ ഓരോ അധിക ചെലവിന്റെയും കാരണങ്ങളും അവ അംഗീകരിക്കുന്നതിനുള്ള തടസ്സവും ചൂണ്ടിക്കാണിക്കും. അധിക ചെലവ് ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നപക്ഷം അധിക ധനാഭ്യർത്ഥന കൊണ്ടുവന്ന് അവ ക്രമീകരിക്കുകയാണ് പതിവ്.

നഷ്ടങ്ങളും വ്യർത്ഥമായ ചെലവുകളും സാമ്പത്തിക ക്രമക്കേടുകളും സമിതി ഗൗരവപൂർവം പരിശോധിക്കും. അനാസ്ഥ മൂലം നഷ്ടമോ അനാവശ്യചെലവോ ഉണ്ടാകുന്ന സംഗതിയിൽ കുറ്റക്കാർക്കെതിരെ എടുത്ത നടപടി സമിതിയെ അറിയിക്കുവാൻ ഗവണ്മെന്റ് ബാധ്യസ്ഥമാണ്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശിപാർശകൾ സമിതി നൽകാറുണ്ട്. ഇത്തരം സംഗതികൾക്കെതിരെ സമിതി താക്കീത് നൽകാറുണ്ട്. സർക്കാരിന്റെ ധനകാര്യനയത്തെപ്പറ്റി സമിതി ഗൗനിക്കാറില്ല. എന്നാൽ ആ നയം നടപ്പാക്കുന്ന കാര്യത്തിൽ അനാവശ്യ ചെലവുണ്ടായിട്ടുണ്ടെങ്കിൽ അത് സമിതി ചൂണ്ടിക്കാണിക്കാറുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ ഏതെങ്കിലും സ്കീമിനെയോ വർക്കിനെയോ മറ്റെന്തെങ്കിലും കാര്യത്തെയോപ്പറ്റി ഗുരുതരമായ ക്രമക്കേടുകൾ പരാമർശിച്ചിട്ടുള്ളപക്ഷം സമിതി സ്ഥലം സന്ദർശിച്ച് പ്രശ്നത്തെപ്പറ്റി പഠനം നടത്താറുണ്ട്.

### യോഗം ചേരലും റിപ്പോർട്ട് തയ്യാറാക്കലും

പി.എ.സി. രൂപീകരിച്ചാലുടനെ അത് യോഗം ചേരുകയും അതിന്റെ യോഗങ്ങളെ സംബന്ധിക്കുന്ന പരിപാടി തയ്യാറാക്കി ബന്ധപ്പെട്ടവർക്കു നൽകുകയും ചെയ്യുന്നു. ഓരോ യോഗത്തിലും സമിതിയെ സഹായിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ ഹാജരാകാറുണ്ട്. അദ്ദേഹത്തിന്റെ ഓഫീസിലുള്ള വിവരങ്ങളുടെയും ബന്ധപ്പെട്ട വകുപ്പിൽനിന്ന് വിളിച്ചു വരുത്തുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ മെമ്മോ ഓഫ് ഇംപോർട്ടന്റ് പോയിന്റ്സ് തയ്യാറാക്കി നേരത്തെതന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ നൽകിയിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് സമിതിക്കാവശ്യമായ ചോദ്യാവലി തയ്യാറാക്കിക്കൊടുക്കാറുണ്ട്. ആഡിറ്റ് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുമ്പോൾ സമിതി ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ സാക്ഷിവിസ്താരം നടത്തി തെളിവെടുക്കാറുണ്ട്. സാക്ഷിവിസ്താരം നടത്തുന്നതിന് അക്കൗണ്ടന്റ് ജനറൽ ആവശ്യമായ സഹായം സമിതി അധ്യക്ഷന് നൽകാറുണ്ട്. അധ്യക്ഷന്റെ അനുമതിയോടുകൂടി ഏതെങ്കിലും വിവരം വ്യക്തമാക്കാനുള്ള ചോദ്യങ്ങൾ അക്കൗണ്ടന്റ് ജനറലിനും ചോദിക്കാവുന്നതാണ്. സാക്ഷിവിസ്താരത്തിന്റെ വെളിച്ചത്തിൽ കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശ ക്രോഡീകരിച്ചുകൊണ്ടുള്ള കരട് റിപ്പോർട്ട് തയ്യാറാക്കുകയും  അത് അക്കൗണ്ടന്റ് ജനറലിന്റെ വസ്തുതാ പരിശോധനയ്ക്ക് അയയ്ക്കുകയും തിരികെ ലഭിക്കുന്ന മുറയ്ക്ക് സമിതി അംഗീകരിച്ചശേഷം സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

## (2) എസ്റ്റിമേറ്റ്സ് കമ്മിറ്റി

ഇന്ത്യയിൽ 1937 മുതൽ തന്നെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച് സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അന്വേഷണം വന്നെങ്കിലും ഭരണഘടന നിലവിൽ വന്നശേഷമാണ് ലോക്‌സഭയിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി രൂപം കൊണ്ടത്. ഭരണഘടനയുടെ അനുച്ഛേദം 203 അനുസരിച്ച് സഞ്ചിതനിധിയിൽ ചാർജ്ജ് ചെയ്ത തുകയൊഴിച്ച് ചെലവിന് വേണ്ടിവരുന്ന എസ്റ്റിമേറ്റ് ധനാഭ്യർത്ഥനയുടെ രൂപത്തിൽ നിയമസഭയ്ക്ക് സമർപ്പിക്കേണ്ടതാണ്. സഭയ്ക്ക് അതിന് അനുമതി നൽകുകയോ അനുമതി നിഷേധിക്കുകയോ തുകയിൽ കുറവ് വരുത്തിക്കൊണ്ട് അനുമതി നൽകുകയോ ചെയ്യാവുന്നതാണ്. സഭ ഈ ധനാഭ്യർത്ഥനകളെപ്പറ്റി ചർച്ച നടത്തുന്നുണ്ട്. എന്നാലും ഈ എസ്റ്റിമേറ്റുകളുടെ വിശദാംശത്തെപ്പറ്റിയോ സാങ്കേതിക വശങ്ങളെപ്പറ്റിയോ ചർച്ച ചെയ്യുവാൻ സഭയ്ക്ക് സമയം ലഭിക്കുന്നില്ല. അതുകൊണ്ട് സഭ നിർവഹിക്കേണ്ടതായ കർമ്മം സഭയ്ക്കുവേണ്ടി നിർവഹിക്കുന്നതിനാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് രൂപം കൊടുത്തിരിക്കുന്നത്.

### ചുമതലകൾ

വാർഷിക ബജറ്റിലൂടെ സർക്കാർ വിവിധ വകുപ്പുകൾക്കായി നിശ്ചയിക്കുന്ന എസ്റ്റിമേറ്റുകൾ പരിശോധിക്കുകയാണ് ഈ സമിതിയുടെ പ്രധാന കർത്തവ്യം. എസ്റ്റിമേറ്റിനാധാരമായ നയത്തിനനുസൃതമായി ഏത് വിധത്തിൽ മിതവ്യയമോ ഘടനാരീതിയോ കാര്യക്ഷമതയോ മെച്ചപ്പെടുത്താമെന്നും ഭരണ പരിഷ്കാരം നടപ്പാക്കാമെന്നും റിപ്പോർട്ട് ചെയ്യുക, ഭരണത്തിൽ കാര്യക്ഷമതയും മിതവ്യയവും കൊണ്ടുവരുന്നതിനായി പകരം നയങ്ങൾ നിർദ്ദേശിക്കുക, എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ള നയത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പണം നന്നായി ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക, എസ്റ്റിമേറ്റുകൾ ഏത് ഫോമിൽ സഭയിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുക എന്നിവയും സമിതിയുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു.

### പ്രവർത്തന ശൈലി

സമിതിയുടെ കാലയളവിൽ പരിശോധിക്കാനുദ്ദേശിക്കുന്ന വിഷയങ്ങൾ സമിതി ആദ്യയോഗങ്ങളിൽത്തന്നെ തെരഞ്ഞെടുക്കുന്നു. അതിനുശേഷം ബന്ധപ്പെട്ട വകുപ്പുകളോട് അവയുടെ ഘടന, പ്രവർത്തനം, ബജറ്റ് എസ്റ്റിമേറ്റിന്റെ വിശദാംശം, ചെലവിന്റെ വിശദാംശം മുതലായവ സംബന്ധിച്ച വിവരങ്ങൾ നൽകുവാൻ ആവശ്യപ്പെടുന്നു. വകുപ്പ് തരുന്ന വിവരങ്ങൾ പഠിച്ചശേഷം അംഗങ്ങൾ അവർക്കുള്ള നിർദ്ദേശങ്ങളോ കൂടുതൽ ലഭിക്കേണ്ട വിവരങ്ങൾ സംബന്ധിച്ച കാര്യങ്ങളോ ലഭ്യമാക്കും. ഈ

വിവരങ്ങളിൽനിന്ന് ഒരു ചോദ്യാവലി ഉണ്ടാക്കി സമിതി അത് അംഗീകരിച്ചശേഷം മറുപടി ലഭിക്കുന്നതിനായി ഗവണ്മെന്റിന് അയച്ചുകൊടുക്കുന്നു. പഠിക്കുന്ന വിഷയങ്ങളെപ്പറ്റി കൂടുതൽ ഗ്രാഹ്യം കിട്ടുന്നതിനും പരിചയപ്പെടുന്നതിനുമായി സമിതി പഠന പര്യടനങ്ങൾ നടത്തുകയും ഓഫീസുകൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. അതിനുശേഷം ഉദ്യോഗസ്ഥരെ വിസ്തരിച്ച് തെളിവെടുക്കുന്നു. ആവശ്യമായി വരുന്ന പക്ഷം അനുദ്യോഗസ്ഥരായ വിദഗ്ധരിൽനിന്നും സമിതി തെളിവെടുപ്പ് നടത്താറുണ്ട്.

ബജറ്റ് എസ്റ്റിമേറ്റിന്റെ പരിശോധന പൂർണമായിക്കഴിയുമ്പോൾ സമിതിയുടെ നിർദ്ദേശങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്ന കരട് റിപ്പോർട്ട് ഉണ്ടാക്കുകയും ചെയർമാൻ അംഗീകരിച്ച ഈ റിപ്പോർട്ടിന്റെ പകർപ്പ് അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നു. സമിതി അംഗീകരിച്ചശേഷം അതിന്റെ ഒരു പകർപ്പ് വസ്തുതാസംബന്ധമായ പരിശോധനയ്ക്കായി ബന്ധപ്പെട്ട വകുപ്പിന് നൽകുന്നു. അവർ സൂചിപ്പിക്കുന്ന വസ്തുതാപരമായ ന്യൂനതകൾ പരിഹരിച്ചശേഷം റിപ്പോർട്ട് സഭയ്ക്ക് സമർപ്പിക്കുന്നു.

## (3) പബ്ലിക് അണ്ടർ ടേക്കിങ്സ് കമ്മിറ്റി

ഇന്ത്യൻ പാർലമെന്റിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സമിതി 1964 മെയ് 1 നാണ് രൂപീകരിക്കപ്പെട്ടത്. പ്ലാനിംഗിലൂടെ സാമ്പത്തിക വികസനം കൈവരുത്തുന്നത് ഒരു നയമായി സ്വീകരിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് ധാരാളം പൊതുമേഖലാ സ്ഥാപനങ്ങൾ ഉയർന്നുവന്നു. വാണിജ്യപരമായി നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കുമെന്ന മെച്ചവുമുണ്ടായി. തത്ഫലമായി കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിതമായി. ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഗവണ്മെന്റിന് ഗണ്യമായ മുതൽമുടക്ക് ഉണ്ടായതോടെ അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ട ഉത്തരവാദിത്വമുണ്ടായി. ഇതിന്റെയെല്ലാം അനന്തരഫലമായി പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സമിതി സംസ്ഥാന നിയമസഭയിൽ രൂപീകരിക്കേണ്ടത് ഒരാവശ്യമായി വന്നു.

### ചുമതലകൾ

നിയമസഭാ ചട്ടങ്ങളുടെ നാലാം പട്ടികയിൽ പറഞ്ഞിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും പുതുതായി ഗവണ്മെന്റ് നോട്ടിഫൈ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകളും കണക്കുകളും പരിശോധിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റിയുള്ള ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യങ്ങൾ അവികലമായ ബിസിനസ് തത്വങ്ങളും ബുദ്ധിപൂർവമായ വാണിജ്യരീതിയും അനുസരിച്ചാണോ നടത്തുന്നത് എന്ന് പരിശോധിക്കുക, പി.എ.സി.യിലും എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിക്ഷിപ്തമായിട്ടുള്ളതും മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഉൾക്കൊള്ളാത്തതും കാലാകാലങ്ങളിൽ സ്പീക്കർ കമ്മിറ്റിക്ക് നൽകുന്നതുമായ കാര്യങ്ങളെപ്പറ്റിയുള്ള കർത്തവ്യങ്ങൾ നിർവഹിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വ്യാപാര വാണിജ്യ നടപടികളിൽനിന്ന് വിഭിന്നമായ ഗവണ്മെന്റിന്റെ നയങ്ങൾ, അവയെ സംബന്ധിക്കുന്ന ദൈനംദിന ഭരണം, ഒരു പ്രത്യേക പൊതുമേഖലാ സ്ഥാപനം സ്ഥാപിച്ചിട്ടുള്ള നിയമമനുസരിച്ച് എന്തെങ്കിലും കാര്യങ്ങൾ പരിഗണിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സംവിധാനം എന്നിവയെപ്പറ്റിയുള്ള കാര്യങ്ങൾ സമിതി പരിശോധിക്കുകയോ അന്വേഷിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ചട്ടത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഓഡിറ്റ് റിപ്പോർട്ട് പരിശോധന നിർവഹിക്കുന്നതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ഓഡിറ്റ് റിപ്പോർട്ടും എസ്റ്റിമേറ്റ്സ് കമ്മിറ്റി ഗവണ്മെന്റ് വകുപ്പുകളുടെ പഠനം നിർവ്വഹിക്കുന്നതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റിയുള്ള പഠനവും നടത്തുക എന്നതാണ് പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടെ കർത്തവ്യങ്ങൾ.

### പ്രവർത്തനരീതി

പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി സമിതി നടത്തുന്ന പരിശോധനയേയും പഠനത്തേയും രണ്ടായി തരംതിരിക്കാവുന്നതാണ്. ആദ്യത്തേത് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനത്തെയും പറ്റിയുള്ള പഠനമാണ്. രണ്ടാമത്തേത്, ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തെയോ ഒന്നിലധികം സ്ഥാപനങ്ങളെയോ പറ്റിയുള്ള ഹൊറിസോണ്ടൽ സ്റ്റഡി അതായത് അവയുടെ ഏതാനും വശങ്ങളെപ്പറ്റി മാത്രം നടത്തുന്ന പഠനം. ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനത്തെയും പറ്റി പഠിക്കുന്നതിനോ ഏതെങ്കിലും നിർദ്ദിഷ്ട വശങ്ങളെപ്പറ്റി മാത്രം പഠിക്കുന്നതിനോവേണ്ടി ബന്ധപ്പെട്ട ഗവണ്മെന്റ് വകുപ്പിൽനിന്ന് പ്രാഥമിക വസ്തുക്കൾ (Preliminary materials) വാങ്ങുന്നു. ഇവയിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, വാർഷിക റിപ്പോർട്ടും കണക്കും, ബന്ധപ്പെട്ട സ്ഥാപനത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച റിപ്പോർട്ടുകൾ മുതലായവ ഉൾക്കൊള്ളുന്നു. ഈ വസ്തുതകൾ സമിതി പഠിച്ചതിനുശേഷം ഒരു ചോദ്യാവലി തയ്യാറാക്കി മറുപടിക്കായി ഗവണ്മെന്റിലേക്ക് അയയ്ക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സന്ദർശനം, പഠന പര്യടനം, സാക്ഷിവിസ്താരം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കെല്ലാം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സർക്കാർ വകുപ്പുകളുടെ കാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമം തന്നെയാണ് സ്വീകരിക്കുന്നത്.

## (4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ഇന്ത്യയിലെ നിയമനിർമ്മാണ സഭകളുടെ പ്രവർത്തനമേഖലയിൽ ഒട്ടേറെ പുതുമകൾ സൃഷ്ടിച്ച കേരള നിയമസഭ ഈ രംഗത്ത് സൃഷ്ടിച്ച മറ്റൊരു മാതൃകയാണ് ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ രൂപീകരണം. ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് അതോറിറ്റികൾക്കും നിയമസഭ അനുവദിച്ച തുകകളുടെ വിനിയോഗവും അതുസംബന്ധിച്ച കണക്കുകളും അക്കൗണ്ടുകളും പരിശോധിക്കുന്നതിനു മാത്രമായി ഒരു നിയമസഭാ സമിതി എന്ന ആശയം ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് സാക്ഷാത്കരിക്കപ്പെട്ടത്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്ന പേരിൽ 2003 ൽ രൂപീകൃതമായ ഈ സമിതിയുടെ പ്രവർത്തനത്തിലെ പ്രത്യേകത കണക്കിലെടുത്ത് 2010 മുതൽ ചട്ടഭേദഗതിയിലൂടെ അതിനെ ഒരു ധനകാര്യ സമിതിയായി ഉയർത്തുകയായിരുന്നു.

### ചുമതലകൾ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അതോറിറ്റികളുടെയും ധനവിനിയോഗ കണക്കുകളുടെയും അതിന്മേലുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (നിലവിൽ സംസ്ഥാന ആഡിറ്റ് ഡയറക്ടർ) സമാഹൃത റിപ്പോർട്ടിന്റെയും സൂക്ഷ്മ പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുള്ളതായി കാണുന്ന തുകകൾ അവ യഥാർത്ഥ സേവനത്തിനോ ആവശ്യത്തിനോ വേണ്ടിയാണോ ഉപയോഗിച്ചിട്ടുള്ളതെന്നും ചെലവ് നിയന്ത്രിക്കുന്ന അധികാരാനുമതിക്ക് അനുസൃതമായിരുന്നോ എന്നും സമിതി ബോധ്യം വരുത്തേണ്ടതാണ്.

കൂടാതെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും സർവ്വകലാശാലകളുടെയും വികസന അതോറിറ്റികളുടെയും മറ്റ് തദ്ദേശ അധികാര സ്ഥാപനങ്ങളുടെയും ലോക്കൽ ഫണ്ടിന്റെയും ലോക്കൽ ഫണ്ട് ഡയറക്ടർ ആഡിറ്റ് നടത്താവുന്ന സ്വയംഭരണ, അർദ്ധ സ്വയംഭരണസ്ഥാപനങ്ങളുടെയും വരവ്-ചെലവ് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് പരിശോധിക്കുന്നതും സമിതിയുടെ ചുമതലയാണ്. അതോടൊപ്പം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം കൈകാര്യം ചെയ്യുന്ന ഫണ്ടിന്റെയും ഒരു ലോക്കൽ ഫണ്ടായി പരിഗണിക്കാവുന്ന മറ്റ് ഏതെങ്കിലും ഫണ്ടിന്റെയും കണക്കുകളും സമിതിക്ക് പരിഗണിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറും ഇന്ത്യയിലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലും തയ്യാറാക്കി സഭ മുമ്പാകെ സമർപ്പിക്കുന്ന കണക്കുകളുടെ സമാഹൃത റിപ്പോർട്ട് പരിശോധിക്കുന്നതും സമിതിയുടെ ചുമതലകളിൽപ്പെടുന്നു.

### പ്രവർത്തനരീതി

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ വരുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ പരിശോധന, മറ്റ് കണക്കുകളുടെ പരിശോധന, ബന്ധപ്പെട്ട സ്ഥലങ്ങളിലെയും സ്ഥാപനങ്ങളിലെയും സന്ദർശനം, പഠന പര്യടനം, സാക്ഷിവിസ്താരം, റിപ്പോർട്ടുകൾ തയ്യാറാക്കൽ, അവയുടെ സമർപ്പണം എന്നീ കാര്യങ്ങളിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും എസ്റ്റിമേറ്റ്സ് കമ്മിറ്റിയും സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങളാണ് പൊതുവായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും സ്വീകരിച്ചുവരുന്നത്.

## ചിത്രജാലകം



2012 ഒക്ടോബർ 30ന് നിയമസഭാ സന്ദർശന വേളയിൽ പ്രണബ് മുഖർജി വൃക്ഷത്തൈ നടുന്നു



ഗാന്ധിജയന്തിയോടനുബന്ധിച്ച് 2020 ഒക്ടോബർ 2ന് നിയമസഭയിലെ ഗാന്ധിപ്രതിമയിൽ ഗവർണറുടെ പുഷ്പാർച്ചന

### ഒരു രാജ്യസഭാ സീറ്റിലേയ്ക്ക് മൂന്ന് പ്രാവശ്യം തെരഞ്ഞെടുപ്പ്

# 2020 ലെ രാജ്യസഭാ ഉപതെരഞ്ഞെടുപ്പ്

എം.പി.വീരേന്ദ്രകുമാറിന്റെ ആകസ്മിക വിയോഗത്തെ തുടർന്ന് 2020 മേയ് 28 ന് കേരളത്തിൽ ഒഴിവ് വന്ന രാജ്യസഭാ സീറ്റിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് 2020 ആഗസ്റ്റ് മാസം 24-ാം



ഉപതെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി വോട്ടുചെയ്യുന്നു

തീയതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ നിയമസഭാ മന്ദിരത്തിൽ നടന്നു. പല പ്രത്യേകതകളുള്ള തെരഞ്ഞെടുപ്പായിരുന്നു ഇത്തവണത്തേത്. 2016 ഏപ്രിൽ 2 മുതൽ 2022 ഏപ്രിൽ 1 വരെ കാലാവധിയുള്ള ഒരു രാജ്യസഭാ സീറ്റിലേക്ക് മൂന്നു പ്രാവശ്യം തെരഞ്ഞെടുപ്പ് നടന്നുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായത്. 2016 മാർച്ച് 14 ലെ രാജ്യസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.സ്ഥാനാർത്ഥിയായി വിജയിച്ച എം.പി.വീരേന്ദ്ര കുമാർ 2017 ഡിസംബർ 20 ന് തൽസ്ഥാനം രാജിവച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി 2018 മാർച്ച് 23 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ അതേ സീറ്റിൽ വിജയിക്കുകയും അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് മകൻ എം.വി. ശ്രേയാംസ് കുമാർ 2020 ആഗസ്റ്റ് 24 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ പ്രസ്തുത സീറ്റിൽ വിജയിക്കുകയും ചെയ്തു.

ചീഫ് ഇലക്ടറൽ ഓഫീസറുടെ സാന്നിധ്യത്തിൽ 2020 ആഗസ്റ്റ് 14 ന് നടന്ന നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധനയിൽ എം.വി.ശ്രേയാംസ് കുമാർ, ലാൽ വർഗ്ഗീസ് എന്നീ രണ്ട് സ്ഥാനാർത്ഥികളുടെയും പത്രികകൾ സാധുവായി പ്രഖ്യാപിക്കുകയുണ്ടായി.

2020 ആഗസ്റ്റ് 24 ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പാഠശാലയിൽ (റൂം നമ്പർ 740) വച്ച് നടന്ന രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ നിയമസഭാ



ഉപതെരഞ്ഞെടുപ്പിൽ സ്പീക്കർ വോട്ടുചെയ്യുന്നു

സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ റിട്ടേണിംഗ് ഓഫീസറും സ്പെഷ്യൽ സെക്രട്ടറി ആർ.കിഷോർ കുമാർ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറും ചീഫ് ഇലക്ടറൽ ഓഫീസർ ടിക്കാറാം മീണ ഐ.എ.എസ്. നിരീക്ഷകനുമായിരുന്നു. നിയമനിർമ്മാണ വിഭാഗം ഉദ്യോഗസ്ഥർ പോളിംഗ് ഓഫീസർമാരുടെ ചുമതല നിർവ്വഹിച്ചു. സ്ഥാനാർത്ഥികളുടെ അംഗീകൃത ഇലക്ഷൻ പോളിംഗ് ഏജന്റുമാരായി പ്രവർത്തിച്ചത് നിയമസഭാംഗങ്ങളായിരുന്നു.

കേരള നിയമസഭയിലെ 141 അംഗങ്ങളിൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം ഒഴികെ 140 പേർക്കാണ് വോട്ടവകാശമുള്ളത്. എന്നാൽ വിവിധ കാരണങ്ങളാൽ 136 അംഗങ്ങൾക്ക് മാത്രമേ വോട്ടർപട്ടികയിൽ ഇടംപിടിക്കാനായുള്ളൂ. (തോമസ് ചാണ്ടി, എൻ.വിജയൻ പിള്ള എന്നിവർ മരണപ്പെട്ടു; കെ.എം.ഷാജി, കാരാട്ട് റസാഖ് എന്നിവർക്ക് വോട്ട് ചെയ്യാൻ അനുമതിയില്ല). 130 അംഗങ്ങൾ വോട്ടെടുപ്പിൽ പങ്കെടുത്തു. 6 പേർ വോട്ട് ചെയ്യാനെത്തിയില്ല. (ജോർജ്ജ് എം.തോമസ്, വി.എസ്.അച്യുതാനന്ദൻ, റോഷി അഗസ്റ്റിൻ, സി.എഫ്. തോമസ്, എൻ.ജയരാജ്, ഒ.രാജഗോപാൽ എന്നിവർ വോട്ട് ചെയ്തില്ല). പി.സി.ജോർജ്ജിന്റെ വോട്ട് അസാധുവായി. എം.ദാസൻ ഒന്നാമതായും അനൂപ് ജേക്കബ് അവസാനത്തെ ആളായും വോട്ട് ചെയ്തു. വോട്ടിംഗ് ശതമാനം 95.5 ശതമാനമായിരുന്നു. ഓരോ രണ്ട് മണിക്കൂറിലും പോളിംഗ് ശതമാനം ഇലക്ഷൻ കമ്മീഷനെ അറിയിച്ചുകൊണ്ടിരുന്നു. ഒരു സീറ്റിലേക്ക് മാത്രമാണ് ഇലക്ഷൻ നടക്കുന്നതെന്നതിനാൽ "1" എന്നാണ് എല്ലാ വോട്ടർമാരും ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തേണ്ടിയിരുന്നത്.

രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഓപ്പൺ വോട്ട് ആണ് ചെയ്യേണ്ടത്. അതായത് വോട്ട് ചെയ്തശേഷം അതത് പാർട്ടിയുടെ അംഗീകൃത ഏജന്റിനെ കാണിച്ചശേഷമേ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കാവൂ. അല്ലെങ്കിൽ വോട്ട് അസാധുവാകും. ഈ നിബന്ധന എല്ലാവരും കൃത്യമായി പാലിച്ചതിനാൽ വോട്ട് അസാധുവായില്ല. വോട്ടെടുപ്പ് വൈകിട്ട് 4 മണിക്ക് അവസാനിച്ചു. വൈകിട്ട് 5 മണിക്ക് വോട്ടെണ്ണൽ നടപടികൾ ആരംഭിക്കുകയും 6 മണിക്ക് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു. വിജയിക്കാൻ ഏറ്റവും കുറഞ്ഞത് 65 വോട്ട് ഒരു സ്ഥാനാർത്ഥിക്ക് ലഭിക്കണമെന്നിരിക്കെ, സാധുവായ 129 വോട്ടിൽ 88 വോട്ട് കരസ്ഥമാക്കി (47 വോട്ടിന്റെ ഭൂരിപക്ഷം) എം.വി.ശ്രേയാംസ്കുമാർ രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. എതിർ സ്ഥാനാർത്ഥി ലാൽ വർഗ്ഗീസിന് 41 വോട്ടുകൾ ലഭിച്ചു.

നാമനിർദ്ദേശപത്രികാ സമർപ്പണം, നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന, വോട്ടെടുപ്പ്, ബാലറ്റ് പെട്ടി തുറന്ന് പരിശോധിയ്ക്കൽ, വോട്ടെണ്ണൽ എന്നിവ ഇലക്ഷൻ കമ്മീഷനും പി.ആർ.ഡി.യും വീഡിയോയിൽ പകർത്തിയിരുന്നു. ഓരോ രണ്ട് മണിക്കൂർ ഇടവിട്ട് തെരഞ്ഞെടുപ്പ് നടപടികളുടെ 'truncated video' ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്തിരുന്നു. ഇലക്ഷൻ നടപടികൾ ദൂരദർശനും സഭാ ടി.വി.യും ടെലികാസ്റ്റ് ചെയ്യുകയും പ്രമുഖ പത്രമാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു. നിയമസഭാ വെബ്സൈറ്റിലെ 'Rajyasabha Bye- Election, 2020' എന്ന പ്രത്യേക ലിങ്കിലൂടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ പുതുക്കിക്കൊണ്ടിരുന്നു.

തയ്യാറാക്കിയത്
ദീപ.വി, ഡെപ്യൂട്ടി സെക്രട്ടറി

## കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള രാജ്യസഭാ തെരഞ്ഞെടുപ്പ്

2020 ആഗസ്റ്റ് 24 ന് നടന്ന രാജ്യസഭാ ഉപതെരഞ്ഞെടുപ്പ് പൂർണ്ണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് നടത്തിയത്. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനായി കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഗവൺമെന്റ് സെക്രട്ടറി പുനീത് കുമാർ ഐ.എ.എസ്. നെ നോഡൽ ഓഫീസറായി നിയമിച്ചിരുന്നു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് ഇലക്ടറൽ ഓഫീസർ വിളിച്ച് ചേർത്ത യോഗത്തിൽ റിട്ടേണിങ് ഓഫീസറായ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായരും നോഡൽ ഓഫീസർ, ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവരും പങ്കെടുക്കുകയുണ്ടായി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് രണ്ട് യോഗങ്ങളാണ് V-ഡി കോൺഫറൻസ് ഹാളിൽ ചേർന്നത്. യോഗത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കോവിഡ് 19 മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദീകരിക്കുകയും പ്രസന്റേഷൻ നടത്തുകയും ചെയ്തു. കൂടാതെ നിയമസഭാ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കായി യോഗം ചേർന്നു.

രാജ്യസഭാ തെരഞ്ഞെടുപ്പിനുള്ള നോമിനേഷൻ നൽകിയത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടായിരുന്നു. വരണാധികാരിക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥിയുൾപ്പെടെ 5 ആളുകളെ മാത്രമാണ് പ്രവേശിപ്പിച്ചത്. ഇവർ കയ്യുറകളും മുഖാവരണവും ധരിച്ചിരുന്നു. നാമനിർദ്ദേശപത്രിക നൽകുന്നതിനായി എത്തിയവർ ശാരീരിക അകലം കർശനമായി പാലിച്ചിരുന്നു. നാമനിർദ്ദേശപത്രികയും സെക്യൂരിറ്റി ഡെപ്പോസിറ്റും ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കിയ അൾട്രാവയലറ്റ് സ്റ്റെറിലൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് വരണാധികാരിക്ക് സമർപ്പിച്ചത്. നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധനയും നിയന്ത്രിതമായ രീതിയിലാണ് ആളുകളെയും ഉദ്യോഗസ്ഥരെയും പ്രവേശിപ്പിച്ചത്.



കോവിഡ് 19 മാനദണ്ഡങ്ങൾ അനുസരിച്ച് വോട്ട് രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിയമസഭാംഗങ്ങൾക്ക് അയച്ചുകൊടുത്തു. നിയമസഭാ മന്ദിരത്തിലെ മൂന്നാം നിലയിലുള്ള സി.പി.എസ്.ടി. ഹാളിൽ (റൂം നം.740) പോളിംഗ് ബൂത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ക്രമീകരിച്ചത്.

വോട്ടെടുപ്പ് ദിവസം എം.എൽ.എ.മാർക്കായി കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് രണ്ടു ഹെൽപ് ഡെസ്കുകൾ പ്രവർത്തിച്ചു. തെർമൽ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്തുകയും കയ്യുറകൾ, ഫെയ്സ് മാസ്ക് എന്നിവ ഹെൽപ് ഡെസ്ക് മുഖേന വിതരണം ചെയ്യുകയുമുണ്ടായി.

പോളിംഗ് സ്റ്റേഷനകത്ത് വോട്ട് രേഖപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രകാരം മൂന്ന് പോളിംഗ് കംപാർട്ട്മെന്റുകൾ സജ്ജീകരിച്ചിരുന്നു.

a) കാറ്റഗറി-I - കോവിഡ് 19 രോഗലക്ഷണങ്ങൾ ഇല്ലാത്ത അംഗങ്ങൾ.

b) കാറ്റഗറി-II - കോവിഡ് 19 വൈറസ് ബാധ സംശയിക്കുന്നവർ/ കണ്ടെയ്ൻമെന്റ് സോണിൽ നിന്നും വരുന്നവർ/ക്വാറന്റീനിലുള്ളവർ.

c) കാറ്റഗറി-III - കോവിഡ്-19 പോസിറ്റീവായ അംഗങ്ങൾ.

ഡോ.കെ.ടി.ജലീൽ, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവരുടെ സ്റ്റാഫിൽ ചിലർ കോവിഡ് പോസിറ്റീവ് ആയതിനാൽ അവർ കാറ്റഗറി-II ലാണ് വോട്ട് ചെയ്തത്. പോളിംഗ് ഉദ്യോഗസ്ഥർ, വരണാധികാരി (നിയമസഭാ സെക്രട്ടറി), ഉപവരണാധികാരി (നിയമസഭാ സ്പെഷ്യൽ സെക്രട്ടറി), നിരീക്ഷകൻ എന്നിവർ എൻ-95 ഫെയ്സ് മാസ്ക്, കയ്യുറകൾ, ഫെയ്സ് ഷീൽഡ് എന്നിവ ധരിച്ചിരുന്നു. വോട്ടുരേഖപ്പെടുത്തുന്നതിനായി ഓരോ വോട്ടർക്കും ഇതിനായി വാങ്ങിയ ഓരോ പ്രത്യേക പേന വീതം ഇലക്ഷൻ കമ്മീഷൻ നൽകിയിരുന്നു. ശാരീരിക അകലം പാലിക്കുന്നതിനായി പോളിംഗ് സ്റ്റേഷനിലും പുറത്തും ആരോഗ്യ വകുപ്പ് പ്രത്യേകമായി സ്റ്റിക്കർ മാർക്ക് ചെയ്തിരുന്നു. കോവിഡ് പോസിറ്റീവ് ആയ എം.എൽ.എ മാർ ആരും തന്നെ വോട്ടു ചെയ്യുവാൻ ഉണ്ടായിരുന്നില്ല. വോട്ട് ചെയ്യാനെത്തുന്ന അംഗങ്ങൾക്ക് നിയമസഭാ സമുച്ചയത്തിലും എം.എൽ.എ ഹോസ്റ്റലിലും ആന്റിജൻ ടെസ്റ്റ് ചെയ്യാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

കോവിഡ് 19 പോസിറ്റീവായ അംഗങ്ങൾക്ക് പോസ്റ്റൽ ബാലറ്റ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇതിന് അപേക്ഷകർ ഉണ്ടായിരുന്നില്ല. രാജ്യസഭാ തെരഞ്ഞെടുപ്പിൽ പങ്കെടുത്തതുമായി ബന്ധപ്പെട്ട് സമ്മതിദായകർക്കോ സ്ഥാനാർത്ഥി കൾക്കോ പോളിംഗ് ഉദ്യോഗസ്ഥർക്കോ കോവിഡ് സ്ഥിരീകരിച്ചില്ല.

മഹാമാരിയുടെ പശ്ചാത്തലത്തിൽ കോവിഡ് ചട്ടങ്ങൾ പാലിച്ച് വിജയകരമായി പൂർത്തിയാക്കിയ രാജ്യസഭാ തെരഞ്ഞെടുപ്പ് മറ്റ് സംസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുകൾക്ക് മാതൃകയാകുമെന്ന കാര്യത്തിൽ സംശയമില്ല.

തയ്യാറാക്കിയത്
എം.പി.ഉമാകൃഷ്ണൻ, സെക്ഷൻ ഓഫീസർ

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

## എം.വി.ശ്രേയാംസ് കുമാർ രാജ്യസഭയിലേയ്ക്ക്



എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായ ലോക് താന്ത്രിക് ജനതാദൾ സംസ്ഥാന പ്രസിഡന്റ് എം.വി. ശ്രേയാംസ് കുമാർ രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. യു.ഡി.എഫ്. സ്ഥാനാർത്ഥി കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ലാൽ വർഗ്ഗീസ് കൽപകവാടിയെ 41 നെതിരെ 88 വോട്ടിനാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. പിതാവും എം.പി. യുമായിരുന്ന എം.പി.വീരേന്ദ്ര കുമാറിന്റെ വിയോഗത്തെത്തുടർന്ന് ഒഴിവു വന്ന രാജ്യസഭാ സീറ്റിലേക്കാണ് എം.വി.ശ്രേയാംസ് കുമാർ തെരഞ്ഞെടുക്കപ്പെട്ടത്.

യുവജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി, ജനതാദൾ (എസ്) വയനാട് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള എം.വി. ശ്രേയാംസ് കുമാർ 2006 ലും 2011 ലും കൽപ്പറ്റയിൽ നിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ ഡയറക്ടർ ബോർഡ് അംഗം, ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കേരള റീജണൽ കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം കേരള ടെലിവിഷൻ ഫെഡറേഷൻ പ്രസിഡന്റ്, ന്യൂസ് ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷൻ ബോർഡ് അംഗം, ഇന്റർനാഷണൽ അഡ്വർടൈസിങ് അസോസിയേഷൻ ഗ്ലോബൽ വൈസ് പ്രസിഡന്റ് പദവികളും വഹിക്കുന്നുണ്ട്. "യാത്ര പറയാതെ" എന്ന യാത്രാ വിവരണ ഗ്രന്ഥത്തിന്റെ കർത്താവാണ്.

പിതാവ് എം.പി.വീരേന്ദ്ര കുമാറിൽ നിന്നുൾക്കൊണ്ട സോഷ്യലിസ്റ്റ് ആശയങ്ങളും പരിസ്ഥിതി അവബോധവും മുറുകെ പിടിച്ചാണ് അദ്ദേഹം തന്റെ രാഷ്ട്രീയ ജീവിതം തുടങ്ങിയത്. നിയമസഭാംഗമായിരിക്കെ സഭയ്ക്കകത്തും പുറത്തും പരിസ്ഥിതി രാഷ്ട്രീയത്തിന്റെ സ്വരം ഉയർത്തിയ ജനപ്രതിനിധിയായിരുന്നു.

1967 ഏപ്രിൽ 15 ന് എം.പി. വീരേന്ദ്ര കുമാറിന്റേയും ഉഷാ വീരേന്ദ്ര കുമാറിന്റേയും മകനായി ജനിച്ചു. മാതൃഭൂമി മാനേജിങ് ഡയറക്ടറാണ്. മാതൃഭൂമിയെ ആധുനീകരിക്കുന്നതിൽ നേതൃപരമായ പങ്കു വഹിച്ചു. കവിതയാണ് ഭാര്യ. രാജ്യസഭാ എം.പി. ആയി 2020 സെപ്റ്റംബർ 14 ന് സത്യപ്രതിജ്ഞ ചെയ്തു.



## സർഫാസി – ഋണബാധിതർക്ക് ആശ്വാസമേകി അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട്

രാജ്യത്തെ ബാങ്കുകളിലെ കിട്ടാക്കടം തിരിച്ചുപിടിക്കുന്ന നടപടികൾ കർശനമാക്കുന്നതിലേക്കായി ഇന്ത്യൻ പാർലമെന്റ് 2002-ൽ പാസ്സാക്കിയ നിയമമാണ് സർഫാസി നിയമം (The Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002) കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ ഇടപെടൽ ഒഴിവാക്കിക്കൊണ്ട് കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിന് ബാങ്കുകൾക്ക് പ്ര ത്യേക അധികാരം നൽകുന്നു എന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഈപ്രത്യേകാധികാരമുപയോഗിച്ച് ബാങ്കുകൾ ചില സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തി കിട്ടാക്കടം തിരിച്ചു പിടിക്കാൻ തുടങ്ങിയപ്പോൾ ഈ നടപടി സംസ്ഥാനത്ത് ഏറെ ബാധിച്ചത് ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് സാധ്യമാകാതെ വന്ന മൂന്ന് സെന്റിലും അഞ്ച് സെന്റിലും വീടു വച്ച് കഴിഞ്ഞു പോന്ന പാവപ്പെട്ട ജനവിഭാഗങ്ങളെയാണ്. പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ കാലയളവിൽ 2016നവംബർ 2 ന് ഇത്തരത്തിലുള്ള ഒരു സംഭവം എം. സ്വരാജ്, പി. ടി. തോമസ് എന്നീ അംഗങ്ങൾ സബ്മിഷൻ മുഖേന സഭയുടെ ശ്ര ദ്ധയിൽ കൊണ്ടുവരികയുണ്ടായി. കൊച്ചി നഗര പരിധിയിലെ മുളവുകാട് വില്ലേജിൽപ്പെട്ട പനമ്പുകാട് പ്രദേശത്ത് താമസിക്കുന്ന ദളിത് ദരിദ്ര കുടുംബങ്ങളെ അവരുടെ സാമ്പത്തിക പ്രയാസങ്ങൾ മുതലെടുത്ത് വിവിധ ബാങ്കുകളിൽ നിന്നും വസ്തു ഈട് നൽകി വായ്പ എടുത്തു നൽകാമെന്ന് വിശ്വസിപ്പിച്ച് അവരുടെ പേരിലുള്ള മൂന്ന് സെന്റിലും അഞ്ചു സെന്റിലുമുള്ള വീടും സ്ഥലവും കുറെയാളുകളുടെ പേരിലേക്ക് ആധാരം നടത്തി രജിസ്റ്റർ ചെയ്തതിനു ശേഷം ഈ ആധാരത്തിന്റെ ഈടിന്മേൽ ബാങ്കുകളിൽ നിന്ന് വൻതുക വായ്പ എടുത്ത് യഥാർത്ഥ സ്ഥലമുടമയ്ക്ക് നാമമാത്ര തുക നൽകി ബാക്കിത്തുക തട്ടിപ്പുകാർ കൈക്കലാക്കുകയും ചെയ്തു. വായ്പാതുക തിരിച്ചടവിൽ മുടക്കം വന്നതിനെത്തുടർന്ന് യഥാർത്ഥ ഉടമകളുടെ ഭൂമിയും വീടും ബാങ്ക് സർഫാസി നിയമപ്രകാരം ജപ്തി ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഈ വിഷയത്തിൽ സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തുകയും വഞ്ചിക്കപ്പെട്ടവരുടെ പ്ര ശ്നങ്ങൾക്ക് ബാങ്ക് അധികൃതരുമായി ചേർന്ന് പരിഹാരം കണ്ടെത്തുകയും ചെയ്തുവെങ്കിലും സർഫാസി നിയമം മൂലം സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങൾ, അതിൽത്തന്നെ അഞ്ച് സെന്റിൽ കവിയാതെയുള്ള സ്ഥലത്ത് വീട് വച്ച് താമസിക്കുന്ന ഋണബാധിതരായവരുടെ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഈ സബ്മിഷന് കഴിഞ്ഞു. ഈ നിയമം വരുത്തിവച്ച പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുന്നതിന് സംസ്ഥാന സർക്കാർ മുന്നോട്ടു വന്നു. ഏഴാം സമ്മേളന കാലയളവിൽ 2017ആഗസ്റ്റ് 21ന് ഈ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതക്ക് സർഫാസി ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ഒഴിവാക്കാൻ ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. ഇതിനിടയിൽ സർഫാസി നിയമം മൂലം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട ദുരിതങ്ങൾ പല അവസരങ്ങളിൽ സഭയിൽ അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. ഈ സാഹചര്യത്തിൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇത് സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥയെക്കുറിച്ച് പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും തെളിവെടുക്കുന്നതിനുമായി അഡ്ഹോക്ക് സമിതിക്ക് രൂപം നൽകിയതായി സ്പീക്കർ 2018 ഡിസംബർ 13ന് സഭയെ അറിയിച്ചു. സ്വന്തം കിടപ്പാടം ഈടുനൽകി വിവിധ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സംസ്ഥാനത്തെ പതിനായിരക്കണക്കിന് ആളുകൾ സർഫാസി നിയമപ്രകാരം ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്നും ഇത് സംബന്ധിച്ച് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ര മേയം കേന്ദ്ര ത്തിന് അയച്ച് കൊടുത്തുവെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർ നടപടിയും ഉണ്ടായില്ല എന്നും സ്പീക്കർ സഭയെ അറിയിച്ചു.

എസ്. ശർമ്മ അഡ്ഹോക്ക് കമ്മിറ്റിയുടെ അദ്ധ്യക്ഷനും, ഇ. എസ് ബിജിമോൾ, ജെയിംസ് മാത്യു, മോൻസ് ജോസഫ്, എ. പ്രദീപ് കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. കെ. ശശീന്ദ്രൻ, വി. ഡി. സതീശൻ, കെ. സുരേഷ് കുറുപ്പ്, എം. ഉമ്മർ, എൻ. വിജയൻ പിള്ള എന്നിവർ അംഗങ്ങളുമായിരുന്നു.

സർഫാസി നിയമത്തിന്റെ കടുത്ത വ്യവസ്ഥകളിൽ നിന്ന് സാധാരണക്കാരെ എങ്ങനെ സഹായിക്കാമെന്ന ലക്ഷ്യത്തോടെ നിയമം, ധനകാര്യം (പ്ലാനിംഗ് ആന്റ് എക്കണോമിക്ക് അഫയേഴ്സ്) സഹകരണം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും കമ്മിറ്റി തെളിവെടുപ്പ് നടത്തി. ഇതോടൊപ്പം ഈ വിഷയത്തിൽ അടങ്ങിയിട്ടുള്ള നിയമവശങ്ങളെക്കുറിച്ച് സവിസ്തരം പഠിക്കുന്നതിനായി സംസ്ഥാന അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടുന്നതിനായി അദ്ദേഹത്തെ സമിതി യോഗത്തിലേക്ക് വിളിച്ചു വരുത്തുകയുണ്ടായി. സർഫാസി നിയമത്തിന്റെ ഇരകൾക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിന് സീനിയർ അഡ്വക്കേറ്റുമാർ താൽപര്യം രേഖപ്പെടുത്തിയ വിവരം അഡ്വക്കേറ്റ് ജനറലിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സർഫാസി നിയമം 2002-ൽ നിലവിൽ വന്നെങ്കിലും ആ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി ശക്തമായ രീതിയിലുള്ള തുടർനടപടി കൈക്കൊള്ളാൻ ബാങ്കുകൾ തുടങ്ങിയത് കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിലാണ് എന്നും സമിതി കണ്ടെത്തി. സമിതിക്ക് അതിന്റെ പ്രവർത്തനകാലങ്ങളിൽ വിവിധ രൂപങ്ങളിൽ ലഭിച്ച പരാതികൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് അയച്ചുകൊടുത്തു.

സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി എന്ന പേരിലറിയപ്പെട്ട കമ്മിറ്റി വിവിധ ജില്ലകൾ സന്ദർശിക്കുകയും സർഫാസി നിയമത്തിന്റെ ഇരകൾ, കർഷക സംഘടനാ നേതാക്കൾ, പൊതുപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും അഡ്വക്കേറ്റ് ജനറൽ, വിവിധ വകുപ്പ് മേധാവികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട റിപ്പോർട്ട് 2019 നവംബർ 21 ന് സഭയിൽ സമർപ്പിച്ചു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തെളിവെടുപ്പ് യോഗങ്ങൾ നടത്തിയ സമിതിക്ക് ഈ നിയമം സമൂഹത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. ഇക്കാര്യങ്ങൾ സമിതി അതിന്റെ റിപ്പോർട്ടിൽ സവിസ്തരം പ്രതിപാദിച്ചിട്ടുമുണ്ട്. അവയിൽ താഴെപ്പറയുന്നവ എടുത്തുപറയേണ്ടവയാണ്.

i. കൃഷിഭൂമി ജപ്തിചെയ്യരുതെന്ന് സർഫാസി നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും നടപടി നേരിടുന്നവരിൽ ഭൂരിഭാഗവും കർഷകരാണ്. ഹതഭാഗ്യരായ കർഷകരുടെ വീടിനും കൃഷിഭൂമിക്കുമാണ് ജപ്തിനോട്ടീസ് ഏറെയും ലഭിക്കുന്നത്.

ii. സർഫാസി നിയമത്തിന്റെ മറവിലുള്ള റിയൽ എസ്റ്റേറ്റ് മാഫിയ തട്ടിപ്പിൽ ചില ബാങ്കുദ്യോഗസ്ഥർക്കും പങ്കുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

iii. സർഫാസി നിയമത്തിന്റെ മറപിടിച്ച് ഇടനിലക്കാരുടെ ഒത്താശയോടെ തുണ്ടുഭൂമിയും ചെറിയ കിടപ്പാടവും മാത്ര മുള്ള പട്ടികവിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ വായ് പാത്തട്ടിപ്പിനിരയായിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യമായി. ഇത്തരക്കാർക്ക് പണം തിരിച്ചടച്ച് ജപ്തിയിലായ വസ്തു തിരിച്ചെടുക്കാൻ ഒരുതരത്തിലും സാധ്യമാകുന്നില്ല എന്ന പ്രശ്നവും സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞു.

iv. കഴിഞ്ഞ കാലങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവരായിരുന്നു സർഫാസി നിയമത്തിന്റെ ഇരകളായിരുന്നെങ്കിൽ ഇപ്പോൾ മധ്യവർഗ്ഗക്കാർ കൂടി ഇരകളായി മാറിത്തുടങ്ങിയിരിക്കുന്ന കാഴ്ചയാണ് സമിതിക്ക് കാണാൻ കഴിഞ്ഞത്.

സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് സഹകരണ ബാങ്കുകളെ ഒഴിവാക്കണം, ഒരു വർഷത്തെ കാലയളവിനുശേഷവും തിരിച്ചടവ് നടത്താതെ കുടിശ്ശിക വരുത്തുന്ന വായ്പക്കാർക്കെതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമം ഭേദഗതി വരുത്താനും കർഷകർ എടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടങ്ങളായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം നിശ്ചിത കാലയളവി നുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാനോ കാലാവധി നീട്ടി നൽകാനോ ഉതകുന്ന നിയമഭേദഗതി കൊണ്ടുവരണമെന്ന് ആവശ്യപ്പെടാനും സമിതി സർക്കാരിനോട് ശിപാർശ ചെയ്തു. ഇതു കൂടാതെ സർഫാസി നിയമത്തിന്റെ മറവിൽ മാനസികമായും ശാരീരികമായും ഉപദ്രവിക്കാൻ ഗുണ്ടാസംഘങ്ങളെ ധനകാര്യസംഘങ്ങൾ നിയമിക്കുന്ന പ്രവണത തടയാൻ സമഗ്ര നിയമനിർമ്മാണം നടത്താനും സർഫാസി കെണിയിൽപ്പെട്ടവർക്ക് സൗജന്യമായി നിയമസഹായം ഉറപ്പാക്കുവാനും ഈ നിയമം മൂലം ഭൂമി നഷ്ടപ്പെടുമെന്ന് ഭീഷണിയിൽ കഴിയുന്ന അർഹരായ പാവപ്പെട്ട പട്ടികവിഭാഗക്കാരിൽ നിന്നുള്ള കടം സർക്കാർ തിരിച്ചടയ്ക്കാനും സമിതി ശിപാർശ ചെയ്തു.

**തയ്യാറാക്കിയത്**
**സജു എസ്, സെക്ഷൻ ഓഫീസർ**

# സർഗ്ഗാത്മക സംവാദവുമായി ഇരുപതാം സമ്മേളനം:

## അവിശ്വാസ പ്രമേയം തള്ളി



പതിനാലാം കേരള നിയമസഭയുടെ ഒരു ദിവസം മാത്രം നീണ്ടുനിന്ന ഇരുപതാം സമ്മേളനം കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എല്ലാ ആരോഗ്യ പ്രോട്ടോക്കോളും പാലിച്ച് 2020 ആഗസ്റ്റ് 24 ന് ചേർന്നു. സമ്മേളനം ഏറെ സവിശേഷതകൾ നിറഞ്ഞതായിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനായി വിപുലമായ ക്രമീകരണങ്ങളാണ് നിയമസഭാ സെക്രട്ടേറിയറ്റ് ഏർപ്പെടുത്തിയത്. കോവിഡ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി എല്ലാ അംഗങ്ങൾക്കും ശാരീരിക അകലം പാലിച്ച് ഇരിപ്പിടങ്ങൾ സജ്ജീകരിച്ചു. അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ എം.എൽ.എ. ഹോസ്റ്റലിലും, സഭാ സമുച്ചയത്തിലും തയ്യാറാക്കി. അംഗങ്ങൾ സഭാ ഹാളിൽ പ്രവേശിക്കുന്നതിന് മുൻപ് തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ചു. കൈകൾ അണുവിമുക്തമാക്കുന്നതിന് ഹാൻഡ് സാനിറ്റൈസറും, ധരിക്കാനായി മാസ്ക്കുകളും കയ്യുറയും ഫേസ് ഷീൽഡും നൽകി. പൊതുജനങ്ങൾക്കുള്ള ഗാലറിയിലും സ്പീക്കേഴ്സ് ഗാലറിയിലും പ്രവേശനമുണ്ടായിരുന്നില്ല. ഔദ്യോഗിക ഗാലറിയിൽ അവശ്യം വേണ്ട ഉദ്യോഗസ്ഥർക്ക് മാത്രമായിരുന്നു പ്രവേശനം. മുഖ്യമന്ത്രി, ധനകാര്യമന്ത്രി, പാർലമെന്ററികാര്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരുടേത് ഒഴികെയുള്ള സ്റ്റാഫംഗങ്ങൾ കഴിവതും സഭയ്ക്കുള്ളിൽ പ്രവേശിക്കുന്നത് ഒഴിവാക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. മീഡിയ ഗാലറിയിലും ശാരീരിക അകലം പാലിക്കത്തക്ക വിധത്തിലാണ് ഇരിപ്പിടങ്ങൾ ക്രമീകരിച്ചത്. ചാനൽ ക്യാമറകൾ ഗാലറികളിൽ പ്രവേശിപ്പിക്കുന്നതിന് അനുവാദം നൽകിയിരുന്നില്ല. പകരം ദൃശ്യങ്ങൾ ചാനലുകൾക്ക് ലഭ്യമാക്കിയാണ് ലൈവ് ടെലികാസ്റ്റ് സംവിധാനം ഒരുക്കിയത്. സഭാഹാളിന്റെ താപനില 25 ഡിഗ്രിയിൽ ക്രമീകരിച്ചു. ആരോഗ്യ വകുപ്പിന്റെ കൂടി സഹകരണത്തോടെ ഇത്തരത്തിലുള്ള പഴുതടച്ച ക്രമീകരണങ്ങളാണ് ഇരുപതാം സമ്മേളനത്തിനായി ഒരുക്കിയത്.

നിയമനിർമ്മാണ സഭകൾ ആറ് മാസത്തിലൊരിക്കൽ ചേരണമെന്ന ഭരണഘടനാ വ്യവസ്ഥ പാലിക്കുന്നതിനും, 2020 ലെ കേരള ധനകാര്യ ബിൽ പാസാക്കുന്നതിനുമായി വിളിച്ചു ചേർത്ത ഇരുപതാം സമ്മേളനത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ചട്ടം 118 പ്രകാരമുള്ള പ്രമേയവും, പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെതിരെ പ്രതിപക്ഷാംഗം വി.ഡി.സതീശൻ നോട്ടീസ് നൽകിയ അവിശ്വാസ പ്രമേയവും സഭ പരിഗണിച്ചു.

രാവിലെ 9.00 മണിക്ക് ചേർന്ന സഭ മുൻ മന്ത്രിയും രാജ്യസഭാംഗവുമായിരുന്ന എം.പി.വീരേന്ദ്രകുമാർ, മുൻ നിയമസഭാംഗങ്ങളായിരുന്ന വി.കെ.ബാബു, പി.കെ.കുമാരൻ, പി.നാരായണൻ എന്നിവർക്ക് ചരമോപചാരം അർപ്പിക്കുകയും പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ എഴുന്നേറ്റ് നിന്ന് മൗനം ആചരിക്കുകയും ചെയ്തു. തുടർന്ന് അവിശ്വാസ പ്രമേയാവതരണത്തിനുള്ള അനുമതി വി.ഡി. സതീശൻ തേടുകയും പ്രമേയാവതരണത്തെ ഇരുപതിൽ അധികം അംഗങ്ങൾ പിന്തുണച്ചതിനാൽ മറ്റു കാര്യപരിപാടികൾ അവസാനിച്ച ശേഷം പ്രമേയം ചർച്ചക്കെടുക്കുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിക്കുകയും ചെയ്തു. അവിശ്വാസ പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കു അഞ്ച് മണിക്കൂർ സമയം അനുവദിച്ചതായും അറിയിച്ചു. കഴിഞ്ഞ ബജറ്റിൽ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് പ്രഖ്യാപിച്ച അധിക നികുതി നിരക്കുകൾ കൂടി ഉൾപ്പെടുത്തിയ 2020 ലെ കേരള ധനകാര്യ ബിൽ, 2020 ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഭേദഗതികളോടെ സഭ പാസാക്കി. നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയും അതു സംബന്ധിച്ച 2020 ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും സഭ അംഗീകരിച്ചു. ധനകാര്യ ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അന്നേ ദിവസം തന്നെ പരിഗണിക്കുന്നതിനായി കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76 ന്റെ ഉപചട്ടം (1) ലെ വ്യവസ്ഥകൾ താത്ക്കാലികമായി സസ്പെന്റ് ചെയ്താണ് പാസാക്കിയത്. ചട്ടം 153(2) ൽ ഇളവു വരുത്തണമെന്ന സഭാ നേതാവിന്റെ പ്രമേയം അംഗീകരിച്ച ശേഷമാണ് ധനവിനിയോഗ ബിൽ പാസാക്കിയത്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും അദാനി എന്റർപ്രൈസസ്സിനെ ഏൽപ്പിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ചട്ടം 118 പ്രകാരമുള്ള പ്രമേയം ചർച്ച കൂടാതെ ഐകകണ്ഠ്യേന പാസാക്കി.

### *സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം*

*സംസ്ഥാന നിയമസഭകളിലെ സ്പീക്കർമാരെ സഭാംഗങ്ങളുടെ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ഒരു പ്രമേയം വഴി നീക്കം ചെയ്യുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 179(സി) സഭാംഗങ്ങൾക്ക് അധികാരം നൽകുന്നു. കേരള നിയമസഭയിൽ സഭാ ചട്ടം 65 പ്രകാരമാണ് ഈ അനുച്ഛേദ പ്രകാരമുള്ള നോട്ടീസ് നൽകേണ്ടത്. കേരള നിയമസഭാ ചരിത്രത്തിന് നാളിതുവരെയായി 7 നോട്ടീസുകളാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത്. നാളിതുവരെ സ്പീക്കറെ നീക്കം ചെയ്യാനുള്ള രണ്ട് പ്രമേയങ്ങളാണ് കേരള നിയമസഭ ചർച്ച ചെയ്തിട്ടുള്ളത്. 2020 ആഗസ്റ്റ് 14 ന് എം.ഉമ്മർ നൽകിയ നോട്ടീസാണ് ഏറ്റവും ഒടുവിൽ ലഭിച്ചത്. പ്രമേയം സഭയിൽ അവതരിപ്പിക്കുന്നതിന് കുറഞ്ഞത് പതിനാലു ദിവസത്തെ നോട്ടീസ് വേണമെന്ന് ഭരണഘടനയിൽ വ്യവസ്ഥയുള്ളതിനാലും സഭാ സമ്മേളനത്തിന് സമൻസ് അയച്ച തീയതിക്ക് ശേഷമേ ആ സമ്മേളനത്തിലെ ബിസിനസ്സുകൾക്ക് നോട്ടീസ് നൽകാൻ കഴിയുകയുള്ളൂവെന്നതിനാലും എം.ഉമ്മർ നോട്ടീസ് നൽകിയ പ്രമേയം ഇരുപതാം സമ്മേളനത്തിൽ സഭ മുൻപാകെ വരുന്നതിന് അവസരം ലഭിച്ചില്ല.*

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെതിരെയുള്ള അവിശ്വാസ പ്രമേയം തുടർന്ന് ചർച്ചയ്ക്കെടുത്തു. പ്രതിപക്ഷാംഗം വി.ഡി. സതീശൻ അവതരിപ്പിച്ച പ്രമേയം തിരുവഞ്ചൂർ രാധാകൃഷ്ണൻ പിന്താങ്ങി. കേരള നിയമസഭയുടെ ചരിത്രത്തിൽ ചർച്ചയ്ക്കെടുക്കുന്ന പതിനാറാം അവിശ്വാസ പ്രമേയമാണ് അവതരിപ്പിക്കപ്പെട്ടത്. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിനെതിരെ കോടിയേരി ബാലകൃഷ്ണൻ 2005 ജൂലൈ 12 ന് കൊണ്ടുവന്ന അവിശ്വാസ പ്രമേയമായിരുന്നു സഭ ചർച്ച ചെയ്ത അവസാനത്തേത്. വി.ഡി.സതീശൻ അവതരിപ്പിച്ച പ്രമേയത്തിന്മേൽ അഞ്ച് മണിക്കൂറാണ് ചർച്ച നിശ്ചയിച്ചിരുന്നതെങ്കിലും രാത്രി 9.15 വരെ 11 മണിക്കൂർ 16 മിനിറ്റ് നീണ്ടുനിന്ന തീ പാറിയ ചർച്ചയ്ക്കാണ് സഭ സാക്ഷ്യം വഹിച്ചത്. മൂന്നേ മുക്കാൽ മണിക്കൂർ സമയമെടുത്ത് മുഖ്യമന്ത്രി മറുപടി പറഞ്ഞു. പ്രതിപക്ഷം ഉന്നയിച്ച ഗുരുതര ആരോപണങ്ങൾക്ക് ഭരണനേട്ടങ്ങൾ ഒന്നൊന്നായി എണ്ണിപ്പറഞ്ഞുള്ളതായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം. കേരള നിയമസഭയിൽ ഒരു അംഗം നടത്തുന്ന ഏറ്റവും നീണ്ട പ്രസംഗമായിരുന്ന ഇരുപതാം സമ്മേളനത്തിൽ മുഖ്യമന്ത്രി നടത്തിയത്. മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷാംഗങ്ങൾ ഡയസിനു മുന്നിൽ പ്രതിഷേധിക്കുകയും തങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി മുഖ്യമന്ത്രി നൽകിയില്ലെന്ന് ആരോപിക്കുകയും ചെയ്തു.

വിപ്പിനെ ചൊല്ലിയുള്ള കേരള കോൺഗ്രസ് വിഭാഗങ്ങളുടെ ബലാബല പരീക്ഷണങ്ങൾക്കും ഇരുപതാം സമ്മേളനം വേദിയായി. ബി.ജെ.പി.യുടെ ഏക അംഗം ഒ.രാജഗോപാൽ പ്രമേയത്തെ അനുകൂലിച്ച് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചെങ്കിലും വോട്ടെടുപ്പിൽ പങ്കെടുത്തില്ല.

കോവിഡ് 19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇരിപ്പിടങ്ങൾ പുന:ക്രമീകരിച്ചിരുന്നതിനാൽ അവിശ്വാസ പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പ് ഇലക്ട്രോണിക് വോട്ടിങ് സംവിധാനം ഉപയോഗിച്ചായിരുന്നില്ല നടത്തിയത്. പകരം മുൻപ് നിലനിന്നിരുന്ന ഡിവിഷൻ രീതിയാണ് അവലംബിച്ചത്. വോട്ടിങ് സമയം പ്രമേയത്തെ അനുകൂലിക്കുന്നവർ/പ്രതികൂലിക്കുന്നവർ സഭയിൽ എഴുന്നേറ്റ് നിൽക്കുകയും തൽസമയം നിയമസഭ സെക്രട്ടറി എഴുന്നേറ്റ് നിൽക്കുന്ന അംഗങ്ങളുടെ പേര് വിളിച്ച് വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചത്. പതിനൊന്ന് മണിക്കൂർ ചർച്ചയ്ക്ക് ശേഷം രാത്രി 9.15 ഓടെ വോട്ടിനിട്ട പ്രമേയം 40 ന് എതിരെ 87 വോട്ടുകൾക്ക് തള്ളുകയാണുണ്ടായത്.

ജനാധിപത്യപ്രക്രിയയുടെ പക്വമായ പ്രകടനത്തിനു കൂടി പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം സാക്ഷിയായി. പതിവ് ഇറങ്ങിപ്പോകലുകൾക്കും ബഹിഷ്കരണങ്ങൾക്കും പകരം ജനാധിപത്യം സാർഥകമാക്കുന്ന സംവാദത്തിന് നിയമസഭ വേദിയായി. പ്രതിപക്ഷത്തെ കേൾക്കാൻ ഭരണപക്ഷവും ഭരണപക്ഷത്തിന്റെ മറുപടി കേൾക്കാൻ പ്രതിപക്ഷവും തയ്യാറായി എന്നത് ജനാധിപത്യത്തെ സംബന്ധിച്ച് ശുഭസൂചകമാണ്. ജനാധിപത്യത്തിന്റെ അടിത്തറ ശക്തമാകുന്നത് വിയോജിപ്പുകൾ കൂടിച്ചേരുമ്പോഴാണ്. അത്തരം വിയോജിപ്പുകൾ ഉന്നയിക്കാനും അതു കേൾക്കാനും അതിൻമേൽ ആരോഗ്യകരമായ സംവാദത്തിലേർപ്പെടാനും നിയമസഭകൾക്ക് കഴിയുമ്പോൾ മാത്രമേ ജനാധിപത്യം വിജയിക്കൂ. ഇവിടെ സംവാദത്തിൽ ജയപരാജയങ്ങൾക്ക് സ്ഥാനമില്ല. കേരള നിയമസഭയുടെ ഈ അനുകരണീയ മാതൃകയ്ക്ക് ചുക്കാൻ പിടിക്കാൻ നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണന് കഴിഞ്ഞു. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അവരവരുടെ വാദങ്ങൾ സഭാതലത്തിൽ അവതരിപ്പിക്കുന്നതിനുള്ള സമയം സ്പീക്കർ അനുവദിച്ചു. മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇടപെട്ട് സംസാരിക്കാനുള്ള അവസരം പോലും പ്രതിപക്ഷ നേതാവിന് ലഭിച്ചു. ജനാധിപത്യത്തിൽ പൊതുജനങ്ങളുടെ വിശ്വാസം ഊട്ടി ഉറപ്പിക്കുന്നതരത്തിൽ ഇരുപതാം സമ്മേളനത്തിൽ നടന്ന അവിശ്വാസപ്രമേയ ചർച്ച ലോകം തത്സമയം കാണുകയും ചെയ്തു. ജനാധിപത്യത്തിന്റെ വെല്ലുവിളികൾ അതിജീവിക്കാൻ ഇത്തരം സംവാദങ്ങൾ തീർച്ചയായും സഹായിക്കും.


### *ജനാധിപത്യത്തിന് ഭാവിയുണ്ട്........*

*വർത്തമാനകാലത്ത് ലോകത്തെമ്പാടുമുള്ള ജനാധിപത്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യകരമായ സംവാദങ്ങൾ നടക്കുന്നില്ല എന്നതാണ്. നിയമനിർമ്മാണ സഭകളിൽ പോലും ഇത് അതിന്റെ അസാന്നിദ്ധ്യം കൊണ്ടാണ് ശ്രദ്ധിക്കപ്പെടുന്നത് എന്ന് പറയുമ്പോൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളിയുടെ ആഴം ബോധ്യപ്പെടും. ഇന്ത്യയിലേക്ക് വന്നാൽ കേന്ദ്ര സർക്കാരിനെ (ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളെയും) വിമർശിക്കുന്നവരെ 'രാജ്യദ്രോഹികൾ''ആയി കാണുന്നതാണ് പുതിയ രീതി. ഇതേ കാരണത്താൽ പാർലമെന്റ് അംഗങ്ങളെപ്പോലും സഭയിൽ നിന്ന് പുറത്താക്കിയത് നമുക്ക് സമീപകാല അനുഭവമാണ്.*

*കഴിഞ്ഞ സമ്മേളനത്തിൽ കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട അവിശ്വാസ പ്രമേയത്തേയും അതിൻമേൽ നടന്ന ചർച്ചയേയും ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്തേണ്ടത്. ഏതാണ്ട് ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന ചർച്ച. സർക്കാരിനെ വിമർശനം കൊണ്ടു മൂടി പ്രതിപക്ഷം. അവയെ സമർഥമായി നേരിടുകയും പ്രതിപക്ഷത്തിന്റെ പാളയത്തിലേക്ക് പട നയിച്ചും ഭരണ മുന്നണി. ഇതെല്ലാം ജനാധിപത്യത്തിന്റെ അന്തസ്സത്തയ്ക്ക് ചേരും വിധമാണ് നടന്നതെന്നതും ശ്ര ദ്ധേയമാണ്. ഈ ഒരൊറ്റ സംഭവത്തിലൂടെ കേരള നിയമസഭ ഇന്ത്യയ്ക്കും ലോകത്തിനും അനുകരിക്കാവുന്ന മറ്റൊരു മാതൃക സൃഷ്ടിച്ചിരിക്കുന്നു. ജനാധിപത്യത്തിന് ഭാവി ഉണ്ടെന്ന് തെളിയിച്ചിരിക്കുന്നു.*


***ഡോ.ജെ. പ്രഭാഷ്,***
***കേരള സർവ്വകലാശാല മുൻ പ്രൊ - വൈസ് ചാൻസലർ***

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




**Studies on Kerala Economy**
Rajeev C.Bharathan, Ed.
Thrissur: Cosmo Books, 2019
Call No: X.212 Q9

(A collection of essays on Kerala economy)




**Never Let Me Go**
Kazuo Ishiguro
London: Faber and Faber, 2016
Call No: O111,3KAZ P6
(Novel)




**The Call of the Wild and Free: Reclaiming Wonder in Your Child's Education**
Ainsley Arment
New York: Harper Collins, 2019
Call No: T Q9
(A book on Homeschooling)




**ഭ്രമം**
വയലാർ മാധവൻകുട്ടി
എറണാകുളം: വായനപ്പുര പബ്ലിക്കേഷൻസ്, 2018
Call No: O32,3MAD Q8
(നോവൽ)




**ഒരു പരാജിതന്റെ മോഹങ്ങൾ**
കൊല്ലം തുളസി
തിരുവനന്തപുരം: പ്രഭാത് ബുക്ക്സ്, 2014
Call No: O32,1THU Q4
(കവിതകൾ)




**നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി; നിങ്ങളെന്നെ ബി.ജെ. പിയാക്കി**
കെ കെ രാമചന്ദ്രൻ മാസ്റ്റർ
കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2017
Call No: V212y7N36RAM 32Q7
(ആത്മകഥ)



**V.P. Menon : The Unsung Architect of Modern India**
Narayani Basu
New Delhi: Simon & Schuster, 2020
Call No: V2y7 MEN R0
(A biography of V.P. Menon)




**Silent Night**
**Danielle Steel**
New York: Penguin Random House, 2019
Call No: O111,3DAN Q9
(Novel )




**Shaping of Rights: Jati and Gender in Colonial Keralam**
P S Manojkumar
New Delhi: Meena Book Publications, 2019
Call No: V212 Q9
(This research work explains the socio-political and cultural situation during the colonial period in Kerala )



**മണൽ മൊഴി**
ശ്രീലത
തൃശ്ശൂർ: കറന്റ് ബുക്സ്, 2018
Call No: O32,3SRE Q8
(നോവൽ)



**A Chequered Brilliance: The Many Lives of V.K. Krishna Menon**
Jairam Ramesh
Gurgaon: Penguin Random House, 2019
Call No: V2y7 KRI Q9
(A biography of V.K. Krishna Menon)



**തഴ**
എ എം മുഹമ്മദ്
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2019
Call No: O32,3MUH Q9
(നോവൽ)



## വിജ്ഞാനപഥം

# ജനസംഖ്യാ കണക്കെടുപ്പ്



- **ലോക ജനസംഖ്യാ ദിനം?**

ജൂലൈ 11 (1987 ജൂലൈ 11 നാണ് ലോക ജനസംഖ്യ 500 കോടി തികഞ്ഞത്. ഇതിന്റെ ഓർമ്മയ്ക്കായി പൊതുജന താൽപര്യാർത്ഥം ജൂലൈ 11 ലോക ജനസംഖ്യാ ദിനമായി ആചരിക്കാൻ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം ഗവേണിംഗ് ബോഡി തീരുമാനിക്കുകയായിരുന്നു.)

- **ലോക ജനസംഖ്യ 500 കോടി തികച്ചതായി കരുതപ്പെടുന്ന വ്യക്തി?**

മതേജ് ഗാസ്പർ (Matej Gasper- (ക്രൊയേഷ്യയുടെ തലസ്ഥാനമായ സാഗ്രിബിൽ ജനനം)

- **ജനസംഖ്യാ ശാസ്ത്രത്തിന്റെ പിതാവ്?**

ജോൺ ഗ്രോൺട് (ഇംഗ്ലണ്ട്)

- **രാജ്യവ്യാപകമായി വിപുലമായ ജനസംഖ്യാ കണക്കെടുപ്പ് ആദ്യമായി നടത്തിയ രാജ്യം ?**

ചൈന

- **കണക്കുകൾ കൃത്യമായി പ്രസിദ്ധീകരിച്ച ആദ്യ സെൻസസ്?**

1750 ലെ സ്വീഡിഷ് സെൻസസ്

- **ജനസംഖ്യയെ കുറിച്ചുള്ള പഠനം**

ഡെമോഗ്രഫി

- **ആദ്യ ലോക ജനസംഖ്യാ സമ്മേളനം നടന്ന വർഷം?**

1927 (ജനീവയിൽ നടന്ന സമ്മേളനം സംഘടിപ്പിച്ചത് ലീഗ് ഓഫ് നേഷൻസും മാർഗരറ്റ് സാൻഗറും ചേർന്നാണ്)

- **ഇന്ത്യയിൽ ശാസ്ത്രീയവും ആധുനിക രീതിയിലുള്ളതുമായ ആദ്യ സെൻസസ് നടന്ന വർഷം?**

1881 (റിപ്പൺ പ്രഭു വൈസ്രോയി ആയിരുന്ന കാലഘട്ടം)

- **സെൻസസ് എന്ന പദം രൂപപ്പെട്ടത് ഏതു ഭാഷയിൽ നിന്നാണ്?**

ലാറ്റിൻ ഭാഷ (തിട്ടപ്പെടുത്തുക എന്നർത്ഥം വരുന്ന സെൻസറെ എന്ന വാക്കിൽ നിന്ന്)

- **2011 ലെ ഇന്ത്യൻ സെൻസസ് രാജ്യചരിത്രത്തിൽ എത്രാമത്തേതാണ്?**

15 (പത്തു വർഷ ഇടവേളയിലാണ് ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്)



ജോൺ ഗ്രോൺട്



റിപ്പൺ പ്രഭു



മാർഗരറ്റ് സാൻഗർ

# അനശ്വര സംഗീതജ്ഞന് ആദരാഞ്ജലികൾ



കാലത്തെ അതിജീവിക്കുന്നതാണ് ഏതൊരു കലയും. ദേശകാലങ്ങളേയും ഭാഷയേയും അതിവർത്തിക്കുന്ന ഒരു സത്ത സംഗീതത്തിനുമുണ്ട്. സംഗീതത്തിൽ പരിജ്ഞാനം ഇല്ലാത്തവർക്കും ആസ്വദിക്കാവുന്ന ഒരു സാർവ്വജനീന സ്വഭാവം അതിനുണ്ട്. അതിന് ഒരു പ്രത്യക്ഷോദാഹരണം തന്നെയാണ് എസ്.പി.ബി.എന്ന എസ്. പി.ബാലസുബ്രഹ്മണ്യം.

അദ്ദേഹം ഏതു ദേശക്കാരനാണ് എന്ന് ചോദിച്ചാൽ നമുക്ക് ഒന്നാലോചിക്കേണ്ടി വരും. കാരണം, സ്വഭാഷയായ തെലുങ്ക് സിനിമാ ഗാനരംഗത്ത് ചുവടുറപ്പിക്കും മുമ്പുതന്നെ കന്നടയിലേയ്ക്കും തമിഴിലേക്കും മലയാളത്തിലേക്കും ഹിന്ദിയിലേക്കും അദ്ദേഹത്തിന്റെ സ്വരമാധുരി വ്യാപിക്കാൻ തുടങ്ങിയിരുന്നു. ഓരോ നാട്ടുകാരും തങ്ങളുടെ സ്വന്തം ഗായകരുടെ കൂടെത്തന്നെ അദ്ദേഹത്തെയും മനസ്സിൽ പ്രതിഷ്ഠിച്ചു. സംഗീതാസ്വാദകരുടെ മനസ്സിൽ ഇടം നേടിയ 'ശങ്കരാഭരണ'ത്തിലെ 'ശങ്കരാ നാദ ശരീരാ പരാ' എന്നു തുടങ്ങുന്ന ഗാനം പാടിക്കൊണ്ട് ബാലസുബ്രഹ്മണ്യം ഏവരുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടി. സംഗീത വേദികളിൽ ആ ഗാനം പാടാതെ ആരാധകർ അദ്ദേഹത്തെ വിടുമായിരുന്നില്ല. ദീർഘനേരം ശ്വാസമെടുക്കാതെ അദ്ദേഹം പാടിയ പാട്ടുകൾ ശ്വാസമടക്കിപ്പിടിച്ച് തന്നെ നമ്മൾ കേട്ടിരുന്നിട്ടുണ്ട്. 1960 കളിൽ തുടങ്ങിയ സംഗീത സപര്യ, 16 ഭാഷകളിലായി നാൽപതിനായിരത്തിൽ പരം ഗാനങ്ങൾ, ഇന്ത്യൻ ഗാനരംഗത്തെ ലോകപ്രശസ്തിയിലെത്തിച്ച പ്രതിഭാശാലി .... സംഗീതം കൊണ്ട് ജീവിതം ധന്യമാക്കിയ പ്രതിഭയ്ക്കു മുന്നിൽ പ്രണാമമർപ്പിക്കുന്നു.

**പി.ശ്രീരാമകൃഷ്ണൻ** സ്പീക്കർ

വേർപാട്

# മുൻ രാഷ്ട്രപതി പ്രണബ് മുഖർജി



ഇന്ത്യയുടെ പതിമൂന്നാം രാഷ്ട്രപതിയായിരുന്ന പ്രണബ് മുഖർജി (85) ആഗസ്റ്റ് 31 ന് അന്തരിച്ചു. കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിയവേ ഡൽഹിയിലായിരുന്നു അന്ത്യം. 2019 ൽ ഭാരതത്തിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നൽകി രാജ്യം ആദരിച്ചിരുന്നു. പശ്ചിമബംഗാളിൽ നിന്ന് ഇന്ത്യയുടെ രാഷ്ട്രപതിയായ ആദ്യ വ്യക്തിയാണ് പ്രണബ് മുഖർജി.



ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ, 1995 ലും 2006 ലും കേന്ദ്രവിദേശകാര്യ വകുപ്പുമന്ത്രി, 2004 ൽ കേന്ദ്രപ്രതിരോധവകുപ്പ് മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1982-84 കാലഘട്ടത്തിൽ കേന്ദ്ര ധനമന്ത്രിയായിരിക്കുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നയം, പെൺകുട്ടികളുടെ സാക്ഷരത, ആരോഗ്യ പരിരക്ഷ തുടങ്ങി ശ്രദ്ധേയമായ പല പദ്ധതികളും നടപ്പിലാക്കി. രാജ്യാന്തര നാണ്യനിധി, ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, ആഫ്രിക്കൻ ഡവലപ്മെന്റ് ബാങ്ക് എന്നിവയുടെ ഗവേണിംഗ് ബോർഡ് അംഗമായിരുന്നു. 2012 മുതൽ 2017 വരെ ഇന്ത്യൻ രാഷ്ട്രപതി ആയിരുന്നു.

1977 ൽ മികച്ച പാർലമെന്റേറിയനുള്ള പുരസ്കാരവും 2008 ൽ പത്മവിഭൂഷണം ലഭിച്ചു. മറ്റനേകം ദേശീയ, അന്തർദേശീയ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഒട്ടേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

രാഷ്ട്രപതിയായിരിക്കുമ്പോൾ 2012 ഒക്ടോബർ 30 ന് പ്രണബ് മുഖർജി കേരള നിയമസഭയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചിട്ടുണ്ട്. പ്രണബ് മുഖർജിയുടെ അന്നത്തെ സന്ദർശനം കേരള നിയമസഭയെ അഭിസംബോധന ചെയ്യുന്ന മൂന്നാമത്തെ രാഷ്ട്രപതി എന്ന നിലയിൽ ശ്രദ്ധേയമായി. അന്ന് രാഷ്ട്രപതി സഭയിൽ പ്രവേശിച്ചപ്പോൾ സഭയിലെ സ്ക്രീനിൽ "ശ്രീ'.പ്രണബ് മുഖർജി' എന്നാണ് തെളിഞ്ഞത്. ബ്രിട്ടീഷ് ഭരണത്തിന്റെ ബാക്കിയായ 'ഹിസ് എക്സലൻസി' എന്ന പ്രയോഗം തനിക്ക് വേണ്ടെന്ന പ്രണബിന്റെ ശാഠ്യമായിരുന്നു ആ"ശ്രീ"ക്ക പിന്നിൽ. കേരളത്തിന്റെ രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമായി കേരള വികസന മാതൃകയുടെ രണ്ടാം പതിപ്പിന് രൂപം കൊടുക്കണമെന്നും ജനപ്രതിനിധികൾ അതിന് നേതൃത്വം വഹിക്കണമെന്നും സന്ദർശന വേളയിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ ബഹുസ്വരതയും സഹനവും പുരോഗമനചിന്തയും എല്ലാവരെയും ഉൾപ്പെടുത്തുന്ന വികസനവും ഇന്ത്യയ്ക്കാകെ സന്ദേശമാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. സമ്മേളനശേഷം ഗവർണ്ണർ, സാമാജികർ എന്നിവരോടൊപ്പം ഗ്രൂപ്പ് ഫോട്ടോയിലും രാഷ്ട്രപതി പങ്കാളിയായി. സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി നിയമസഭാ വളപ്പിൽ അദ്ദേഹം ഊദ് വൃക്ഷത്തെ നട്ടു. മുൻ രാഷ്ട്രപതിയുടെ ദേഹവിയോഗത്തിൽ രാജ്യം ഏഴ് ദിവസത്തെ ദു:ഖാചരണം നടത്തിയതിന്റെ ഭാഗമായി കേരള നിയമസഭാ സമുച്ചയത്തിൽ ദേശീയപതാക താഴ്ത്തിക്കെട്ടി.



## മുൻ നിയമസഭാംഗം ജോർജ് മെഴ്സിയർ

പത്താം കേരള നിയമസഭാംഗമായിരുന്ന ജോർജ് മെഴ്സിയർ (68) സെപ്റ്റംബർ 16 ന് അന്തരിച്ചു. കോവളം നിയോജകമണ്ഡലത്തിൽ നിന്നുള്ള ജനപ്രതിനിധിയായിരുന്നു. 1952 ൽ പീയൂസ് മെഴ്സിയർ -ഐറിസ് ക്ലാര ദമ്പതിമാരുടെ മകനായി ജനിച്ചു. യൂണിവേഴ്സിറ്റി കോളേജിലെ കെ.എസ്. യു. യൂണിറ്റ് പ്രസിഡന്റായിരുന്നു. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി, ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ, പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു.

പി.പ്രസന്നകുമാരിയാണ് ഭാര്യ. ഇവർക്ക് രണ്ട് ആൺമക്കളാണുള്ളത്.

## കേന്ദ്രമന്ത്രി രാംവിലാസ് പാസ്വാൻ



കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയും ലോക് ജനശക്തി പാർട്ടി നേതാവുമായ രാംവിലാസ് പാസ്വാൻ (74) ഒക്ടോബർ 8 ന് അന്തരിച്ചു. ബീഹാർ നിയമസഭാംഗം, രാജ്യസഭാംഗം, നിരവധി കേന്ദ്രമന്ത്രിസഭകളിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## നിയമസഭാ ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ സൗമ്യറാണി ജി.എൽ.ന് ഡോക്ടറേറ്റ്



നിയമസഭാ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ സൗമ്യറാണി ജി. എൽ.ന് കേരള സർവ്വകലാശാലയിൽ നിന്ന് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ ഡോക്ടറേറ്റ് ലഭിച്ചു. മലയിൻകീഴ് സ്വദേശിയായ സൗമ്യറാണി കേരള സർവ്വകലാശാലയിൽ നിന്ന് MLISc പൂർത്തിയാക്കിയശേഷം 2012 ജനുവരിയിലാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ചത്. ഡോക്ടറേറ്റ് ലഭിച്ച സൗമ്യറാണിയെ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അഭിനന്ദിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

## നിയമസഭാ സെക്രട്ടേറിയറ്റിൽ സൗരോർജ്ജപ്ലാന്റ്



നിയമസഭാ സെക്രട്ടേറിയറ്റിൽ തിരുവനന്തപുരം നഗരസഭയുടെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ 'Sustainable Institutions- Solar Roof Top in Government Offices and Institutions within ABD areas' പദ്ധതിയിൽ ഉൾപ്പെടുത്തി റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം സോളാർ സംവിധാനത്തിലേയ്ക്ക് മാറ്റുന്ന പദ്ധതിയുടെ ഉദ്ഘാടനം 2020 ആഗസ്റ്റ് മാസം 25 ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. നിയമസഭാ സമുച്ചയത്തിലെ അസംബ്ലി ബ്ലോക്കിൽ 132.625 kWp യും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ 263 kWp യും ഉൾപ്പെടെ ആകെ 395.625 kWp ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള പ്രോജക്ടാണിത്.

കോർപ്പറേഷൻ നൽകിയ പഠന റിപ്പോർട്ടനുസരിച്ച് പ്രതിദിനം ശരാശരി 4 units/kWp വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രതിവർഷ വൈദ്യുത ഉപഭോഗം 20.94 ലക്ഷം യൂണിറ്റ് ആണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലും അസംബ്ലി ബ്ലോക്കിലുമായി സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിലൂടെ നിലവിലെ വൈദ്യുത ബിൽ തുകയുടെ 23 ശതമാനം കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഗ്രിഡ് ടൈപ്പ് സോളാർ പവർ പ്ലാന്റാണ് സ്ഥാപിക്കുന്നത്. ഉപകരണങ്ങൾക്കെല്ലാം മിന്നൽ രക്ഷാസംവിധാനം ഉണ്ടായിരിക്കും. ഇതിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും ചെയ്യുന്ന ജോലിയും ഏറ്റവും പുതിയ IEC/IS സ്റ്റാൻഡേർഡ് നിലവാരമനുസരിച്ചായിരിക്കും. ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കും ഇൻവർട്ടറിനും 10 വർഷത്തെ വാറന്റിയും സോളാർ pv യ്ക്ക് 25 വർഷത്തെ പെർഫോർമൻസ് ഗാരന്റിയും 5 വർഷത്തെ ഡിഫക്ട് ലയബിലിറ്റി കാലാവധിയും ഉണ്ടായിരിക്കും.

സോളാർ റൂഫ് ടോപ്പിന്റെ ഉടമസ്ഥാവകാശം നിയമസഭാ സെക്രട്ടേറിയറ്റിനാണ്. സോളാർ റൂഫ് ടോപ്പ് സ്ഥാപിക്കുന്നതിനുള്ള ചെലവ് പൂർണ്ണമായും എസ്.സി.റ്റി. എൽ. (സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്) വഹിക്കുന്നതാണ്. പ്ലാന്റിന്റെ പത്ത് വർഷം വരെയുള്ള നടത്തിപ്പും അറ്റകുറ്റപ്പണികളും എസ്. സി.റ്റി.എൽ. നിർവഹിക്കും. പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം 10 വർഷം വരെ ഉണ്ടാകുന്ന ലാഭം 50:50 അനുപാതത്തിൽ എസ്.സി.റ്റി.എൽ. ഉം നിയമസഭാ സെക്രട്ടേറിയറ്റും പങ്കിടും. ശേഷിക്കുന്നത് പൂർണ്ണമായും നിയമസഭാ സെക്രട്ടേറിയറ്റിനായിരിക്കും.

നിയമസഭാ വളപ്പിലെ ഔദ്യോഗിക വസതികളിലെ വൈദ്യുതീകരണം സോളാർ സംവിധാനത്തിലേയ്ക്ക് മാറ്റുന്ന നടപടികൾ പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ അവസാനഘട്ടത്തിലാണ്. നിയമസഭാ സ്പീക്കറുടെ ഔദ്യോഗിക വസതിയിൽ 15 KW ഉം ഡെപ്യൂട്ടി സ്പീക്കറുടെ ഔദ്യോഗിക വസതിയിൽ 10 KW ഉം നിയമസഭാ സെക്രട്ടറിയുടെ ഔദ്യോഗിക വസതിയിൽ 5 KW ഉം ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള സോളാർ പ്ലാന്റാണ് സ്ഥാപിക്കുന്നത്.

# സി.എഫ്.തോമസ്, എം.എൽ.എ. അന്തരിച്ചു



ചങ്ങനാശ്ശേരി എം.എൽ.എ.യും മുൻ മന്ത്രിയും കേരള കോൺഗ്രസ് നേതാവുമായിരുന്ന സി.എഫ്.തോമസ്(81) സെപ്റ്റംബർ 27 ന് അന്തരിച്ചു.

ആറ് പതിറ്റാണ്ടുകളായി കേരള രാഷ്ട്രീയത്തിലെ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹം 1980 മുതൽ തുടർച്ചയായി ചങ്ങനാശ്ശേരി മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. കേരള കോൺഗ്രസ്(എം)ന്റെ രാഷ്ട്രീയ നയരൂപീകരണത്തിൽ പ്രധാന പങ്ക് വഹിച്ച നേതാവായിരുന്നു സി.എഫ്.തോമസ്. സൗമ്യതയുടെ പ്രതിരൂപമായ അദ്ദേഹമാണ് ചങ്ങനാശ്ശേരിയുടെ സമഗ്രവികസനത്തിന് തുടക്കം കുറിച്ചത്.

ചങ്ങനാശ്ശേരി ചെന്നിക്കര സി.ടി. ഫ്രാൻസിസിന്റേയും അന്നമ്മയുടേയും മകനായി 1939 ജൂലൈ 30 ന് ജനിച്ച അദ്ദേഹം എസ്.ബി . കോളേജിൽ നിന്ന് ബിരുദവും എൻ.എസ്.എസ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എഡും നേടി. 1962 ൽ അധ്യാപകവൃത്തിയിൽ പ്രവേശിച്ചു. 18 വർഷം അധ്യാപകനായിരുന്നു. 1980 ൽ ആറാം കേരള നിയമസഭയിലാണ് ആദ്യമായി നിയമസഭാംഗമാകുന്നത്. അന്ന് മുതൽ എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും ചങ്ങനാശ്ശേരി മണ്ഡലത്തെ പ്രതിനിധീകരിച്ചത് സി.എഫ്.തോമസ് ആണ്. 1956 ൽ കേരള കോൺഗ്രസിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച സി.എഫ്.തോമസ് വിമോചന സമരത്തിലും പങ്കാളിയായി. 1964 ൽ കേരള കോൺഗ്രസിലും തുടർന്ന് കേരള കോൺഗ്രസ് (എം)ലും അംഗമായി. 1991 ൽ കേരള കോൺഗ്രസ് (എം) ചെയർമാനായ അദ്ദേഹം 2001 മേയ് 26 മുതൽ 2004 ആഗസ്റ്റ് 29 വരെ എ.കെ.ആന്റണി മന്ത്രിസഭയിലും 2004 സെപ്റ്റംബർ 5 മുതൽ 2006 മേയ് 12 വരെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലും ഗ്രാമവികസന വകുപ്പുമന്ത്രിയായിരുന്നു. ഏഴ്, എട്ട് നിയമസഭകളിൽ ചെയർമാൻമാരുടെ പാനലിൽ അംഗമായിരുന്നു അദ്ദേഹം. ചങ്ങനാശ്ശേരി മണ്ഡലം കമ്മിറ്റി പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിലും കോട്ടയം ജില്ലാ സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കേരള കോൺഗ്രസ്(എം) അദ്ധ്യക്ഷൻ, ജനറൽ സെക്രട്ടറി, കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം തുടങ്ങിയ പദവികളും വഹിച്ചു. കുഞ്ഞമ്മയാണ് ഭാര്യ. മൂന്ന് മക്കളുണ്ട്.

*കേരള കോൺഗ്രസിന്റെ മുതിർന്ന നേതാവ് സി.എഫ്.തോമസിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു. നാലു പതിറ്റാണ്ടായി നിയമസഭാംഗമായി പ്രവർത്തിക്കുന്ന അദ്ദേഹം, നാടിന്റെ വികസനത്തിന് വേണ്ടി രാഷ്ട്രീയത്തിന് അതീതമായി എല്ലാവരുമായും യോജിക്കാൻ തയ്യാറായിരുന്നു. പൊതുപ്രവർത്തനത്തിൽ ധാർമിക മൂല്യങ്ങൾക്ക് അദ്ദേഹം വലിയ വില കൽപ്പിച്ചു. കുറച്ചു കാലമായി രോഗബാധിതനായിരുന്ന അദ്ദേഹം ആരോഗ്യ പ്രശ്നങ്ങളെ അവഗണിച്ച് പൊതുപ്രവർത്തനം തുടരുകയായിരുന്നു. പതിറ്റാണ്ടുകളായി സി.എഫുമായി അടുത്ത ബന്ധമുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിലെന്ന പോലെ പെരുമാറ്റത്തിലും അദ്ദേഹം അങ്ങേയറ്റം മാന്യത പുലർത്തി. നിര്യാണം മൂലം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും സഹപ്രവർത്തകർക്കും സുഹൃത്തുകൾക്കുമുള്ള ദുഃഖത്തിൽ പങ്കുചേരുന്നു.*

***പിണറായി വിജയൻ*** *മുഖ്യമന്ത്രി*

*സി.എഫ്. തോമസിന്റെ അന്ത്യം വളരെ ദുഃഖകരമായ ഒരു വാർത്തയായാണ് കണ്ടത്. സൗമ്യദീപ്തമായ കർക്കശക്കാരനായിരുന്നു സി.എഫ്.തോമസ്. അദ്ദേഹത്തിനു പറയാനുള്ളത് ഏറ്റവും സൗമ്യമായി എന്നാൽ ഏറ്റവും ശക്തമായി സഭാവേദികളിൽ ഉന്നയിക്കാനും ഉന്നയിക്കുന്ന വിഷയങ്ങൾ സൂക്ഷ്മതയോടുകൂടി കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടു ഇടപെടാനും ശ്രദ്ധിച്ചിരുന്ന ഒരു സാമാജികനായിരുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മത നിയമസഭയിലെ പുതിയ സാമാജികർക്ക് ഒരു മാതൃകയാണ്. നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും പാലിക്കുന്നതിനും അച്ചടക്കത്തോടുകൂടി പാർലമെന്ററി ജനാധിപത്യത്തിൽ ഇടപെടുന്നതിനും കാണിക്കുന്ന മര്യാദയും അങ്ങേയറ്റം അനുകരണീയമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.*

***പി.ശ്രീരാമകൃഷ്ണൻ*** *സ്പീക്കർ*

*സംശുദ്ധ വ്യക്തിത്വത്തിന്റെ പ്രതീകമായിരുന്നു സി.എഫ്.തോമസ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വേണ്ടി ജീവിതം ഉഴിഞ്ഞ് വച്ച നേതാവായിരുന്നു. നാല് തവണ കോട്ടയത്ത് നിന്ന് പാർലമെന്റിലേക്ക് മൽസരിച്ചപ്പോഴും എന്നെ വിജയിപ്പിക്കാൻ വേണ്ടി അദ്ദേഹം അഹോരാത്രം അദ്ധ്വാനിച്ചിരുന്നു. ചങ്ങനാശ്ശേരിയെ പ്രതിനിധീകരിച്ച് 9 തവണ നിയമസഭാംഗമായ അദ്ദേഹത്തിന് ചങ്ങനാശ്ശേരിയിലെ ജനങ്ങളെ കഴിഞ്ഞേ എന്തുമുണ്ടായിരുന്നുള്ളൂ. സി.എഫ്.തോമസിന്റെ നിര്യാണത്തോടെ അതുല്യനായ ജനനേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.*

***രമേശ് ചെന്നിത്തല*** *പ്രതിപക്ഷ നേതാവ്*

# നാല് നിയമസഭാംഗങ്ങൾ
## കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേയ്ക്ക്


ജി.എസ്.ജയലാൽ


മാത്യു ടി.തോമസ്


കെ.വി.വിജയദാസ്


എം.വിൻസെന്റ്

കേരള കാർഷിക സർവ്വകലാശാലാ ജനറൽ കൗൺസിലിലേയ്ക്ക് കേരള നിയമസഭയിൽ നിന്നുള്ള നാല് സാമാജികർ തെരഞ്ഞെടുക്കപ്പെട്ടു. പൊതു വിഭാഗത്തിൽ നിന്നും ജി.എസ്.ജയലാൽ, മാത്യു ടി.തോമസ്, എം.വിൻസെന്റ് എന്നിവരെയും പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗത്തിൽ നിന്ന് കെ.വി.വിജയദാസിനെയുമാണ് തെരഞ്ഞെടുത്തത്. മൂന്നു വർഷത്തിലൊരിക്കലാണ് കൗൺസിൽ പുനഃസംഘടിപ്പിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലാ ആക്ടിലെ 10-ാം വകുപ്പിലാണ് ജനറൽ കൗൺസിലിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നും അംഗങ്ങളെ തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആക്ടിന് 2001 ൽ വരുത്തിയ ഭേദഗതി പ്രകാരമാണ് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം 5 ൽ നിന്ന് 4 ആയി കുറച്ചത്.

S.R.O. നമ്പർ 678/74 ആയി പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് 2020 ആഗസ്റ്റ് 13 ന് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്. ആകെ നാല് അംഗങ്ങൾ മാത്രം നാമനിർദ്ദേശ പത്രിക സമർപ്പിച്ചതിനാൽ വോട്ടെടുപ്പ് ഒഴിവാക്കുകയും സ്റ്റാറ്റ്യൂട്ടിലെ 30-ാം ഖണ്ഡിക പ്രകാരം വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.



# മഹാകവിക്ക് വിട

രണ്ട് നൂറ്റാണ്ടുകൾക്കിടയിലൂടെ സഞ്ചരിച്ച് മാനവികതയുടെ മൂർത്തഭാവങ്ങൾ കവിതകളാക്കി കൈരളിക്ക് സമ്മാനിച്ച് മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാട് യാത്രയായി. 1926 മാർച്ച് 8 ന് കുമാരനെല്ലൂർ അമേറ്റിക്കരയിൽ അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയുടെയും ചേകൂർ പാർവ്വതി അന്തർജനത്തിന്റെയും പുത്രനായി ജനനം. മലയാള കവിതയെ ആധുനികതയിലേക്ക് കൈപിടിച്ചുയർത്തിയ അക്കിത്തം അച്യുതൻ നമ്പൂതിരി വിടവാങ്ങുമ്പോൾ മലയാളത്തിലെ മഹാകവികളുടെ ഗണത്തിലെ അവസാന കണ്ണിയാണ് നഷ്ടമാകുന്നത്. 'ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവെ ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം'എന്നു പാടിയ കവി വിശ്വമാനവീയകതയ്ക്ക് പുതുഭാഷ്യം പകർന്നു നൽകി. ഹിംസയോട് ഒരിക്കലും അദ്ദേഹത്തിന് സന്ധിചെയ്യാനായില്ല. നേട്ടങ്ങളിൽ കൂടുതൽ എളിമയും ലാളിത്യവും പ്രകടിപ്പിക്കാൻ കഴിയണമെന്ന പാഠം, ഓരോ അവാർഡ് തേടിയെത്തുമ്പോഴും അദ്ദേഹം പഠിപ്പിച്ചു. കേന്ദ്ര-സംസ്ഥാന സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, മധ്യപ്രദേശ് സർക്കാരിന്റെ ദേശീയ കബീർ സമ്മാനം, വള്ളത്തോൾ സമ്മാനം, ഉള്ളൂർ അവാർഡ് എന്നിങ്ങനെ ധാരാളം പുരസ്കാരങ്ങളാണ് അക്കിത്തത്തെ തേടിയെത്തിയത്. 2019 ൽ സാഹിത്യത്തിനുള്ള രാജ്യത്തെ പരമോന്നത ബഹുമതിയായ ജ്ഞാനപീഠവും അദ്ദേഹത്തിന് ലഭിച്ചു. 2017 ൽ പത്മശ്രീ നൽകി രാജ്യം അക്കിത്തത്തെ ആദരിച്ചു. ഭാര്യ പരേതയായ പട്ടാമ്പി കീഴായൂർ ആലമ്പിള്ളി മനയിൽ ശ്രീദേവി അന്തർജ്ജനം. ചിത്രകാരൻ അക്കിത്തം വാസുദേവൻ ഉൾപ്പെടെ ആറ് മക്കളുണ്ട്.



# കേശവാനന്ദ ഭാരതി ഓർമ്മയായി

ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ കേശവാനന്ദ ഭാരതി vs. സ്റ്റേറ്റ് ഓഫ് കേരള കേസിലെ ഹർജിക്കാരനായ കേശവാനന്ദ ഭാരതി അന്തരിച്ചു. 2020 സെപ്റ്റംബർ 6 ന് കാസർകോഡ് എടനീർ മഠത്തിലായിരുന്നു അന്ത്യം. കേരള ഭൂപരിഷ്കരണ നിയമത്തെ തുടർന്ന് മഠത്തിന് നഷ്ടമായ ഭൂമി തിരികെ ലഭിക്കുന്നതിന് കേശവാനന്ദ ഭാരതി റിട്ട് ഹർജിയിലൂടെ സുപ്രീം കോടതിയിൽ നിയമപോരാട്ടം നടത്തി. സ്വത്തവകാശം മൗലികമാണോ എന്ന തർക്കം പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം സംബന്ധിച്ച പരിശോധനയായി മാറി. പൊതു ആവശ്യങ്ങൾക്കും ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളുടെ നടപ്പാക്കലിനും രാഷ്ട്രത്തിന് സ്വത്തവകാശം എന്ന മൗലികാവകാശത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താമെന്ന് ഭൂരിപക്ഷ വിധിയിൽ കോടതി ഉത്തരവിട്ടു. അതേ സമയം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളായ ജനാധിപത്യം, ഫെഡറൽ സ്വഭാവം തുടങ്ങിയവയിൽ മാറ്റം വരുത്താനുള്ള അധികാരം പാർലമെന്റിനില്ലെന്ന് വിധിച്ച പരമോന്നത കോടതി ഭരണഘടനാ ഭേദഗതികൾക്ക് പരിധി നിശ്ചയിച്ചു. 1972 ലെ 29-ാമത് ഭരണഘടനാ ഭേദഗതി നിയമവും (കേരള ഭൂപരിഷ്കരണ നിയമത്തിന് സംരക്ഷണം നൽകാൻ കൊണ്ടുവന്ന ഭേദഗതി), 1969 ലെ കേരള ഭൂപരിഷ്കരണ നിയമവും, 1971 ലെ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമവുമാണ് റിട്ട് ഹർജിയിലൂടെ ചോദ്യം ചെയ്യപ്പെട്ടത്. കേശവാനന്ദ ഭാരതി vs. സ്റ്റേറ്റ് ഓഫ് കേരള കേസ് സംബന്ധിച്ച് അറിവോരം 1/2019 ലക്കത്തിൽ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.

# സ്വാമി അഗ്നിവേശ്: ആവേശോജ്ജ്വലമായ ഒരു ഓർമ്മ

പി.ശ്രീരാമകൃഷ്ണൻ, സ്പീക്കർ

അനുസ്മരണം



നിഷ്കാമകർമ്മം അനുഷ്ഠിച്ച് കർമ്മയോഗികളായ ധാരാളം സന്യാസിമാരെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. അവരിൽ പലരും ധ്യാനനിമഗ്നരായി കാലം കഴിച്ചവരല്ല, മറിച്ച് ഇന്ത്യയുടെ വൈജ്ഞാനികവും സാംസ്കാരികവുമായ ധാരകളിൽ ഊർജ്ജപ്രവാഹമായി മാറിയവരാണ്. സമകാലിക ഇന്ത്യയിൽ അങ്ങനെയുള്ള സന്യാസികൾ വളരെ വിരളമാണ്. മതവും അധികാരവും ചേർന്ന് വിധ്വംസകമായ ഫലങ്ങൾ ഉളവാക്കുന്നതിന് നമ്മൾ ഇന്ന് സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ മതവിശ്വാസിയും സന്യാസിയും ആയിരുന്നൊരാൾ നിയമസഭാ സാമാജികനായും കാബിനറ്റ് മന്ത്രിയായുമെല്ലാം സേവനമനുഷ്ഠിച്ചപ്പോഴും, മതത്തെ അധികാരവുമായി ബന്ധിപ്പിക്കാതെയിരിക്കുകയും അതേ സമയം മതത്തിനകത്തുള്ള മാമൂലുകളെ ഉയർന്ന മാനവികബോധത്തോടെ എതിർക്കുകയും ചെയ്തുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. അങ്ങനെ ലോകശ്രദ്ധ പിടിച്ചുപറ്റിയ സന്യാസിവര്യനും സാമ്പത്തിക ശാസ്ത്രമടക്കമുള്ള വിജ്ഞാന മേഖലകളിൽ യുക്തിപൂർവ്വം ഇടപെട്ട പണ്ഡിതനുമാണ് സ്വാമി അഗ്നിവേശ്. ഇന്ത്യ, ശാരീരികമായി മാത്രം ആരോഗ്യം (ഫിസിക്കലി ഫിറ്റ്) കൈവരിച്ചാൽ പോര, മാനസികമായും ബൗദ്ധികമായും ആരോഗ്യമുള്ളതാകണം. 'ഫിറ്റായ ഇന്ത്യ' എന്നാൽ സധൈര്യം ചോദ്യങ്ങളുന്നയിക്കാൻ പ്രാപ്തിയുള്ള ജനങ്ങളുടെ ഇന്ത്യയാണെന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

2019 ൽ വജ്രജൂബിലി ആഘോഷങ്ങളുടെയും 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യുടെയും ഭാഗമായി കേരള നിയമസഭ, തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'ദേശീയ വിദ്യാർത്ഥി പാർലമെന്റിൽ' പങ്കെടുക്കാൻ വന്നപ്പോൾ സ്വാമി അഗ്നിവേശിനെ നേരിൽ കണ്ട് പരിചയപ്പെടാൻ എനിക്കവസരമുണ്ടായി. അദ്ദേഹം തന്റെ പ്രബുദ്ധമായ പ്രഭാഷണത്തിൽ 'ഇന്ത്യ' എന്ന ആശയത്തിന്റെ ചരിത്രം വരച്ചിട്ടു. നമ്മുടെ ഭരണഘടനയിൽ പ്രതിഷ്ഠ നേടിയതും നമ്മുടെ സാമൂഹികക്രമങ്ങളുടെയും രൂപഘടനയുടെയും അടിസ്ഥാന ശിലയായിട്ടുള്ളതും 'വസുധൈവ കുടുംബകം' എന്ന വൈദികമായ ആദർശമാണെന്നും, സമഭാവനയും സമത്വവാദവുമാണ് ഈ ആദർശത്തിന്റെ നെടുംതൂണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

യുക്തിപൂർവ്വം ചിന്തിച്ച് പെരുമാറുന്ന യുവത്വത്തിൽ ഇന്ത്യയുടെ ഭാവി കണ്ട സാമൂഹ്യപ്രവർത്തകനാണ് അദ്ദേഹം എന്നതുകൊണ്ടുതന്നെ യുവത്വ സമ്പന്നമായിരുന്ന വിദ്യാർത്ഥി പാർലമെന്റ് സദസിൽ നടത്തിയ പ്രബുദ്ധമായ പ്രസംഗത്തിൽ, യുവാക്കളെ വാർത്തെടുക്കാൻ പോന്ന അനേകം ചോദ്യങ്ങൾ അദ്ദേഹം ഉന്നയിച്ചു. ഇന്ത്യൻ ജനതയുടെ അഖണ്ഡത കാത്തുസൂക്ഷിക്കാനും അപരത്വവും വിദ്വേഷവും അകറ്റി നിർത്താനുമുള്ള ഒരു പ്രയാണത്തിന് ഇറങ്ങിത്തിരിക്കാൻ അദ്ദേഹം അവരോട് ആഹ്വാനം ചെയ്തു. ജനാധിപത്യത്തിന്റെ പരമോന്നതമായ ആശയങ്ങൾ അനുവർത്തിച്ച്, സമീപകാല ഭാവിയിൽ മന്ത്രിമാരായും സാമാജികരായും ഭരണമേറ്റ് രാജ്യത്തെ മാതൃകാപരമായി നയിക്കാൻ യുവാക്കളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

നമ്മുടെ രാഷ്ട്രശില്പികൾ വിഭാവനം ചെയ്ത രാഷ്ട്രീയവും സാമൂഹികവുമായ സമത്വം ഇന്ന് കടലാസ്സിൽ ഒതുങ്ങിയിരിക്കുന്നുവെന്നും ജാതിയെ ഉന്മൂലനം ചെയ്ത് സമാധാനപരമായ സഹവർത്തിത്വം സാധ്യമാക്കണമെന്നുമുള്ള അംബേദ്കറുടെ ആഗ്രഹം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും കേവലം സ്വപ്നമായി അവശേഷിക്കുന്നുവെന്നും സ്വാമി അഗ്നിവേശ് സൂചിപ്പിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആത്മാവിലും സാരാംശത്തിലും അത് എല്ലാ നാട്ടുകാർക്കുമുള്ളതാണെന്ന് പ്രസ്താവിക്കുന്ന ഒരു ബിൽ അന്ന് വിദ്യാർത്ഥി പാർലമെന്റിൽ അദ്ദേഹം അവതരിപ്പിക്കുകയും ചെയ്തു.

നമ്മുടെ സാമൂഹ്യഘടനയിൽ പതിഞ്ഞിരിക്കുന്ന അനീതികൾക്കെതിരെ പോരാടുന്നതും അടിച്ചമർത്തപ്പെടുന്നവരെ അരികുവത്കരിക്കുന്ന സാമൂഹിക അസമത്വം നീക്കം ചെയ്യുന്നതുമായ മതത്തിലാണ് താൻ വിശ്വസിക്കുന്നതെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. മതവും കർക്കശസിദ്ധാന്തങ്ങളും ഉണ്ടാക്കിയ അതിരുകളെ ഇല്ലാതാക്കാനും നൈരന്തര്യത്തിലും അനുസ്യൂതിയിലും രൂപംകൊള്ളുന്ന ശ്രേഷ്ഠത കൈവരിക്കാനും, ആത്മീയത അതിന്റെ ശരിയായ അർത്ഥത്തിൽ പരിശീലിക്കേണ്ടതുണ്ട് എന്ന് അദ്ദേഹം സൂചിപ്പിച്ചു.

അന്ധവിശ്വാസങ്ങളിലൊന്നും അകപ്പെടാതെ, സന്ദേഹവും സംവാദവും ഭിന്നാഭിപ്രായവും ശീലിക്കാനും മാനവികതയെ സ്വന്തം മതമായി ആചരിക്കാനും സ്വാമി അഗ്നിവേശ് നിർദ്ദേശിച്ചു. 'നിങ്ങൾ നിങ്ങളുടെ സ്വന്തം ഗുരുവായിരിക്കുക, നിങ്ങളുടെ സ്വന്തം പ്രവാചകനാവുകയും നിങ്ങളുടെ സ്വന്തം തിരുവെഴുത്തുകൾ എഴുതുകയും ചെയ്യുക' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ... അന്നത്തെ പ്രഭാഷണം ചിന്തോദ്ദീപകം തന്നെയായിരുന്നു. സ്വന്തം അനുഭവങ്ങളിൽ നിന്ന് അദ്ദേഹം രൂപീകരിച്ച ആശയങ്ങൾക്ക് നമ്മുടെ നാടിനെ വെളിച്ചത്തിലേക്ക് നയിക്കാൻ ശേഷിയുണ്ട്. ആ ദർശനങ്ങൾ, ആദർശാത്മകമായ യുവതലമുറയെ വാർത്തെടുക്കാനും അവരെ സത്യത്തിലേക്ക് നയിക്കുന്ന ദീപമാകാനും പ്രാപ്തമാണ്.

മതങ്ങളെ പരസ്പരമുള്ള സംവാദങ്ങളായി കണ്ട തത്വചിന്തകനായിരുന്നു സ്വാമി അഗ്നിവേശ്. ഇന്ത്യയുടെ ബൗദ്ധിക ഭൂപ്രകൃതി വാർത്തെടുക്കാൻ ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം എല്ലാ മേൽവിലാസങ്ങൾക്കും അതീതനായി, അതിരുകളെ അതിവർത്തിക്കുന്നവനായി നിലകൊണ്ടു. ഇന്ത്യാചരിത്രത്തിന്റെ മുമ്പൊന്നുമില്ലാത്തവിധമുള്ള ഈ സന്ദിഗ്ധഘട്ടത്തിൽ സ്വാമി അഗ്നിവേശിനെ പോലുള്ള മഹത്തുക്കൾക്ക് മതേതരത്വത്തിന്റെയും സമത്വത്തിന്റെയും മൂല്യങ്ങളാൽ ജീവസ്സുറ്റ, ഹരിതസ്ഥലികളിലേക്ക് നമ്മെ നയിക്കാനാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സഭാ പ്രസംഗങ്ങളിലൂടെ...



# ഭക്ഷ്യവിള ഉത്പാദനം വർദ്ധിപ്പിക്കാൻ ആധുനിക കൃഷിരീതി അനിവാര്യം

2014 ജനുവരി 28 ന് ബജറ്റിന്റെ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് സി.എഫ്. തോമസ് ചെയ്ത പ്രസംഗത്തിൽ നിന്ന്.

കേരളത്തിന്റെ ഇന്നത്തെ പ്രശ്നം ശരിക്കും പഠിച്ച് കേരളത്തെ രക്ഷപ്പെടുത്താനുള്ള മാറ്റം ഉൾക്കൊള്ളുന്നവന്നെതാണ് ഞാനീ ബജറ്റിൽ കാണുന്ന പ്രത്യേകത. സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് ഏറ്റവും മുൻതൂക്കം കൊടുക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പാവപ്പെട്ടവരെ സഹായിക്കാനായി നമ്മുടെ മന്ത്രിസഭ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്തു. ഈ ബജറ്റ് അടിസ്ഥാനപരമായി കേരളത്തെ ഇന്നത്തെ സാഹചര്യത്തിൽ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. കേരളത്തെ അടിസ്ഥാനപരമായി രക്ഷിക്കണമെങ്കിൽ എന്താണ് ചെയ്യേണ്ടത്? നമ്മുടെ വരുമാനം, സാമ്പത്തിക വളർച്ച, ഉയർച്ച എന്നിവയൊക്കെ ആശ്രയിച്ചിരിക്കുന്നത് നമ്മുടെ അടിസ്ഥാന മേഖലകളെത്തന്നെയാണ്. ഒന്നാമതായി കൃഷി, അതുകഴിഞ്ഞാൽ വ്യവസായം, ഇതു രണ്ടും തകർന്നിരിക്കുന്നു. വ്യാവസായിക മേഖല ആവശ്യമായ പുരോഗതി കൈവരിക്കുന്നില്ല. കാർഷികമേഖല കടുത്ത തകർച്ചയും വെല്ലുവിളിയും നേരിടുകയാണ്. ബാക്കിയെല്ലാ മേഖലയിലെയും ഉൽപ്പാദനക്ഷമത തകർന്നു. ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും തകർന്ന കേരളത്തെ രക്ഷിക്കാൻ ഇതുവരെയും ആരും കിണഞ്ഞ് പരിശ്രമിക്കാത്തതെന്താണ്, ആഴത്തിൽ ചിന്തിക്കാതെ കൊണ്ടുവന്ന ബജറ്റെന്ന് ഡോ.ടി.എം.തോമസ് ഐസക് ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ തിരിച്ച് ഡോ.ടി.എം.തോമസ് ഐസക്കിനോട് പറയുന്നു, വളരെ ആഴത്തിൽ ചിന്തിച്ച് എന്താണ് രക്ഷപ്പെടുത്താനുള്ള മാർഗ്ഗമെന്ന് ഈ ബജറ്റ് സജസ്റ്റ് ചെയ്യുകയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഇന്നത്തെ മാർഗ്ഗവുമായിപ്പോയാൽ വല്ല രക്ഷയുമുണ്ടോ? നെൽകൃഷി തകർന്നു, തേങ്ങ ഉൽപ്പാദനം ഇല്ല, മറ്റു മേഖലകളെല്ലാം പോയി, എന്താണ് അതിനൊരു മാർഗ്ഗം? ആധുനിക രീതിയും ഹൈടെക് മെതേഡ്സും വേണ്ടേ?. അധികാര വികേന്ദ്രീകരണം കഴിഞ്ഞപ്പോൾ നമ്മൾ പഞ്ചായത്തുകൾക്ക് വലിയ പ്രാധാന്യം നൽകുന്നുണ്ടല്ലോ. ഈ പഞ്ചായത്തുകളാണല്ലോ അടിസ്ഥാനപരമായി ഇവിടെ പലകാര്യങ്ങളും നടത്തി തരേണ്ടത്. അവരുടെ വാർഷിക ബജറ്റിന്റെ 15 ശതമാനത്തിൽ കൂടുതൽ തുക കൃഷിക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചാൽ ആ തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ പോകുന്നു. ഉൽപ്പാദന മേഖലയിൽ കൃഷിക്ക് 15 ശതമാനം അവരുടെ ബജറ്റിൽ മാറ്റിവയ്ക്കുകയാണെങ്കിൽ അത്രയും തുക ഗവൺമെന്റ് കൊടുക്കാൻ പോകുന്നു. അതിന് പഞ്ചായത്തുകൾ വെറുതെ വിത്തുകളോ അല്ലെങ്കിൽ കറച്ച് വാഴകൃഷിക്ക് തുകയോ നൽകിയാൽ പോര, കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആധുനിക രീതികൾ അവലംബിക്കണം. അത്യുല്പാദനശേഷിയുള്ള വിത്തുകൾ സപ്ലൈചെയ്യണം. ആധുനിക രീതികളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ടിഷ്യൂകൾച്ചർ, ജൈവകൃഷി എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചാലേ രക്ഷപെടാൻ മാർഗ്ഗമുള്ളൂ. അതുകൊണ്ട് അങ്ങനെയുള്ള രീതികൾ സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുക്കുകയും ധനസഹായം ചെയ്യുകയുമാണ്. ഈ രംഗത്തുനിന്നും മാറുന്ന കൃഷിക്കാരെ പിടിച്ചുനിർത്താൻവേണ്ടി പ്രഖ്യാപിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ചെറുതാണോ? കേരളത്തിലെ കർഷകർ നെല്ലുമാത്രമല്ല കൃഷിചെയ്യുന്നത്, മറ്റു കൃഷികളും ചെയ്യുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം വന്നതിനശേഷം പ്രതീക്ഷിക്കാത്ത സമയത്തുണ്ടാകുന്ന കാറ്റും മഴയും, കടുത്ത വരൾച്ചയും കാരണം പ്രതീക്ഷയോടെ കാത്തിരിക്കുന്ന കർഷകർക്ക് ഒന്നും കിട്ടാതെ കൃഷി മുഴുവൻ നശിക്കുന്നു. അതിന് 90 ശതമാനം പ്രീമിയം ഗവൺമെന്റ് നൽകാൻ പോകുകയാണ്. അത് കൊടുത്തുകൊണ്ട് നെൽകർഷകരെ ഭയപ്പെടാൻ ഒന്നുമില്ലാത്ത ഒരു സാഹചര്യത്തിലേക്ക് കൊണ്ടുവരുന്നു. വാഴ, പച്ചക്കറി, റബ്ബർ എന്നീ കൃഷി നടത്തുന്നവരുടെ കാര്യത്തിൽ കൃഷിനാശം, വെള്ളപ്പൊക്കം എന്നിവയോർത്ത് കൃഷിക്കാർക്കിനി ഭീതി വേണ്ട. 90 ശതമാനം പ്രീമിയത്തോടുകൂടിയുള്ള ഇൻകം ഗ്യാരണ്ടി സ്കീമാണ് കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർക്ക് ആവശ്യമായ ടെക്നോളജി, ആധുനിക മെതേഡ്സ് എന്നിവയുടെ കാര്യത്തിൽ ഇന്ത്യയിൽ മാത്രമല്ല, 'എമേർജിംഗ് കേരള' പോലെ ലോകത്തിലെ തന്നെ കാർഷിക രംഗത്ത് പ്രശസ്തിയുള്ള അഞ്ച് രാജ്യങ്ങളും നമ്മളും കൂടിച്ചേർന്ന് കേരളത്തിൽ ഒരു വലിയ അഗ്രി മീറ്റ് സംഘടിപ്പിക്കാൻ പോകുന്നു. അവിടത്തെ രീതികൾ നമുക്ക് പഠിക്കാമല്ലോ. അതിന്റെ ചർച്ച നടക്കുമ്പോൾ കേരളത്തിലെ എല്ലാ ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കർഷകരും അതിൽ പങ്കെടുക്കും. അത് നല്ല ആശയമല്ലേ. ശാസ്ത്രീയമായ രീതികൾ സ്വീകരിക്കാനുതകുന്ന മാർഗ്ഗങ്ങൾ ആ രംഗത്തേയ്ക്ക് വരും. പാവപ്പെട്ട കൃഷിക്കാർ വ്യാപകമായിട്ടുള്ള നമ്മുടെ നാട്ടിൽ കൃഷിമേഖലയിൽ നിന്ന് അവർ പിന്തിരിഞ്ഞ് പോകാതിരിക്കാനുള്ള സംരക്ഷണ പദ്ധതികൾ ബജറ്റിലുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അവരുടെ കുഞ്ഞുങ്ങൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നു, കർഷക കുടുംബങ്ങളെ മുഴുവൻ ഇൻഷ്വർ ചെയ്യാൻ പോകുന്നു. കർഷക കുടുംബത്തിലെ കുടുംബനാഥൻ മരിച്ചാൽ ആ കർഷകനെടുത്ത വായ്പ ഗവൺമെന്റ് കൊടുക്കുമെന്ന് പറയുന്നു. വളരെ പ്രായോഗികമായ നിർദ്ദേശങ്ങൾ തന്നെയാണ് ഈ ബജറ്റിൽ കൊണ്ടുവന്നിരിക്കുന്നത്. ആ നിർദ്ദേശങ്ങൾ നടപ്പിലാകുമ്പോൾ കാർഷിക മേഖലയിൽ വരാൻ പോകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളണം. സ്വാമിനാഥൻ ഫൗണ്ടേഷനിലെ വിദഗ്ദ്ധരുടെ സഹായമുപയോഗിച്ച് നല്ല എക്സ്പെർട്ടായ ആളുകൾക്ക് ക്ലാസ്സുകൾ കൊടുത്ത് ആധുനിക കൃഷി, ആധുനിക കാർഷിക ഉപകരണങ്ങളുടെ പരിശീലനം എന്നിവ നടപ്പാക്കാൻ പോകുന്നു. കുടുംബശ്രീയുടെ സഹായത്തോടുകൂടി അവർക്ക് ആവശ്യമായ അത്യുല്പാദന ശേഷിയുള്ള തൈകൾ, വിത്ത് തുടങ്ങിയവ എല്ലായിടത്തും സപ്ലൈ ചെയ്യാൻ പോകുന്നു. ഇതൊക്കെ ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ചാണ്.

വ്യവസായ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, നമ്മുടെ യുവ സംരംഭകരായ കുട്ടികൾ പുതിയ ആശയങ്ങളും കണ്ടുപിടുത്തങ്ങളും നടത്തുന്നതിന് അവർക്ക് ഗ്രേസ് മാർക്കും അവാർഡും കൊടുക്കുന്നു. ഇതൊരു പുത്തനാശയമാണ്. അവരുടെ കണ്ടുപിടിത്തങ്ങളൊക്കെ ഇനി വ്യവസായ മേഖലയിലേയ്ക്ക് വരട്ടെ. എനിക്ക് ഒന്നുരണ്ട് ആശയങ്ങൾ കൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കുട്ടികൾക്ക് അവാർഡുകളും ഗ്രേസ് മാർക്കുമൊക്കെ പ്രഖ്യാപിക്കുന്നതോടൊപ്പം കാർഷിക മേഖലയിൽ ഇപ്പോൾ ചില പ്രശ്നങ്ങളുണ്ട്. നമ്മുടെ നാട്ടിലെ പ്രധാന കാർഷിക വിളയാണ് തെങ്ങ്. തെങ്ങിന് വന്നിരിക്കുന്ന രോഗമാണ് കാറ്റ് വീഴ്ച. ഈ കാർഷിക വിള തകരാൻ കാരണം കാറ്റു വീഴ്ച രോഗമാണ്. ഇതിനൊരു പ്രതിവിധി കണ്ടുപിടിക്കാനായി ഇത്രകാലമായിട്ടും നമ്മുടെ കാർഷിക സർവ്വകലാശാലയ്ക്കോ ശാസ്ത്രജ്ഞന്മാർക്കോ സാധിച്ചിട്ടില്ല. അങ്ങ് അവാർഡ് പ്രഖ്യാപിക്കുമ്പോൾ ഇതിനൊരു പത്ത് കോടി രൂപ പ്രഖ്യാപിക്കണം. കൃഷി വകുപ്പ് മന്ത്രികൂടി അതിന് ശിപാർശ ചെയ്യണം. തെങ്ങിലെ കാറ്റു വീഴ്ചക്കൊരു പരിഹാരം കണ്ടുപിടിക്കുന്ന ആളിന് പത്ത്കോടി രൂപ അവാർഡ് പ്രഖ്യാപിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. രണ്ടാമതായി കുട്ടനാടൻ പാടശേഖരങ്ങളിലും ജലാശയങ്ങളിലും ആഫ്രിക്കൻ പായൽ ഉണ്ടായപ്പോൾ മലയാളിയായ ഒരാളുടെ ചെറിയ ഒരു കണ്ടുപിടിത്തംകൊണ്ട് പെട്ടെന്നാണ് ആഫ്രിക്കൻ പായൽ മുഴുവൻ ഇല്ലാതായത്. ഇന്ന് ജർമ്മൻ പോളകൊണ്ട് നമ്മുടെ ജലാശയങ്ങൾ മുഴുവൻ നിറഞ്ഞിരിക്കുന്നു. എല്ലാക്കൊല്ലവും അത് വാരിമാറ്റിയിട്ടും പാടശേഖരങ്ങളിലെല്ലാം അത് വീണ്ടും നിറയുകയാണ്. പാവപ്പെട്ട കൃഷിക്കാരൻ എന്താണ് ചെയ്യേണ്ടതെന്ന് അറിയാതെ അന്തംവിട്ട് നിൽക്കുകയാണ്. ഇതു മുഴുവൻ വാരിക്കളഞ്ഞ് കൃഷി ചെയ്യാനായി പാവപ്പെട്ട കൃഷിക്കാരന് കഴിയുമോ? കേരളത്തിൽ ഈ ജർമ്മൻ പോള നശിപ്പിക്കാനുള്ള വൈദഗ്ദ്ധ്യമൊന്നുമില്ലേ? ഇതിനൊരു മരുന്നുകണ്ടുപിടിക്കാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിയില്ലേ? എന്തെങ്കിലുമൊരു അവാർഡ് അതിലും പ്രഖ്യാപിച്ചാൽ നല്ലതാണ്. അങ്ങ് ആധുനിക കൃഷിയെക്കുറിച്ച് പറഞ്ഞു. അതിലൊരു പ്രധാന ഘടകമാണ് ജൈവകൃഷി. കാർഷിക മേഖലയിൽ ഇപ്പോൾ ഒരുപാട് മുന്നേറ്റങ്ങൾ വരുന്നുണ്ട്. പച്ചക്കറികൃഷികളിലും മറ്റു കൃഷികളിലുമൊക്കെ ജൈവകൃഷിയുടെ കാര്യം പറയുന്നുണ്ട്. എന്നാൽ ഇന്ന് കൊടുക്കുന്ന ജൈവ വളങ്ങളും കീടനാശിനികളും പൂർണ്ണമായ ഫലം ഉണ്ടാക്കുമെന്ന് തോന്നുന്നില്ല. ഇന്നത്തെ കീടനാശിനികൾ കൊണ്ടൊന്നും പച്ചക്കറി കൃഷിയേയും മറ്റു വിളകളേയും രക്ഷിക്കാൻ സാധിക്കില്ല. നമ്മുടെ കാർഷിക സർവ്വകലാശാലയ്ക്കും കൃഷി ശാസ്ത്രജ്ഞന്മാർക്കും എന്തുകൊണ്ട് ഫലമുള്ള കീടനാശിനികൾ ഉണ്ടാക്കാൻ സാധിക്കുന്നില്ല. ഫലപ്രദമായ ജൈവവളങ്ങളും ജൈവകീടനാശിനികളും കണ്ടുപിടിക്കുന്ന ആളുകൾക്ക് ഒരു വലിയ തുക അതായത് രണ്ടോ മൂന്നോ കോടി രൂപ ധനകാര്യവകുപ്പുമന്ത്രി അവാർഡായി പ്രഖ്യാപിക്കണം. എന്നാൽ ഇതിനൊരു ഫലമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും തുറന്ന മനസ്സോടുകൂടി ഇങ്ങനെയുള്ള കാര്യങ്ങളെ കാണാനും ആഴത്തിൽ പഠിച്ചുകൊണ്ട് കേരളത്തെ രക്ഷിക്കുവാൻ ഫലപ്രദമായ നിർദ്ദേശങ്ങൾ കൊണ്ടുവരികയും ചെയ്ത ധനകാര്യ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊണ്ട് ഞാൻ ഈ ബജറ്റിനെ പിന്താങ്ങുന്നു.

(1980 മുതൽ തുടർച്ചയായി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സി.എഫ്. തോമസ് 2020 സെപ്റ്റംബർ 27 ന് അന്തരിച്ചു.)



# കോവിഡിനോട് പൊരുതി അതീവ ജാഗ്രതയോടെ സഭാ സമ്മേളനങ്ങൾ

ഭരണഘടാനാനുസൃതമായ ഉത്തരവാദിത്തം നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെ കോവിഡിന്റെ വ്യാപനവേളയിലും പ്രത്യേക മുൻകരുതലുകളൊരുക്കി വിവിധ സംസ്ഥാനങ്ങളിൽ നിയമസഭാസമ്മേളനം നടത്തി. അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കോവിഡ് പരിശോധന നിർബന്ധമാക്കിയും അതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയും നെഗറ്റീവ് ആയവരെ മാത്രം സഭയിൽ പ്രവേശിപ്പിച്ചും, മാസ്ക്, കയ്യുറ, ഫേസ് ഷീൽഡ് എന്നിവ നിർബന്ധമാക്കിയുമായിരുന്നു മിക്കവാറും എല്ലാ സമ്മേളനങ്ങളും നടന്നത്.



### ആന്ധ്രാപ്രദേശ്

കോവിഡിന്റെ ജാഗ്രതയിൽ നിയമസഭാ സമ്മേളനം നടത്തിയ ആദ്യ സംസ്ഥാനം ആന്ധ്രാപ്രദേശാണ്. ആന്ധ്രയുടെ ബജറ്റ് സമ്മേളനം ജൂൺ 16, 17 തീയതികളിലായി നടന്നു. അസംബ്ലി, കൗൺസിൽ എന്നിവയുടെ സംയുക്ത സമ്മേളനത്തിൽ ഗവർണ്ണർ നയപ്രഖ്യാപനം നടത്തി. ശാരീരിക അകലം പാലിക്കുന്നതിനായി ഗവർണർ രാജ്ഭവനിലിരുന്ന് വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെയാണ് നയപ്രഖ്യാപനം നടത്തിയത്.

പ്രസ് ഗാലറിയിൽ 26 മാധ്യമപ്രവർത്തകരെ മാത്രമാണ് പ്രവേശിപ്പിച്ചത്. മന്ത്രിമാരുടെയും സാമാജികരുടെയും പേഴ്സണൽ സ്റ്റാഫംഗങ്ങളെ അസംബ്ലി മന്ദിരത്തിൽ പ്രവേശിപ്പിച്ചില്ല. അകലം പാലിച്ച് ക്രമീകരിച്ചിരുന്ന ഇരിപ്പിടങ്ങൾ സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കിയിരുന്നു. സമ്മേളനത്തിൽ നിരവധി ബില്ലുകൾ പാസാക്കി.

### അരുണാചൽ പ്രദേശ്

ഏഴാം അരുണാചൽ പ്രദേശ് നിയമസഭയുടെ അഞ്ചാം സമ്മേളനം ആഗസ്റ്റ് 27 ന് ഏകദിന സമ്മേളനമായി നടത്തി. സമ്മേളന ദിവസവും സമ്മേളനാനന്തരവും സഭാഹാൾ അണുവിമുക്തമാക്കി. ഭരണഘടനയുടെ ആറാം പട്ടികയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിയമസഭാകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന് അനുച്ഛേദം 371(എച്ച്) ഭേദഗതി ചെയ്യണമെന്നും പ്രമേയം പറയുന്നു. സുദീർഘമായ ചർച്ചകൾക്കൊടുവിൽ പ്രമേയം ശബ്ദവോട്ടോടെ സഭ പാസാക്കി.

### ആസാം

പതിനാലാം ആസാം നിയമസഭയുടെ ശരത്കാല സമ്മേളനം സമ്പൂർണ്ണ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് ആഗസ്റ്റ് 31 ന് ആരംഭിച്ചു. നാലുദിവസത്തെ സമ്മേളനത്തിൽ ഓരോ ദിവസവും 50 ശതമാനം സാമാജികർ എന്ന ക്രമത്തിലാണ് അംഗങ്ങളെ പങ്കെടുപ്പിച്ചത്. പാർലമെന്ററി പാർട്ടിയുമായി ആലോചിച്ച് അവരുടെ പാർട്ടിയിൽപ്പെട്ട എം.എൽ.എ.മാർക്ക് റൊട്ടേഷൻ പ്രകാരം സഭയിലെ ഹാജർ ലഭിക്കുന്ന വിധത്തിൽ സമയക്രമം തയ്യാറാക്കി. ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടതില്ലാത്ത മന്ത്രിമാർ സ്വന്തം ചേംബറുകളിൽ ഇരുന്ന് സഭാനടപടികൾ വീക്ഷിക്കുന്ന രീതി അവലംബിച്ചു. രണ്ടുപേർക്കിരിക്കാവുന്ന കസേരയിൽ ഒരാൾക്ക് ഇരിപ്പിടം നൽകിയാണ് അകലം പാലിച്ചത്. സന്ദർശകരെ അനുവദിച്ചില്ല. ഓരോ മാധ്യമസ്ഥാപനത്തിൽ നിന്നും ഒരാൾക്ക് പാസ് നൽകി. സമ്മേളനത്തിൽ ഉപധനാഭ്യർത്ഥന പാസാക്കി.

### ബീഹാർ

ബീഹാറിൽ നിയമനിർമ്മാണസഭകളുടെ ഇരുസഭകളും ആഗസ്റ്റ് 3 ന് സമ്മേളനം ചേർന്നു. നാലു ദിവസത്തെ സമ്മേളനത്തിനാണ് തീരുമാനിച്ചിരുന്നതെങ്കിലും സംസ്ഥാനത്തെ ഗുരുതരമായ രോഗവ്യാപനം കണക്കിലെടുത്ത് കാര്യോപദേശകസമിതിയുടെ ശിപാർശ പ്രകാരം ഒരു ദിവസമായി സമ്മേളനം കുറയ്ക്കുകയായിരുന്നു.

സാമൂഹിക അകലം പാലിച്ച് സമ്മേളനം നടത്തുന്നതിന് സഭയ്ക്കുള്ളിൽ സ്ഥല പരിമിതിയുള്ളതിനാൽ അസംബ്ലി പരിസരത്തിനു പുറത്തുള്ള ഗ്യാൻ ഭവനിൽ സമ്മേളനം ചേരുവാൻ ഗവർണ്ണർ അനുമതി നൽകിയിരുന്നു. നിയമസഭയും കൗൺസിലും വെവ്വേറെ ഹാളുകളിൽ സമ്മേളിച്ചു. 10 ഓർഡിനൻസുകളും രണ്ടു ബില്ലുകളും 2020-21 ലെ സപ്ലിമെന്ററി ബജറ്റും സഭ പരിഗണിച്ചു.

### ഛത്തീസ്ഗഡ്

ആഗസ്റ്റ് 25 മുതൽ 28 വരെ നീണ്ടുനിന്ന ഛത്തീസ്ഗഡ് നിയമസഭാ സമ്മേളനത്തിന് എല്ലാ സാമാജികരും ആഗസ്റ്റ് 23 നു തന്നെ റായ്പൂരിൽ എത്തിച്ചേരണമെന്ന് നിർദ്ദേശം നൽകി. സാമൂഹിക അകലം പാലിക്കുന്നതിനായി 11 അധിക ഇരിപ്പിടങ്ങൾ സഭയ്ക്കുള്ളിൽ തയ്യാറാക്കി.രണ്ട് അംഗങ്ങളുടെ ഇരിപ്പിടങ്ങൾക്കിടയിൽ ഗ്ലാസ് കൊണ്ടുള്ള മറ സ്ഥാപിച്ചു. സഭാ നടത്തിപ്പിന് അവശ്യം വേണ്ട ജീവനക്കാരെ മാത്രമേ സഭയ്ക്കുള്ളിൽ പ്രവേശിപ്പിച്ചുള്ളൂ.

അസംബ്ലി പരിസരത്ത് പോലീസ് ഉദ്യോഗസ്ഥരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കി. മന്ത്രിമാരുടെ സുരക്ഷാ ജീവനക്കാർ, പാർലമെന്ററി സെക്രട്ടറിമാർ, ഗവൺമെന്റ് ഓഫീസർമാർ തുടങ്ങിയവരെ അസംബ്ലി കെട്ടിടത്തിനുള്ളിൽ പ്രവേശിപ്പിച്ചിരുന്നില്ല. പ്രസ് ഗാലറിയിലും പ്രവേശനം അനുവദിച്ചില്ല. നിയമസഭാ സമുച്ചയത്തിനുള്ളിൽ സ്ഥാപിച്ചിരുന്ന ക്ലൂറ്റൻ സ്ക്രീനിലൂടെ സഭാ നടപടികൾ പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിന് സൗകര്യം ഒരുക്കിയിരുന്നു.

സഭാമന്ദിരത്തിന്റെ പ്രധാന പ്രവേശനകവാടത്തിൽ കൃത്രിമ നിർമ്മിതബുദ്ധി പ്രയോഗിച്ചിട്ടുള്ള തെർമൽ സ്കാനറുകൾ സ്ഥാപിച്ചിരുന്നു. പ്രധാന കെട്ടിടങ്ങൾ ആന്റി ബാക്ടീരിയ കോട്ടിംഗ് ചെയ്ത് സുരക്ഷിതമാക്കി. ആയുഷ് വകുപ്പിന്റെ നിർദ്ദേശപ്രകാരം എല്ലാ അംഗങ്ങൾക്കും ആയുർവ്വേദ ആരോഗ്യ പാനീയം ദിവസേന രണ്ടുനേരം നൽകിയിരുന്നു. ചരമോപചാരം, അടിയന്തരപ്രമേയം, ചോദ്യോത്തരവേള, അനൗദ്യോഗികാംഗങ്ങളുടെ കാര്യം എന്നിവ ഉൾപ്പെടുത്തിയിരുന്നു. സപ്ലിമെന്ററി ബജറ്റും 12 ബില്ലുകളും സഭ ചർച്ച ചെയ്ത് പാസാക്കി.

### ഗോവ

കോവിഡ് വ്യാപനം കണക്കിലെടുത്ത് ഒറ്റ ദിവസത്തേക്കായി ചുരുക്കിയ ഗോവ നിയമ നിർമ്മാണസഭയുടെ മൺസൂൺ സമ്മേളനം ജൂലൈ 27 ന് നടന്നു. കോവിഡുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിനാൽ സഭയിൽ ശബ്ദായമാനമായ രംഗങ്ങൾ അരങ്ങേറി. തുടർന്ന് ചുരുങ്ങിയ സമയം കൊണ്ട് 86 ധനാഭ്യർത്ഥനകളും 11 ബില്ലുകളും ധനവിനിയോഗ ബില്ലും 2020-21 ലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും ചർച്ച കൂടാതെ സഭ പാസാക്കി.

### ഗുജറാത്ത്

കൊറോണ രോഗവ്യാപനത്തിനിടയിലും ഗുജറാത്തിൽ അഞ്ചു ദിവസത്തെ നിയമസഭാ സമ്മേളനം സെപ്റ്റംബർ 21 തിങ്കളാഴ്ച ആരംഭിച്ചു. പൊതു ജനങ്ങൾക്ക് പ്രവേശനം അനുവദിച്ചില്ല.

വൈറസ് വ്യാപനം ഉണ്ടാകാതിരിക്കാൻ ഇരിപ്പിട ക്രമീകരണം ചെയ്യുന്നതിന് സ്പീക്കർ നിർദ്ദേശിച്ചിരുന്നു. അതിനാൽ അംഗങ്ങൾക്ക് സന്ദർശക ഗാലറിയിലും ഇരിപ്പിടം സജ്ജമാക്കി. കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭരണതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ പ്രവർത്തനനിരതരായിരുന്നതിനാൽ ചോദ്യോത്തരവേള ഒഴിവാക്കിയിരുന്നു. എന്നിരുന്നാലും സർക്കാരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനായി അടിയന്തര ചോദ്യങ്ങൾ ഉന്നയിക്കുന്നതിന് അവസരം നൽകി. ആരോഗ്യ പ്രവർത്തകർക്ക് അഭിനന്ദനമർപ്പിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു.

ഇരുപതോളം ബില്ലുകൾ സഭ പാസാക്കി. ഗുജറാത്ത് ഫിഷറീസ് നിയമ ഭേദഗതി ബിൽ നിയമസഭ ഏകകണ്ഠമായി പാസാക്കി. ഗുജറാത്തിന്റെ കടലതിർത്തി കടന്ന് മറ്റു സംസ്ഥാനങ്ങളിലെ ബോട്ടുകൾ മത്സ്യബന്ധനം നടത്തിയാൽ ഒരു ലക്ഷം രൂപ വരെ പിഴ ചുമത്തുന്നതാണ് ബിൽ. പിടിച്ച മീനിന്റെ അഞ്ചു മടങ്ങ് വില തൊഴിലാളികളിൽ നിന്ന് ഈടാക്കും. നിലവിലുണ്ടായിരുന്ന 2003 ലെ നിയമത്തിൽ ശിക്ഷ ഉണ്ടായിരുന്നില്ല. ആഭ്യന്തര സഹമന്ത്രിയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്.

### ഹരിയാന

ഹരിയാനയിൽ ആഗസ്റ്റ് 26 ന് ചേർന്ന മൺസൂൺ സമ്മേളനത്തിൽ അംഗങ്ങളുടെ ഇരിപ്പിട ക്രമീകരണത്തിൽ വ്യത്യാസം വരുത്തി. സഭയ്ക്കുള്ളിൽ മാധ്യമപ്രവർത്തകരുടെ പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തി. സമ്മേളനം ആരംഭിക്കുന്നതിന് മുൻപ് മുഖ്യമന്ത്രിക്കും, സ്പീക്കർക്കും ഗതാഗതവകുപ്പുമന്ത്രിക്കും രോഗം ബാധിച്ചിരുന്നു. സ്പീക്കറുടെ അസാന്നിദ്ധ്യത്തിൽ ഡെപ്യൂട്ടി സ്പീക്കറാണ് സഭാനടപടികൾ നിയന്ത്രിച്ചത്. സമ്മേളനത്തിൽ 12 ബില്ലുകൾ പാസ്സാക്കി.

### ഹിമാചൽപ്രദേശ്

കോവിഡ് നിയന്ത്രണങ്ങൾക്കിടയിൽ ഹിമാചൽപ്രദേശിൽ പത്തു ദിവസത്തെ നിയമസഭാ സമ്മേളനം സെപ്റ്റംബർ 7 ന് ആരംഭിച്ചു. കൊറോണ വൈറസ് പ്രതിരോധിക്കുന്നതിനായി അംഗങ്ങളുടെ ഇരിപ്പിടങ്ങൾക്കിടയിൽ പോളികാർബണേറ്റ് ഷീറ്റ് ഉപയോഗിച്ച് മറ സ്ഥാപിച്ചു.

സെപ്റ്റംബർ 9 ന് പ്രതിപക്ഷാംഗങ്ങൾ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷം ബഹളമുണ്ടാക്കുകയും സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയും ചെയ്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, എം.എൽ.എ.മാർ മറ്റ് ഉയർന്ന ഓഫീസർമാർ എന്നിവരുടെ ശമ്പളത്തിൽ നിന്ന് തുക പിടിക്കുന്നത് സംബന്ധിച്ച ബിൽ സഭ പാസ്സാക്കി.

### ജാർഖണ്ഡ്

ജാർഖണ്ഡ് നിയമസഭയുടെ വർഷകാല സമ്മേളനം മൂന്ന് ദിവസങ്ങളിലായി നടന്നു. സെപ്റ്റംബർ 19 ന് ആരംഭിച്ച സമ്മേളനം 22 ന് സമാപിച്ചു. സാമാജികർക്കിടയിൽ അകലം സൃഷ്ടിച്ചുകൊണ്ടുള്ള ഇരിപ്പിട സജ്ജീകരണം ഒരുക്കി. ആദ്യദിവസം ധനമന്ത്രി 2584 കോടി രൂപയുടെ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ചു. തുടർന്ന് മുൻരാഷ്ട്രപതി പ്രണബ് മുഖർജി ഉൾപ്പെടെ അന്തരിച്ച മഹത്‌വ്യക്തികൾക്ക് സഭ ചരമോപചാരം അർപ്പിച്ചു. ഒൻപത് ബില്ലുകൾ പാസ്സാക്കി. 82 അംഗ സഭയിൽ കോവിഡ് പോസിറ്റീവ് ആയതിനാൽ ഹാജരാകാൻ കഴിയാതിരുന്നവരൊഴികെ മറ്റെല്ലാ അംഗങ്ങളും പങ്കെടുത്തു. അവസാന ദിവസം സംസ്ഥാനത്തെ കോവിഡ് വ്യാപനം സംബന്ധിച്ച് സഭ ചർച്ച ചെയ്തു.

### കർണ്ണാടകം

പതിനഞ്ചാം കർണ്ണാടക ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ഏഴാം സമ്മേളനം സെപ്റ്റംബർ 21 മുതൽ 26 വരെയാണ് ചേർന്നത്. അംഗങ്ങൾ അവരവരുടെ സീറ്റിൽ ഇരുന്നു പറയുന്ന കാര്യങ്ങൾ മാത്രം രേഖപ്പെടുത്തിയാൽ മതിയെന്ന് കർണ്ണാടക നിയമസഭാ കാര്യനിർവ്വഹണ ചട്ടങ്ങളിൽ പറയുന്നു. എന്നാൽ ശാരീരിക അകലം പാലിക്കുന്നതിനായി ഇരിപ്പിടക്രമീകരണം മാറ്റിയതിനാൽ ഏഴാം സമ്മേളനത്തിൽ മേല്പറഞ്ഞ ചട്ടം സസ്പെന്റ് ചെയ്തു. പൊതുജനങ്ങൾക്ക് സഭയ്ക്കുള്ളിൽ പ്രവേശനം നൽകിയിരുന്നില്ല. ഉപമുഖ്യമന്ത്രി, ആഭ്യന്തരവകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടെ അനേകം സാമാജികർക്ക് കോവിഡ് സ്ഥിരീകരിച്ചതിനാൽ സഭയിൽ അംഗസംഖ്യ കുറവായിരുന്നു. ഓഫീസർമാർക്കുവേണ്ടി നീക്കിവച്ചിരുന്ന 48 ഇരിപ്പിടങ്ങൾ 28 ആയി കുറച്ചു. പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക് അവരുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്യുന്നുണ്ടെങ്കിൽ മാത്രം പ്രവേശനം അനുവദിച്ചു. മന്ത്രിമാർക്ക് അവശ്യം വേണ്ട സഹായത്തിനായി ഒരു പേഴ്സണൽ സ്റ്റാഫിന് മാത്രം അനുവാദം നൽകി. മന്ത്രിമാരുടെ സെക്യൂരിറ്റി സ്റ്റാഫിനെയും നിയന്ത്രിച്ചു.

സമാനമായ നിയന്ത്രണങ്ങൾ കൗൺസിലിലും ബാധകമാക്കി. മാധ്യമപ്രവർത്തകരെ രണ്ടാം നിലയിലുള്ള സ്പീക്കേഴ്സ് ഗാലറിയിലും ഡെപ്യൂട്ടി സെക്രട്ടറിമാരെ സന്ദർശകർക്കുള്ള ഗാലറിയിലും പ്രവേശിപ്പിച്ചു. സഭാതലത്തിൽ പ്രതിപക്ഷാംഗങ്ങളുടെ ഇരിപ്പിടം ക്രമീകരിച്ചിരുന്ന ആദ്യത്തെ രണ്ടു നിരകളിലും ഒന്നിടവിട്ട് സീറ്റ് ഒരുക്കി. അവസാനനിരകളിൽ കസേരകൾക്കിടയിൽ ഗ്ലാസ് കൊണ്ടുള്ള മറ സ്ഥാപിച്ചു.

ഭരണപക്ഷത്തും ഒന്നിലധികം പേർക്കിരിക്കാവുന്ന ഇരിപ്പിടങ്ങളിൽ ഗ്ലാസ് കൊണ്ടുള്ള മറ സ്ഥാപിച്ച് വേർതിരിച്ചു. ചോദ്യോത്തരവേളയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ സഭാതലത്തിൽ ഉന്നയിക്കുകയും വാക്കാൽ മറുപടി പറയേണ്ടവ അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഇ-മെയിൽ വഴി ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. സഭയിൽ ഉന്നയിക്കേണ്ട പ്രമേയങ്ങളും നോട്ടീസുകളും അസംബ്ലി വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കി. ഭൂപരിഷ്കരണ നിയമം , പഞ്ചായത്ത് രാജ് നിയമം, എ.പി.എം.സി. നിയമം എന്നിവയുടെ ഭേദഗതി ബില്ലുകളാണ് പ്രധാനമായും അവതരിപ്പിച്ചത്.

(....തുടരും)

# കോവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യസുരക്ഷാ ചട്ടങ്ങൾ പാലിച്ച് പാർലമെന്റ് സമ്മേളനം



പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ സെപ്റ്റംബർ 14 ന് ആരംഭിച്ച പാർലമെന്റിന്റെ വർഷകാല സമ്മേളനം ജാഗ്രതാപൂർവ്വമായ സുരക്ഷാ നടപടികളിലെ വ്യത്യസ്തതകൾ കൊണ്ട് ശ്രദ്ധേയമായി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടന്ന സമ്മേളനത്തിൽ ലോക്സഭയിൽ ചോദ്യോത്തരവേളയും സ്വകാര്യബില്ലുകളും ഒഴിവാക്കിയിരുന്നു. എന്നാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ അനുവദിച്ചിരുന്നു. ശൂന്യവേള അരമണിക്കൂറായി പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. പതിവിൽ നിന്ന് വിഭിന്നമായി ലോക്സഭയും രാജ്യസഭയും വ്യത്യസ്ത സമയങ്ങളിലാണ് യോഗം ചേർന്നത്. ആദ്യ ദിവസമായ 14 ന് രാവിലെ 9.00 മുതൽ 1.00 വരെ ലോക്സഭയും ഉച്ചയ്ക്കുശേഷം 3.00 മുതൽ 7.00 വരെ രാജ്യസഭയും സമ്മേളിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ രാവിലെ രാജ്യസഭയും ഉച്ചയ്ക്കുശേഷം ലോക്സഭയുമാണ് സമ്മേളിച്ചത്. 1.00 മുതൽ 3.00 വരെയുള്ള സമയം അണുനശീകരണം നടത്തുകയും ചെയ്തു. സമ്മേളനം തുടർച്ചയായി നടത്തിക്കൊണ്ടുപോകുന്നതിനായി ശനി, ഞായർ ദിവസങ്ങളിലും സഭാനടപടികൾ ക്രമീകരിച്ചിരുന്നു.

സാമൂഹിക അകലം പാലിക്കേണ്ടതിനാൽ ലോക്സഭയിൽ ചേംബറിനു പുറമേ ഗാലറികളിലും രാജ്യസഭയ്ക്കകത്തും അംഗങ്ങൾക്ക് ഇരിപ്പിടം ഒരുക്കി. രാജ്യസഭയും ലോക്സഭയ്ക്കുള്ളിൽ അംഗങ്ങളെ ഇരുത്തി സാമൂഹിക അകലം പാലിച്ചിരുന്നു. ആറുപേർ ഇരിക്കുന്ന സീറ്റിൽ മൂന്നു പേരേയും മൂന്നുപേർ ഇരിക്കുന്നിടത്ത് ഒരാളെയും ഇരുത്തിയാണ് അകലം പാലിച്ചത്. ഗാലറിയിലും രാജ്യസഭയിലും ഇരിക്കുന്ന അംഗങ്ങൾക്ക് സഭാനടപടികൾ വീക്ഷിക്കുന്നതിന് വലിയ സ്ക്രീനുകൾ സജ്ജീകരിച്ചിരുന്നു. എല്ലാ അംഗങ്ങളുടെയും ഇരിപ്പിടങ്ങൾക്കു മുന്നിൽ ഗ്ലാസ് കൊണ്ടുള്ള മറയും ഘടിപ്പിച്ചിരുന്നു. അംഗങ്ങൾ എല്ലാവരും മാസ്ക് ധരിച്ചാണ് സമ്മേളനത്തിൽ പങ്കെടുത്തത്. ഫേയ്സ് ഷീൽഡ് ധരിച്ചെത്തിയവരും ഉണ്ടായിരുന്നു. പാർലമെന്റിന്റെ ചരിത്രത്തിലാദ്യമായാണ് ലോക്സഭയും രാജ്യസഭയും വെവ്വേറെ സമയങ്ങളിൽ ചേരുന്നതും ഇരു സഭകളിലുമുള്ളവർ രണ്ടിടത്തും ഇരിക്കുന്നതും.

രാജ്യസഭയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട 15 എം.പി.മാർ സത്യപ്രതിജ്ഞ ചെയ്തു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സത്യപ്രതിജ്ഞയ്ക്കുശേഷം പുതിയ അംഗങ്ങൾ സഭാദ്ധ്യക്ഷനോ അംഗങ്ങൾക്കോ ഹസ്തദാനം നൽകിയില്ല. കൈകൂപ്പിയാണ് എല്ലാവരും അഭിവാദ്യങ്ങൾ അർപ്പിച്ചത്.

ഒക്ടോബർ 1 വരെയായിരുന്നു പാർലമെന്റിന്റെ വർഷകാല സമ്മേളനം നിശ്ചയിച്ചിരുന്നത്. എന്നാൽ കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ മുപ്പതിലധികം എം.പി മാർക്ക് കോവിഡ് സ്ഥിരീകരിച്ചതോടെ സമ്മേളനം വെട്ടിച്ചുരുക്കാൻ കാര്യോപദേശക സമിതി തീരുമാനിക്കുകയായിരുന്നു. ഇതേത്തുടർന്ന് സെപ്റ്റംബർ 24 ന് സഭകൾ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. നാൽപത്തി മൂന്ന് ബില്ലുകളാണ് വർഷകാല സമ്മേളനത്തിൽ പാർലമെന്റിന്റെ പരിഗണനയ്ക്കായി വന്നത്. കാർഷിക മേഖലയെ സംബന്ധിക്കുന്ന മൂന്ന് ബില്ലുകൾ, തൊഴിൽ നിയമ ഭേദഗതി ബിൽ, വിദേശ സഹായ നിയന്ത്രണ ബിൽ, ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമം തടയുന്നത് സംബന്ധിച്ച ബിൽ എന്നിവയടക്കമുള്ള ബില്ലുകൾ ഈ സമ്മേളനത്തിൽ പാസാക്കി. കാർഷിക പരിഷ്കരണ ബിൽ, തൊഴിൽ നിയമ ഭേദഗതി ബിൽ എന്നിവ പാസാക്കിയതിൽ പ്രതിപക്ഷ പ്രതിഷേധം ശക്തമാവുകയും, രാജ്യസഭയിൽ പ്രതിഷേധിച്ച എളമരം കരീം, കെ. കെ. രാഗേഷ് എന്നിവരടക്കമുള്ള എട്ട് എം. പി. മാരെ അച്ചടക്കം ലംഘിച്ചു എന്ന കാരണത്താൽ സെപ്റ്റംബർ 21 ന് സമ്മേളനത്തിന്റെ തുടർന്നുള്ള ദിവസങ്ങളിലേക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തു. രാജ്യസഭയിൽ 25 ബില്ലുകൾ പാസ്സാക്കി. പ്രതിപക്ഷാംഗങ്ങളുടെ ബഹിഷ്കരണത്തിനിടയിലായിരുന്നു ബില്ലുകൾ പാസ്സാക്കിയത്. മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാംഗവുമായിരുന്ന എം.പി. വീരേന്ദ്ര കുമാറിന് രാജ്യസഭ ആദരാഞ്ജലി അർപ്പിച്ചു.

പതിനേഴാം ലോക്സഭയുടെ നാലാം സമ്മേളനവും രാജ്യസഭയുടെ ഇരുനൂറ്റി അൻപത്തിരണ്ടാം സമ്മേളനവുമാണ് ചേർന്നത്.

## കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ്സുമായി സി.പി.എസ്.ടി.യും

സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യറിന്റെ ആറാമത് ബാച്ചിന്റെ ഫിനിഷിംഗ് ക്ലാസുകൾ 2020 സെപ്റ്റംബർ 28,29 ഒക്ടോബർ 5,6 തീയതികളിൽ ഓൺലൈനായി നടത്തുകയുണ്ടായി. ആദ്യമായാണ് ഓൺലൈൻ ക്ലാസുകൾ നടത്തുന്നത്. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിലാണ് ക്ലാസുകൾ സംഘടിപ്പിച്ചത്. കോവിഡ് 19 സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള പഠിതാക്കളുടെയും ക്ലാസുകൾ കൈകാര്യം ചെയ്യുന്നവരുടേയും ഉദ്യോഗസ്ഥരുടെയും ആരോഗ്യസുരക്ഷ കണക്കിലെടുത്താണ് ഇത്തവണ ഫിനിഷിംഗ് ക്ലാസുകൾ ഓൺലൈനായി നടത്തുവാനുള്ള തീരുമാനം സി.പി.എസ്.ടി. കൈക്കൊണ്ടത്. സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2020 ലെ എഴുത്തു പരീക്ഷയും, വൈവ വോസിയും ഓൺലൈനായി നടത്തുവാനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു.

ഓരോ ബാച്ചിലും ശരാശരി മുന്നൂറ് മുതൽ നാന്നൂറ് വരെ പഠിതാക്കൾ പ്രവേശനം നേടിയിട്ടുണ്ട്. ഹയർസെക്കന്ററി തത്തുല്യ യോഗ്യത നിശ്ചയിച്ചിട്ടുള്ള കോഴ്സിന് റഗുലർ വിദ്യാർത്ഥികളും ഉദ്യോഗസ്ഥരുമുൾപ്പെടെയുള്ളവർ അപേക്ഷിക്കാറുണ്ട്.

നിയമസഭയിൽ നിന്നും പുറത്തുനിന്നുമുള്ള വിഷയവിദഗ്ദ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

വിദ്യാർത്ഥികളിൽ അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുന്നതിനായി സ്പീക്കറുടെ നിർദ്ദേശപ്രകാരം കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനാ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2020 ഒക്ടോബർ 5 ന് വൈകിട്ട് 3 മണിക്ക്, നിയമസഭാ മന്ദിരത്തിലെ വീഡിയോ കോൺഫറൻസിംഗ് ഹാളിൽ തിരുവനന്തപുരം




### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജ്യർ: പുതിയ ബാച്ചിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗ് (സി.പി.എസ്.ടി.) നടത്തിവരുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യറി'ന്റെ ഏഴാമത് ബാച്ചിലേയ്ക്കുള്ള പ്രവേശന നടപടികൾ പുരോഗമിക്കുന്നു.

2014 ൽ വിദൂരവിദ്യാഭ്യാസ സമ്പ്രദായത്തിൽ ആരംഭിച്ച ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ് സംസ്ഥാന നിയമസഭകളുടെ ചരിത്രത്തിൽത്തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പഠിതാക്കൾ ഉൾപ്പെടുന്ന ആറ് ബാച്ചുകൾ ഇതിനോടകം വിജയകരമായി കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നേരിട്ട്/ ഓൺലൈനായി ക്ലാസ്സുകളിൽ പങ്കെടുക്കാൻ പഠിതാക്കൾക്ക് അവസരമുണ്ട്. കോഴ്സിന്റെ നാല് പേപ്പറുകൾക്കുമായി എഴുത്തുപരീക്ഷയും വാചാപരീക്ഷയും നടത്തുന്നു.

നിയമസഭാ സമ്മേളനം നേരിട്ടു കാണുന്നതിനും നിയമസഭാ സമുച്ചയത്തിലെ ലൈബ്രറി, മ്യൂസിയം എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും സി.പി.എസ്.ടി. സംഘടിപ്പിക്കുന്ന 'മാതൃകാ നിയമസഭ' അടക്കമുള്ള വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും പഠിതാക്കൾക്ക് അവസരമുണ്ട്.

### സ്കൂൾ വിദ്യാർത്ഥികൾക്കായി വെബിനാർ

ഇന്ത്യൻ ഭരണഘടന സംബന്ധിച്ച് സന്ദീപനി സ്കൂൾ വിദ്യാർത്ഥികൾക്കായി വെബിനാർ സംഘടിപ്പിച്ചു. കോവിഡ്-19 നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ വിദ്യാർത്ഥികളുടെയും ഉദ്യോഗസ്ഥരുടെയും ആരോഗ്യസുരക്ഷ കണക്കിലെടുത്ത് ഗൂഗിൾ മീറ്റിലൂടെയാണ് വെബിനാർ സംഘടിപ്പിച്ചത്. ഭരണഘടനാ നിർമ്മാണത്തിന്റെ നാൾവഴികൾ, മൗലികാവകാശങ്ങൾ, മതനിരപേക്ഷത, വിശ്വാസം, വ്യക്തിസ്വാതന്ത്ര്യം, പൗരജീവിതം, ലിംഗസമത്വം എന്നിവ സംബന്ധിക്കുന്ന ഭരണഘടനാഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ആർ.കിഷോർ കുമാർ ക്ലാസ്സെടുത്തു. വിദ്യാർത്ഥികൾ വെബിനാറിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പങ്കു വച്ചു.

സഭാ നേതാവിന്റെ പേജ്



# മഹാമാരിക്കു നടുവിലും ജനക്ഷേമവും വികസനവും ഉറപ്പുവരുത്തി

# നവകേരളത്തിലേക്ക്

**പിണറായി വിജയൻ** മുഖ്യമന്ത്രി

ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിക്കെതിരെയുള്ള കേരളത്തിന്റെ ജനകീയ പോരാട്ടം പത്താം മാസത്തിലേക്ക് കടക്കുകയാണ്. ഈ പോരാട്ടത്തിനിടയിൽ പ്രളയ ഭീഷണിയേയും നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഇടുക്കിയിലെ ഉരുൾപൊട്ടലിലും കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിലും നിരവധി ജീവനുകൾ നമുക്ക് നഷ്ടമായി. എങ്കിലും, ഈ പ്രതിസന്ധികൾക്കു നടുവിലും ജനക്ഷേമ പ്രവർത്തനങ്ങളും വികസന പദ്ധതികളും കാലതാമസം നേരിടാതെ മുൻപോട്ടു കൊണ്ടു പോകാനും, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും സർക്കാർ അതീവശ്ര ദ്ധ പുലർത്തുകയുണ്ടായി.

കേന്ദ്ര സർക്കാരോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകളോ ചിന്തിക്കുന്നതിനും മുൻപ് ഒരു പ്രത്യേക കോവിഡ്-19 പാക്കേജ് മാർച്ച് മാസത്തിൽ തന്നെ കേരളം പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായുള്ള 20,000 കോടി രൂപയുടെ സാമ്പത്തിക ഇടപെടലുകൾക്ക് പുറമെ 3,860 കോടി രൂപയുടെ സുഭിക്ഷ കേരളം, 3,434 കോടി രൂപയുടെ വ്യവസായ ഭദ്രത എന്നിങ്ങനെ കാർഷിക സ്വയംപര്യാപ്തത നേടാനും ഉപജീവനമാർഗ്ഗങ്ങൾ സംരക്ഷിക്കാനുമുള്ള പദ്ധതികളും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മടങ്ങി വരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി 57.50 കോടി രൂപ വിതരണം ചെയ്യുന്നതിനുപുറമെ അവർക്കുവേണ്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെയിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള 'ഡ്രീം കേരള' പ്രോജക്ടും പ്രഖ്യാപിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞ ഈ കാലയളവിൽ ജനങ്ങൾക്ക് ആശ്വാസം പകരാനായി 200 കോടി രൂപയുടെ സബ്സിഡി കെ.എസ്.ഇ.ബി യിലൂടെ നൽകിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുകയാണ് ഈ മഹാമാരിയുടെ ഘട്ടത്തിലും സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത്.

## നൂറ് ദിന കർമ്മപരിപാടി

ഈ മഹാമാരിയുടെ ഘട്ടത്തിൽ അതുവരെ നടത്തിയിട്ടുള്ള സവിശേഷ ഇടപെടലുകളുടെ അടുത്ത പടിയെന്നോണമാണ് കേരളത്തിനാകെയുള്ള ഓണസമ്മാനമായി എൽ.ഡി.എഫ് സർക്കാർ നൂറു ദിന പരിപാടികൾ പ്രഖ്യാപിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 100 ദിവസം കൊണ്ട് 100 പദ്ധതികൾ നടപ്പിലാക്കുന്നതിലാണ് സർക്കാർ ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്.

ദിവസവേതനക്കാരുടെ ജീവിതത്തെ കോവിഡ് 19 വല്ലാതെ ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് ഒരാളും പട്ടിണികിടക്കാൻ പാടില്ല എന്ന കാഴ്ചപ്പാടോടെയാണ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യകിറ്റ് നാലു മാസം കൂടി വിതരണം ചെയ്യുന്നതിനുള്ള തീരുമാനം സർക്കാർ പ്രഖ്യാപിച്ചതും നടപ്പാക്കുന്നതും. 58 ലക്ഷം കുടുംബങ്ങൾക്ക് നൽകുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1,400 രൂപയാക്കിയതും അവ മാസം തോറും വിതരണം ചെയ്യുന്നതും ഈ മഹാമാരിയുടെ കാലത്തും ആർക്കും വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടി വരരുത് എന്ന കാഴ്ചപ്പാട് സർക്കാരിനുള്ളതുകൊണ്ടാണ്.

## ആരോഗ്യ സംരക്ഷണം

ഫലപ്രദമായ കോവിഡ് പ്രതിരോധത്തിന്റെ പ്രധാന ഗ്യാരന്റി കേരളത്തിലെ വിപുലമായ പൊതുജനാരോഗ്യ സംവിധാനമാണ്. ഈ മേഖലയിൽ 100 ദിവസത്തിനുള്ളിൽ ആവശ്യമായത്രയും ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു. അതോടൊപ്പം തന്നെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ശാക്തീകരിക്കുന്ന നടപടികളുടെ ഭാഗമായി 75 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യുകയും അവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. പുത്തൻ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വൈറൽ ഇൻഫെക്ഷനുകളെ അതിജീവിക്കാനും കഴിയുന്ന വിധത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

## പൊതു വിദ്യാലയങ്ങൾ

കേരളത്തിന്റെ സാമൂഹ്യ പുരോഗതിക്ക് അടിത്തറ പാകിയത് നമ്മുടെ പൊതുവിദ്യാലയങ്ങളാണ്. അവയെ മെച്ചപ്പെടുത്തുന്നതിനായി ഈ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 11,400 സ്കൂളുകളിൽ ഹൈടെക് കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയിട്ടുണ്ട്. വിദ്യാഭ്യാസം ഓൺലൈൻ സംവിധാനങ്ങളിലൂടെ പ്രദാനം ചെയ്യപ്പെടുന്ന ഈ സവിശേഷ ഘട്ടത്തിൽ 50 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പുകൾ എത്തിക്കാനായി 'വിദ്യാശ്രീ' എന്നൊരു പദ്ധതി നടപ്പിലാക്കുകയാണ്. പുതുതായി പണി കഴിപ്പിച്ച 90 സ്കൂൾ കെട്ടിടങ്ങൾ നാടിനു സമർപ്പിക്കുകയും 54 എണ്ണത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. 126 കോടി രൂപ മുതൽമുടക്കിൽ 32 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 150 പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## തൊഴിൽ

ഒരു ലക്ഷത്തി നാൽപ്പതിനായിരത്തോളം പേരെ പി.എസ്.സി യിലൂടെ ഇതുവരെ ഈ സർക്കാർ നിയമിച്ചുകഴിഞ്ഞു. ഇതിനുപുറമെ പി.എസ്.സി ക്ക് നിയമനം വിട്ടുകൊടുത്ത 11 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിനുള്ള പ്രത്യേക ടാസ്ക് ഫോഴ്സിനെ നിയമ-ധന-പൊതുഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ സൃഷ്ടിച്ചിരിക്കുകയാണ്. 100 ദിവസത്തിനുള്ളിൽ കോളേജ്, ഹയർ സെക്കണ്ടറി മേഖലകളിലായി 1,000 തസ്തികകൾ സൃഷ്ടിക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്.

100 ദിവസത്തിനുള്ളിൽ 15,000 നവസംരംഭങ്ങളിലൂടെ 50,000 പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകുകയാണ്. അതിനു സഹായകരമാകുന്ന വിധത്തിൽ ഒരു പ്രത്യേക പോർട്ടലിലൂടെ ഓരോ ഏജൻസികളും അധികമായി സൃഷ്ടിച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുകയാണ്.

## ഗതാഗതം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 961 കോടി രൂപ മുടക്കി 5,000 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും റീബിൽഡ് കേരളയുടെ ഭാഗമായി 392.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. നൂറു ദിവസങ്ങൾക്കുള്ളിൽ ആകെ 1,451 കോടി രൂപയുടെ 189 പൊതുമരാമത്ത്-കിഫ്ബി റോഡുകളാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

നവംബറിനകം 41 കിഫ്ബി പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടും. ഡിസംബറിൽ 93 കിഫ്ബി പദ്ധതികളും, 2021 മാർച്ചിനകം 63 പ്രോജക്ടുകളും ഉദ്ഘാടനം ചെയ്യപ്പെടും. ഈ സാമ്പത്തിക വർഷത്തിൽ തന്നെ 197 കിഫ്ബി പ്രോജക്ടുകളാണ് ഉദ്ഘാടനം ചെയ്യപ്പെടുക. കേരളത്തിന്റെ ഒരറ്റം തൊട്ട് മറ്റേയറ്റം വരെയുള്ള ജലപാത ഗതാഗതയോഗ്യമാക്കുതിനുള്ള നടപടികളും സ്വീകരിക്കുകയാണ്.

## കൃഷി

**രാജ്യത്ത് ആദ്യമായി പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. 14 ഇനം പച്ചക്കറികൾക്കാണ് തറവില ഏർപ്പെടുത്തുന്നത്. കൃഷിക്കാരിൽ നിന്നും സംഭരിക്കുന്നതിനു പ്രാദേശിക സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കടകളുടെ ശൃംഖല ആരംഭിക്കും.** കൃഷിക്കാർക്ക് തത്സമയം തന്നെ അക്കൗണ്ടിലേക്ക് പണം നൽകും. രണ്ടാം കുട്ടനാട് വികസന പാക്കേജിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കാലാവസ്ഥാ അനുയോജ്യ കൃഷിരീതി മൺറോതുരുത്തിലും കുട്ടനാട്ടിലും ഉദ്ഘാടനം ചെയ്തു. 589 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ പദവി നല്കി.

## പരമ്പരാഗത വ്യവസായങ്ങൾ

കയർ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50 ശതമാനം വർദ്ധനവ് നേടും. ഈ നൂറു ദിവസക്കാലയളവിൽ ഓരോ ദിവസവും ഒരു യന്ത്രവത്കൃത ഫാക്ടറി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. തൊഴിലാളികളുടെ കൂലി പരമ്പരാഗത മേഖലയിൽ 350 രൂപയായിരിക്കുന്നത് യന്ത്രവത്കൃത മേഖലയിൽ ശരാശരി 500 രൂപയായി ഉയർന്നു. കശുവണ്ടി മേഖലയിൽ 3,000 തൊഴിലാളികൾക്കു കൂടി കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ തൊഴിൽ നൽകും. പനമ്പ്, കയർ കോമ്പോസിറ്റ് ബോർഡുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിക്കുകയാണ്.

## തീരദേശവും മത്സ്യത്തൊഴിലാളികളും

സംസ്ഥാനത്തിന്റെ തീരമേഖലയിലാകെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. മത്സ്യഫെഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയാണ്. തീരദേശത്തെ മുഴുവൻ സർക്കാർ സ്കൂളുകളുടെയും 60 മത്സ്യ മാർക്കറ്റുകളുടെയും പുനർനിർമ്മാണം ആരംഭിക്കുകയാണ്. 69 തീരദേശ റോഡുകളാണ് ഈ ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

## വ്യവസായവും ടൂറിസവും

പാലക്കാട്ടെയും ചേർത്തലയിലെയും മെഗാഫുഡ് പാർക്കുകൾ ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. ഇവയ്ക്കുപുറമെ ഒറ്റപ്പാലം പ്രതിരോധ പാർക്കുകൂടി ഉദ്ഘാടനം ചെയ്യപ്പെടും. കേരള സെറാമിക്സിന്റെ നവീകരിച്ച പ്ലാൻറുകൾ, ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ വൈവിധ്യവത്ക്കരണം എന്നിവയും യാഥാർത്ഥ്യമാവുകയാണ്. തിരുവനന്തപുരം മെഡിക്കൽ ഡിവൈസ് പാർക്ക്, പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, കുണ്ടറ സിറാമിക്സിൽ മൾട്ടി പർപ്പസ് പാർക്ക്, നാട്ടുകാണി ടെക്സ്റ്റയിൽ പ്രോസസിംഗ് സെന്റർ എന്നിവയ്ക്ക് ഈ കാലയളവിൽ തറക്കല്ലിട്ട് നിർമ്മാണം ആരംഭിക്കുന്നു. വിവിധ ജില്ലകളിലായി 66 ടൂറിസം പദ്ധതികളാണ് 100 ദിവസത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

## സംസ്കാരവും കായികവും

ആലപ്പുഴയിലെ ഹെറിറ്റേജ് മ്യൂസിയമുൾപ്പെടെയുള്ള മ്യൂസിയങ്ങളുടെയും ആർട്ട് ഗ്യാലറികളുടെയും പ്രവർത്തനം ഈ ഘട്ടത്തിൽ ആരംഭിക്കുകയാണ്. കൂത്തുപറമ്പ്, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയങ്ങളടക്കം 10 സ്പോർട്സ് സ്റ്റേഡിയങ്ങൾ ഉദ്ഘാടനം ചെയ്യും.

## പട്ടികജാതി-പട്ടികവർഗ്ഗം

പട്ടികജാതി മേഖലയിൽ 6,000 പഠനമുറികൾ, 1,000 സ്പിൽ ഓവർ വീടുകൾ, 3,000 പേർക്ക് ഭൂമി വാങ്ങാൻ ധനസഹായം, 700 പേർക്ക് പുനരധിവാസ സഹായം, 7000 പേർക്ക് വിവാഹധനസഹായം എന്നിവയാണ് ഈ നൂറു ദിവസങ്ങൾക്കുള്ളിൽ ലക്ഷ്യമിടുന്നത്. 5 ഹോസ്റ്റലുകൾ, 4 ഐറ്റി.ഐ.കൾ, 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നവീകരണം പൂർത്തിയാക്കിയിരിക്കുകയാണ്. എല്ലാവിധ സ്കോളർഷിപ്പുകളും ഈ ഘട്ടത്തിൽ കുടിശികയില്ലാതെ നൽകുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നാല് മെട്രിക് ഹോസ്റ്റലുകളുടെ ഉദ്ഘാടനം നിർവഹിച്ചുകഴിഞ്ഞു.

## പാർപ്പിടം

ലൈഫ് മിഷന്റെ ഭാഗമായി ഇതുവരെ 2,25,750 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ നൂറു ദിവസങ്ങളിൽ 25,000 വീടുകൾ കൂടി പൂർത്തിയാക്കും. 30 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്യും.

## കുടുംബശ്രീ

ഭക്ഷണമില്ലാതെ നമ്മുടെ നാട്ടിലാരും അന്തിയുറങ്ങരുത് എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആരംഭിക്കുന്ന 1,000 ജനകീയ ഹോട്ടലുകൾ തുടങ്ങുന്ന പദ്ധതി ഈ ഘട്ടത്തിൽ പൂർത്തിയാക്കുകയാണ്. 300 കോടി രൂപ പലിശ രഹിത സബ്സിഡി വിതരണം ചെയ്യുകയാണ്. ഹരിത കർമ്മസേനകളോട് യോജിച്ച് 1,000 ഹരിത സംരംഭങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിടത്ത് 1,261 പച്ചത്തുരുത്തുകൾ യാഥാർത്ഥ്യമായിട്ടുണ്ട്.

## മറ്റു പരിപാടികൾ

വൻകിട പശ്ചാത്തല സൗകര്യ പദ്ധതികളുടെ ഭാഗമായ ഗെയിൽ പൈപ്പ്ലൈൻ ഈ ഘട്ടത്തിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. വയനാട് തുരങ്കപാതയുടെ പ്രോജക്ട് ലോഞ്ചിങ്ങ് നിർവഹിച്ചിട്ടുണ്ട്. പ്രളയാഘാതശേഷി താങ്ങുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണോദ്ഘാടനം നടത്തിക്കഴിഞ്ഞു. ശംഖുമുഖം തീരദേശ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം നടത്തി 2021 ഫെബ്രുവരിക്കു മുമ്പായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയാണ്.

സംസ്ഥാനത്തെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്ന ജലജീവൻ മിഷന് തുടക്കം കുറിച്ചിരിക്കുകയാണ്. അതിഥിത്തൊഴിലാളികൾക്ക് വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന 'ഗസ്റ്റ് വർക്കർ ഫ്രണ്ട്‌ലി റസിഡന്റ്സ് ഇൻ കേരള' ഉദ്ഘാടനം ചെയ്യും. ശബരിമലയിൽ 28 കോടി രൂപയുടെ മൂന്നു പദ്ധതികൾ പൂർത്തീകരിക്കുകയാണ്. നിലയ്ക്കലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്യും.

നമ്മുടെ സംസ്ഥാനത്തെ യുവാക്കൾക്ക് വിവിധ മേഖലങ്ങളിൽ നേതൃപാടവം കൈവരിക്കാൻ ആവശ്യമായ പരിശീലനം നൽകാൻ പല മേഖലകളിലേയും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് കോഴ്സുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി ആരംഭിക്കുകയാണ്.

നൂറു ദിവസങ്ങൾകൊണ്ട് ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നു എന്നു വ്യക്തമാക്കുന്നതിനേക്കാളുപരി ഏതെല്ലാം മേഖലകളെ അവ ഗുണകരമായി സ്വാധീനിക്കുമെന്ന് വ്യക്തമാക്കാനായി ചില ഉദാഹര ണങ്ങൾ സൂചിപ്പിക്കുക മാത്രമാണ് ചെയ്തത്. ഇത്തരത്തിൽ കേരളത്തിന്റെ സമസ്ത മേഖലകളെയും മാറ്റിമറിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സർക്കാർ നടപ്പാക്കുന്നത്. ഇവയൊക്കെത്തന്നെ ഈ മഹാമാരിയുടെ നടുവിൽ കേരള ജനത അനുഭവിക്കാൻ ഇടയാകാവുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനോടൊപ്പം നാടിന്റെയാകെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും ഉപകരിക്കും. **അങ്ങനെ സാമൂഹ്യ നീതിയിലധിഷ്ഠിതവും സർവ്വതലസ്പർശിയുമായ വികസനം യാഥാർത്ഥ്യമാക്കിക്കൊണ്ട് കോവിഡ് ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും നവകേരളമെന്ന ലക്ഷ്യത്തിലേക്കടുക്കു കയാണ് നാം.**

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org